
ഒക്ടോബർ 2021
Price ₹ 25
ജീവനും വെളിച്ചവും
വെറും അനുഷ്ഠാനങ്ങളാകുന്ന
പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ്
അനുഭവങ്ങളാകുന്ന
പുതിയ മനുഷ്യനെ ധരിക്കുക

## The pearl of the Latin Archdiocese
## Moulding Quality Educators for more than a decade




# ST JACOBS TRAINING COLLEGE (B. ED.)

Menamkulam, Kazhakuttom P.O., Thiruvananthapuram - 695582
Phone : 0471-2704251
E-mail : stjacobsbedcollege@yahoo.co.in, Website : www.stjacobsbed.ac.in

**B. Ed. optionals:**
**English, Malayalam, Mathematics,**
**Natural Science, Physical Science & Social Science**

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2021 ഒക്ടോബർ
പുസ്തകം - 45 ലക്കം - 10
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)



ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
സിസ്റ്റർ റീന




# നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ

അക്രമമോ, അക്രമഭീഷണിയോ ഉപയോഗിച്ച് രാഷ്ട്രീയമോ, പ്രത്യയശാസ്ത്രപരമോ മതപരമോ ആയ ലക്ഷ്യങ്ങളിലേക്ക് സമൂഹത്തെ നയിക്കുക എന്നതാണ് തീവ്രവാദത്തെക്കുറിച്ചുള്ള നിർവചനം. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും, മാവോയിസ്റ്റ് സാന്നിധ്യമുള്ള സംസ്ഥാനങ്ങളിലും നടക്കുന്ന സമാനസ്വഭാവമുള്ള പ്രവർത്തനങ്ങൾക്ക് രാഷ്ട്രീയവും, പ്രത്യയശാസ്ത്രപരവുമായ ലക്ഷ്യങ്ങളുണ്ടെന്ന് പറയാമെങ്കിൽ കേരളത്തിലിന്ന് നടക്കുന്ന ആരോപണ പ്രത്യാരോപണങ്ങൾ മതപരമായ തീവ്രവാദത്തെ സംബന്ധിച്ചാണ്.

കേരളത്തിലും കർണാടകയിലും ഇസ്ലാമിക സ്റ്റേറ്റ് തീവ്രവാദികളുടെ സ്ലീപ്പിംഗ് സെല്ലുകളുണ്ടെന്ന് പറഞ്ഞത് ഇന്ത്യയിലെ സർക്കാരുകൾക്ക് കീഴിലുള്ള അന്വേഷണ ഏജൻസികളോ, ഉദ്യോഗസ്ഥരോ അല്ല. 2020 ൽ പുറത്തിറങ്ങിയ ഐക്യരാഷ്ട്ര സഭയുടെ റിപ്പോർട്ടിലാണിക്കാര്യമുള്ളത്. കേരള പോലീസ് മേധാവിയുടെ വിരമിക്കൽ ദിനത്തിലെ ടി.വി. പരിപാടിയിലും തീവ്രവാദം ശ്രദ്ധപതിയേണ്ട വിഷയമാണെന്നു പറഞ്ഞിരുന്നു. അതിനും നാലുവർഷങ്ങൾക്കുമുൻപ് 2017 ഡിസംബർ 16 ന് അഡീഷണൽ സെക്രട്ടറിയുടെ (ഹോം, വിജിലൻസ്) രഹസ്യ റിപ്പോർട്ടിലും കളക്ടർമാർക്ക് നൽകിയ നിർദ്ദേശങ്ങളിലും കേരളത്തിലെ തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ചും, മുൻകരുതലുകളെക്കുറിച്ചും വ്യക്തമായി പറയുന്നുണ്ട്. കേരളത്തിൽ നിന്നും 21 യുവ എൻജിനീയർമാരും ഡോക്ടർമാരുമുൾപ്പെടെ 25 പേരാണ് ഇസ്ലാമിക് സ്റ്റേറ്റിൽ ചേരാനായി പോയത്. കണ്ണൂരിൽ നിന്നും തീവ്രവാദ ബന്ധമാരോപിച്ച് രണ്ട് വനിതകളെ ഇക്കഴിഞ്ഞ ആഗസ്റ്റ് 17നാണ് അറസ്റ്റുചെയ്തത്. അതിന് രണ്ടാഴ്ച മുൻപാണ് കേരളത്തിലെ തീവ്രവാദ സ്ലീപ്പിംഗ് സെല്ലുകളുടെ സാന്നിധ്യത്തെക്കുറിച്ച് ഗവണ്മെന്റിന് അറിവില്ല എന്ന് ബഹുമാന്യനായ മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചത്.

സമൂഹത്തിന്റെ സുസ്ഥിതിയെയും, സമാധാനത്തേയും ജനത്തിന്റെ ജീവനേയും നശിപ്പിക്കുന്ന ഈ വിഷയത്തെ സംബന്ധിച്ച് രാഷ്ട്ര അധികാരികൾക്കും, ഉദ്യോഗസ്ഥർക്കും, ക്രമസമാധാന പാലകർക്കും, മത-സാമുദായിക നേതാക്കൾക്കും കൃത്യമായ കണക്കുകളും, വിവരങ്ങളും ശ്രദ്ധയും ഉണ്ടാകുകയും ഇക്കാര്യത്തിൽ പൊതു സമൂഹത്തിന്റെ അജ്ഞതയോ, ബോധപൂർവമായ മൂടിവയ്ക്കലോ നമ്മെ സഹായിക്കില്ല എന്ന തിരിച്ചറിവ് ഉണ്ടാവുകയാണ് വേണ്ടത്.

ടി.വി-സമൂഹ മാധ്യമങ്ങളിലെ പോർവിളികളല്ലാതെ ഈ സുപ്രധാന വിഷയത്തിൽ പരസ്പര ബഹുമാനത്തോടെയുള്ള സംവാദനം നടക്കണം, അതിനേക്കാളുപരി ഈ ക്യാൻസറിനെ മുറിച്ചുമാറ്റി ചികിത്സിക്കാനുള്ള ആർജ്ജവവും അധികാരികൾ കാട്ടണം.

മതങ്ങളെ, ഹിന്ദുമതത്തേയോ ഇസ്ലാമതത്തെയോ ക്രൈസ്തവമതത്തെയോ തീവ്രവാദവുമായും അതിനെ വിശേഷിപ്പിക്കുന്ന പദങ്ങളുമായും കൂട്ടിക്കുഴച്ച് മതസ്പർധയാണെന്നും വർഗീയതയാണെന്നും പറഞ്ഞ് ചർച്ച ചെയ്യുമ്പോൾ യഥാർത്ഥ വിഷയത്തിലേക്കും തീവ്രവാദത്തിന്റെ വിഷലിബ്ദതയിലേക്കുമാണ് ശ്രദ്ധ പതിയാതെ പോകുന്നത്. ക്രിസ്തു ശിഷ്യന്മാരോട് പറഞ്ഞത് ശ്രദ്ധാപൂർവമാണ് വായിക്കേണ്ടത് "നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ."

- പത്രാധിപർ

# പ്രതികരണങ്ങൾ




## വേണ്ടത് കൂട്ടായ പരിശ്രമം

'തീവ്രവാദം അമേരിക്ക വഴി അഫ്ഗാനിലെത്തുമ്പോൾ' ലേഖനം നന്നായിരുന്നു. ന്യൂയോർക്കിലെ ലോക വ്യാപാര കേന്ദ്രത്തിൽ നടന്ന ഭീകരയുദ്ധത്തിന് രണ്ടു പതിറ്റാണ്ടാകുമ്പോഴും ലോകമെങ്ങും ഭീകരർ നിഴൽ യുദ്ധം നടത്തുകയാണ്. അഫ്ഗാനിലെ താലിബാൻ ഭരണകൂടവും ആഗോള തീവ്രവാദത്തിന്റെ പെറ്റമ്മും പോറ്റമ്മയുമായ പാകിസ്ഥാനും ചേരുമ്പോൾ ആഗോള തീവ്രവാദം അതി തീവ്രമാകും. തീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും തായ്‌വേരറുക്കുവാൻ ലോക രാഷ്ട്രങ്ങൾ തമ്മിൽ കൂട്ടായ പരിശ്രമം അനിവാര്യമാണ്.

**– ജെറാൾഡ് ബി. മിരാൻഡ**
തോന്നയ്ക്കൽ

# നന്ദി ഹൃദയത്തിൽ നിന്ന്...



ജീവനും വെളിച്ചവും എല്ലാ മാസവും കിട്ടുന്നുണ്ട്. നന്ദി ഹൃദയത്തിൽ നിന്ന് പറയട്ടെ.

ലേഖനങ്ങൾ ആഴമുള്ളത്. ഉൾക്കാഴ്ചകൾ ഈടുറ്റത്. വിപ്ലവാത്മകമായ പുതിയ നിയമശൈലിയെ സാധാരണ ജനത്തിന് പരിചയപ്പെടുത്തുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

**– ബിഷപ്പ് സെബാസ്റ്റ്യൻ എടയന്ത്രത്ത്**
ബിഷപ്പ് ഓഫ് മാണ്ഡ്യ.

# സെപ്തംബർ ലക്കത്തെക്കുറിച്ച്

15 മാസത്തെ ഒരു നീണ്ട ഇടവേളയ്ക്കു ശേഷം ജീവനും വെളിച്ചവും മാസിക രണ്ടുമാസമായി അതിന്റെ പുനഃപ്രസിദ്ധീകരണം ആരംഭിച്ചിരിക്കുകയാണ്. ഓൺലൈൻ എഡ്യൂക്കേഷൻ എന്ന കവർ പേജോടുകൂടി പുറത്തിറങ്ങിയ സെപ്തംബർ പതിപ്പിൽ 13 ലേഖനങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. കവർപേജ് സൂചിപ്പിക്കുന്നത് പോലെ തന്നെ ആദ്യത്തെ ലേഖനം കൊറോണക്കാലത്ത് വിദ്യാർത്ഥികൾക്ക് നൽകിയ ഓൺലൈൻ വിദ്യാഭ്യാസത്തെക്കുറിച്ചും അതിന്റെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും വ്യക്തമായി പരാമർശിച്ചിരിക്കുന്നു. ഡി. അനിൽ കുമാറിന്റെ 'കരുതിയിരിക്കുക' എന്ന കവിത മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പ്രശ്നങ്ങളെ പ്രതിഫലിപ്പിച്ചിരിക്കുന്നു. ഇന്ന് പല സാമൂഹിക മാധ്യമങ്ങളും ചർച്ച ചെയ്യാൻ മടിക്കുന്ന വിഷയമാണ് തീവ്രവാദം. എന്നാൽ ചരിത്രത്തിൽ ചുവന്ന അക്ഷരങ്ങൾ കൊണ്ട് രേഖപ്പെടുത്തിയ 9/ 11 ഭീകരാക്രമണവും സമകാലിക സമൂഹത്തിലെ ഭീകരാക്രമണത്തിന്റെ . വിവിധ മുഖങ്ങളെ കുറിച്ചും അത് ഭാവിതലമുറയെ എങ്ങനെ ബാധിക്കാൻ പോകുന്നു എന്നും എല്ലാം' തീവ്രവാദം അമേരിക്ക വഴി അഫ്ഗാനിസ്ഥാനിൽ എത്തുമ്പോൾ 'എന്ന ലേഖനത്തിൽ പറയുന്നു. സെപ്റ്റംബർ 5 അധ്യാപകദിനം എന്നതിലുപരി വിശുദ്ധ മദർ തെരേസ സമാധാനത്തിനുള്ള നൊബേൽ സമ്മാനം ഏറ്റുവാങ്ങിയ ദിനം കൂടിയാണ്. ഈ ദിവസത്തെ ലോകം ചാരിറ്റി ദിനമായി ആചരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് മദർ തെരേസയെ കുറിച്ച് എഴുതിയ ലേഖനം ഏറെ പ്രശംസാർഹമാണ്. ഫാ. ലെനിൻ ഫെർണാണ്ടസിന്റെ ഉന്മാദികൾ എന്ന കഥയും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ദാമ്പത്യ ജീവിതത്തിലെ പങ്കാളിയുടെ പ്രാധാന്യത്തെക്കുറിച്ച് പറയുന്ന പങ്കാളി എന്ന ലേഖനം ദാമ്പത്യജീവിതത്തെക്കുറിച്ചും അതിന്റെ നല്ല വശങ്ങളെക്കുറിച്ചും വ്യക്തമാക്കുന്നു. മത്സ്യ കച്ചവടക്കാരായ വനിതകൾക്ക് നേരെ നിയമപാലകരും മറ്റ് അധികൃതരും നടത്തിയ ക്രൂരതയെ പരാമർശിച്ചുള്ള ലേഖനവും ഈയിടയ്ക്ക് പുറത്തിറങ്ങിയ ഹോം എന്ന ചലച്ചിത്രത്തെക്കുറിച്ചുള്ള അവലോകനവും ഏറെ ശ്രദ്ധേയമായിരുന്നു.

**– ബി. നീതു**

# മാസിക അച്ചടിരൂപത്തിൽ കിട്ടിയപ്പോൾ

വളരെയേറെ നാളുകൾക്കുശേഷം അച്ചടിച്ചുകിട്ടിയ ജീവനും വെളിച്ചവും മാസിക വായിക്കാൻ സാധിച്ചു. കോവിഡ് കാലയളവിൽ പിഡിഎഫ് രൂപേണ ഓൺലൈൻ മാധ്യമത്തിലൂടെ ലഭിച്ച മാസികയുടെ പതിപ്പ് ഏറെ താല്പര്യത്തോടെയാണ് വായിച്ചത്. വീടിന്റെ അകത്തളങ്ങളിൽ നമ്മെ പൂട്ടിയിട്ട മഹാമാരി കാലയളവ് വായനയ്ക്കും കുടുംബത്തിനുള്ളിലെ വ്യക്തിത്വ വികാസത്തിനും ഏറെ പ്രയോജനപ്രദമായ ഒന്നുതന്നെയായിരുന്നു. ജീവനും വെളിച്ചവും മാസികയിൽ വിശുദ്ധരുടെ ജീവചരിത്രവും പച്ചയായ ജീവിത യാഥാർഥ്യങ്ങളും തുറന്നുകാട്ടുന്ന ലേഖനങ്ങൾ നമ്മയുടെ വ്യക്തിത്വത്തെ വളർത്തിയെടുക്കാൻ ഏറെ പ്രയോജനപ്രദമായവ തന്നെയാണ്. കൂടാതെ കത്തോലിക്കാസഭയിലെ സാധാരണക്കാരായ മനുഷ്യജീവിതങ്ങൾ നേരിടേണ്ടിവരുന്ന വെല്ലുവിളികൾക്കെതിരെ ശബ്ദമുയർത്താനും തൂലിക ചലിപ്പിക്കാനും സുമനസ്സ് കാട്ടിയ വ്യക്തിത്വങ്ങളുടെ നല്ല മനസ്സിനെ എടുത്തുപറയേണ്ടതുണ്ട്. അതുപോലെ കുട്ടികൾ കോവിഡ് കാലത്ത് നേരിടേണ്ടിവരുന്ന മാനസിക സമ്മർദ്ദങ്ങളേയും, പഠന സംവിധാനങ്ങളെയും പറ്റിയുള്ള പഠനവും അഭിപ്രായങ്ങളും മികച്ചവ തന്നെ. ഇതിനോടൊപ്പം ചേർത്തു പറയേണ്ട ഒന്ന് പുതുതലമുറയുടെ വീക്ഷണത്തിനൊത്ത് സിനിമ അവലോകനം നടത്തുന്നതും സിനിമയിൽ ഉൾക്കൊള്ളുന്ന നല്ല മൂല്യങ്ങളെ പരിചയപ്പെടുത്തിയിരിക്കുന്നതും മികച്ചതായി തോന്നി.

**– ടെൽമ**
ജേർണലിസം വിദ്യാർഥി

# താളുകളിൽ


**ഇടയശബ്ദം: അനുഷ്ഠാനങ്ങളാകുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളയുക** 6
ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം

**കവിത: ഞാനറിയുന്ന ഗാന്ധിജി** 8
പോർഷ്യ പരുത്തിയൂർ

**മഹാത്മാഗാന്ധി: മാനവരാശിക്കൊരു പാഠപുസ്തകം** 9
അജിത് വെണ്ണിയൂർ

**ടി. പീറ്റർ വിടവാങ്ങിയിട്ട് ഒരു വർഷം** 11
ഫാ. ജെയിംസ് കുലാസ്

**പുനർഗേഹം പദ്ധതിയും തീരദേശ ജനതയും** 14
അഡ്വ. ഷെറി ജെ. തോമസ്

**വർത്തമാനം** 16
അഗസ്റ്റിൻ കണിപ്പിള്ളി

**നിർമ്മിത ബുദ്ധിയുടെ ലോകം** 18
ഫാ. സുധീഷ്

**കാനോൻ ലോ** 21
ഫാ. ജോസ് ജി.

**നമ്മുടെ കുടുംബപ്രാർത്ഥനയ്ക്ക് എന്തുസംഭവിച്ചു?** 22
എം. ആർക്കാഞ്ചലോ

**ചരിത്രപഥം** 26
ഇഗ്നേഷ്യസ് തോമസ്

**നീർച്ചാലുകൾ** 30

**വചനജ്വാല** 39

**തിരിച്ചറിവ്** 40

**നേർക്കാഴ്ച** 42
ജെ.സി.










# അനുഷ്ഠാനങ്ങളാകുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളയുക



**കോവിഡ്-19 എന്ന മഹാമാരി വിതച്ചുപോയ വേദനാജനകമായ അനുഭവങ്ങളിലൂടെ ദൈവം നൽകുന്ന പാഠം ഉൾക്കൊണ്ട്, വെറും അനുഷ്ഠാനങ്ങളാകുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് അനുഭവങ്ങളാകുന്ന പുതിയ മനുഷ്യനെ ധരിക്കാനുള്ള കൃപാവരത്തിനായി പ്രാർത്ഥിക്കാൻ അതിരൂപത അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ദൈവവിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. വിശ്വാസ സമൂഹത്തിന്റെ ആത്മാർത്ഥതയില്ലാത്തതും പൊള്ളയുമായ ആചാരാനുഷ്ഠാനങ്ങൾ യേശുവിനെ തിരിച്ചറിയാനും അവിടുത്തെ മാർഗനിർദ്ദേശങ്ങളനുസരിച്ച് ജീവിക്കാനും മനുഷ്യനെ സഹായിക്കുന്നില്ലെന്നും ഈ പശ്ചാത്തലത്തിൽ ബ്രഹ്മാണ്ഡമായ ദൈവാലയങ്ങളും ആകർഷണീയമായ ആരാധനയും വെറും നിരർത്ഥകമാണെന്നും ജപമാലമാസത്തോടനുബന്ധിച്ച് നൽകിയ സന്ദേശത്തിൽ ആർച്ച് ബിഷപ്പ് വ്യക്തമാക്കുന്നു. സന്ദേശം ഇങ്ങനെ തുടരുന്നു:**

ഒക്ടോബർ മാസത്തിന്റെ പ്രത്യേകതയിലേക്കൽക്കൂടി നിങ്ങളുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. അതിരൂപതാമദ്ധ്യസ്ഥയായവിശുദ്ധകൊച്ചുത്രേസ്യയുടെ തിരുനാളോടുകൂടിയാണ് ഒക്ടോബർ മാസം സമാരംഭിക്കുന്നത്. ഇതോടനുബന്ധിച്ച് അതിരൂപതയുടെ ഭദ്രതയ്ക്കും കെട്ടുറപ്പിനും വിശുദ്ധീകരണത്തിനുമായി പ്രത്യേകം പ്രാർത്ഥിക്കുകയും നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്ന ഒരു അവസരമാണിത്. ജപമാല രാജ്ഞിയുടെ തിരുനാളാഘോഷിക്കുന്ന ഈ മാസം മുഴുവനും ജപമാല ഭക്തിയിൽ വളരുവാനും അത് പ്രചരിപ്പിക്കുവാനും നാം പരിശ്രമിക്കുന്നു. ഒക്ടോബർമാസംഅവസാനം ആഗോളസഭയോടൊപ്പം നാം മിഷൻ ഞായർ ആചരിക്കുകയും പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുകയും പരിഹാരപ്രവൃത്തികളിലൂടെയും സാധ്യമായസംഭാവനകളിലൂടെയും ആവുന്നത്ര സഹകരിക്കുകയുംചെയ്യുന്നു.

കൊറോണാവൈറസിന്റെ പശ്ചാത്തലത്തിൽതന്നെയാണ് ഇത്തവണയും നാം ജപമാലമാസം ആചരിക്കുന്നത്. എല്ലാതലങ്ങളിലും ലോകത്തെ മുഴുവനും പിടിച്ചു കുലുക്കിയ ഈ മഹാമാരിയുടെ പിടിയിൽനിന്നും നാം ഇനിയും വിമുക്തരായിട്ടില്ല. ഇതുകാരണം അനുദിന ജീവിതചര്യകളിലും

ആദ്ധ്യാത്മിക ജീവിതത്തിലും കുറെയേറെ മാറ്റങ്ങൾ വരുത്താൻ നാം നിർബ്ബന്ധിതരായിത്തീർന്നു. ലോകമാസകലം ഭീതിപരത്തിയ നാളുകളിലൂടെ കടന്നുപോവുകയായിരുന്നു. ഒറ്റപ്പെടലുകളെക്കാളേറെ ജീവിതത്തിന്റെതാളം തെറ്റിച്ച അനുഭവങ്ങളിലൂടെയും അവയെക്കുറിച്ചുള്ള നിരവധി ആശങ്കകളിലൂടെയുംഉത്കണ്ഠകളിലൂടെയും നാം കടന്നുപോവുകയായിരുന്നു. ശാസ്ത്രജ്ഞന്മാരും ഗവേഷകരും അവരുടെ അശ്രാന്ത പരിശ്രമത്തിലൂടെ വാക്സിൻ കണ്ടുപിടിച്ചെങ്കിലും എന്നാണ് ഈ മഹാമാരിക്ക് ഒരു ശമനമുണ്ടാകുന്നതെന്ന് ആർക്കും പ്രവചിക്കാനാവാത്ത ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. കൊറോണ വൈറസ് തിരമാലകളെപ്പോലെ ഒന്നിനുപുറകെ ഒന്നായി പുതിയ പുതിയ രൂപത്തിലും ഭാവത്തിലും ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നു.

അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെട്ട ഈ മഹാമാരികാരണംഎളുപ്പം പരിഹരിക്കാനാവാത്ത സാമ്പത്തികതകർച്ചയും തൊഴിലില്ലായ്മയും പട്ടിണിയും ദുരിതവുമാണ് ലോകരാഷ്ട്രങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നത്. പുതുക്കിപ്പണിത പത്തായപ്പുരകളിൽഎല്ലാം സംഭരിച്ചുവച്ചതിനുശേഷം എന്നും സുഖമായി ജീവിക്കാമെന്ന് കരുതുന്നത് തികച്ചും ഭോഷത്തമാണെന്ന് കൊറോണാവൈറസ് നമ്മെ പഠിപ്പിച്ചു (cfr. ലൂക്ക. 12, 20) ആർത്തിയോടുകൂടി വെട്ടിപ്പിടിച്ച അധികാരവും പണവും സ്ഥാനമാനങ്ങളും പ്രശസ്തിയും ജീവിത സൗകര്യങ്ങളുമെല്ലാം നിലനിൽക്കുന്നതല്ലെന്നും നിമിഷനേരംകൊണ്ട് അപ്രത്യക്ഷമാകുമെന്നും ഈ മഹാമാരി നമുക്ക് കാണിച്ചുതന്നു.

ജീവിത ക്ലേശങ്ങളാൽ മനംമടുത്ത് കുറെയേറെ ആശങ്കകളോടും വ്യഗ്രതകളോടുംകൂടെ യേശുവിനെ സമീപിക്കുന്ന ആയിരങ്ങളെ സുവിശേഷത്തിൽ നാം കാണുന്നുണ്ട്. എല്ലാവരെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന യേശുവിനെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് അനുകമ്പയുള്ളവനായിട്ടാണ്! "അവരോട് അവന് അനുകമ്പതോന്നി" (മാർ. 6, 34). നമ്മെ ആശ്വസിപ്പിക്കുവാനായി അനുകമ്പയോടെ നമ്മെനോക്കുന്ന യേശു ഇന്നും നമ്മുടെമദ്ധ്യേവസിക്കുന്നുണ്ട്.

മഹാമാരി പൊട്ടിപ്പുറപ്പെട്ട ആദ്യനാളുകളിൽഉത്തര വാദിത്വപ്പെട്ടവർ ഏറ്റവുമധികം ഭയപ്പെട്ടത് തീരദേശങ്ങളിൽ തിങ്ങിപ്പാർക്കുന്ന നമ്മുടെ ജനങ്ങളെയാണ്. എന്നാൽ സ്ഥിതിവിവര കണക്കുകൾ വ്യക്തമാക്കുന്നത് തീരദേശങ്ങളിൽ ഈ മഹാമാരിക്ക് ഇരയായവർ താരതമ്യേന കുറവെന്നാണ്. പലരും പ്രവചിച്ചതുപോലെ കൂട്ടമരണങ്ങളൊന്നും ഇവിടെ സംഭവിച്ചിട്ടില്ല. ഇതിനുകാരണം നമ്മുടെ മദ്ധ്യേയുള്ള യേശുവിന്റെ സാന്നിദ്ധ്യവും അനുകമ്പയോടുള്ള അവിടുത്തെ നോട്ടവുമാണെന്ന്ഞാൻവിശ്വസിക്കുന്നു. ഇതിൽ നാം ഒരിക്കലും അഹങ്കരിക്കരുത്. തുടർന്നും ഉത്തരവാദിത്വപ്പെട്ടവർ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ട് ഈ മഹാമാരിയെ അതിജീവിക്കാൻ സഹകരിക്കുകയാണ് വേണ്ടത്.

അടച്ചിട്ട ദേവാലയങ്ങളും ജനരഹിതമായ ആരാധനയും നമ്മെ വേദനിപ്പിച്ചു. എന്നാൽ ഇതിലൂടെ യേശു നമ്മെ പഠിപ്പിക്കാനാഗ്രഹിച്ച പാഠം മനസ്സിലാക്കുവാൻ നാം ശ്രമിച്ചോ? നൂറ്റാണ്ടുകൾക്കുമുമ്പ് ഏശയ്യാ പ്രവാചകനിലൂടെ ദൈവം അരുൾ ചെയ്തു: "നിങ്ങളുടെ നിരവധിയായ ബലികൾ എനിക്കെന്തിന്?.... വ്യർത്ഥമായ കാഴ്ചകൾ ഇനിമേൽ അർപ്പിക്കരുത്.... നിങ്ങളുടെ അനീതി നിറഞ്ഞ ഉത്സവങ്ങൾ എനിക്ക്സഹിക്കാനാവില്ല.... നിങ്ങളെ ത്തന്നെ കഴുകി വൃത്തിയാക്കുവിൻ. നിങ്ങളുടെ ദുഷ്കർമ്മങ്ങൾ എന്റെ സന്നിധിയിൽനിന്നും നീക്കിക്കളയുവിൻ... നന്മ പ്രവർത്തിക്കാൻശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതിചെയ്യുവിൻ" (ഏശയ്യ 1, 11-17). സംവിധാനങ്ങൾക്ക് നമുക്ക് കുറവൊന്നുമില്ല. സുവിശേഷ പ്രഘോഷണങ്ങളും ആരാധനാനുഷ്ഠാനങ്ങളും കൂദാശകളും കൂട്ടായ്മകളും ശുശ്രൂഷകളും നമുക്ക് ധാരാളമായുണ്ട്. ഇത്തരം സംവിധാനങ്ങളെല്ലാം അനുകമ്പാർദ്രമായി നമ്മെ നോക്കുന്ന യേശുവിനെ തിരിച്ചറിയാനും അവിടുത്തെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ജീവിതം ക്രമീകരിക്കാനും നമ്മെസഹായിച്ചിട്ടുണ്ടോ? ഇവയെല്ലാം ക്രമേണ അനുഭവങ്ങൾക്കു പകരം വെറും അനുഷ്ഠാനങ്ങളായി തരംതാഴ്ന്നുപോയില്ലെ? വർഷങ്ങളായി ക്രിസ്തീയജീവിതം നയിക്കുന്നുവെന്ന്അവകാശപ്പെടുന്ന നമുക്ക് അപരന്റെ ചെറിയൊരുതെറ്റുപോലും ക്ഷമിക്കാൻ സാധിക്കുന്നില്ലെങ്കിൽ ബ്രഹ്മാണ്ഡമായ ദേവാലയങ്ങളും ആകർഷണീയമായ ആരാധനയും അർത്ഥശൂന്യമായിരിക്കും. മഹാമാരിയെ അതിജീവിക്കാൻ ഫ്രാൻസിസ് പാപ്പയോടൊപ്പം ദിവസവും നാം ഇപ്രകാരം നമ്മുടെ സ്വർഗ്ഗീയമാതാവിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കാറുണ്ട്: "അമ്മേ, കാനായിലെകല്യാണ വിരുന്നിലെന്ന പോലെ ഈ പരീക്ഷണസമയത്തിനു ശേഷംസന്തോഷവുംആഘോഷവുംതിരിച്ചുകൊണ്ടുവരാൻഞങ്ങളെസഹായിക്കണമേ." ഇവിടെഎല്ലാം പഴയതുപോലെതിരിച്ചുകൊണ്ടുവരാനല്ല, വെറും അനുഷ്ഠാനങ്ങളാകുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് അനുഭവങ്ങളാകുന്നപുതിയ മനുഷ്യനെ ധരിക്കാനുള്ള ഒരു ഉയിർത്തെഴുന്നേൽപ്പിനായിട്ടാണ് നാം പ്രാർത്ഥിക്കുന്നത്.

**മഹാമാരി പൊട്ടിപ്പുറപ്പെട്ട ആദ്യനാളുകളിൽ ഉത്തരവാദിത്വപ്പെട്ടവർ ഏറ്റവുമധികം ഭയപ്പെട്ടത് തീരദേശങ്ങളിൽ തിങ്ങിപ്പാർക്കുന്ന നമ്മുടെ ജനങ്ങളെയാണ്. എന്നാൽ സ്ഥിതിവിവരകണക്കുകൾ വ്യക്തമാക്കുന്നത് തീരദേശങ്ങളിൽ ഈ മഹാമാരിക്ക് ഇരയായവർതാരതമ്യേന കുറവെന്നാണ്. പലരും പ്രവചിച്ചതുപോലെ കൂട്ടമരണങ്ങളൊന്നും ഇവിടെ സംഭവിച്ചിട്ടില്ല. ഇതിനുകാരണം നമ്മുടെ മദ്ധ്യേയുള്ള യേശുവിന്റെ സാന്നിദ്ധ്യവും അനുകമ്പയോടുള്ള അവിടുത്തെ നോട്ടവുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതിൽ നാം ഒരിക്കലും അഹങ്കരിക്കരുത്.**

പ്രശ്നങ്ങളും പ്രതിസന്ധികളുമില്ലാത്ത മനുഷ്യരാരുമില്ല. വിശുദ്ധരെല്ലാംവലിയ പ്രതിസന്ധികളിലൂടെകടന്നുപോയവരാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെഏഴുവ്യാകുലങ്ങൾ

ജീവിതകാലം മുഴുവനും അമ്മയെ ആവരണം ചെയ്തിരുന്ന മഹാമാരികളെയാണ് സൂചിപ്പിക്കുന്നത്. വി. കൊച്ചുത്രേസ്യയുടെ ജീവിതവും വേദനകൾ നിറഞ്ഞതായിരുന്നു. അമ്മയുടെ മരണവും അപ്പന്റെ തീരാരോഗവും മഠത്തിനുള്ളിലെ തെറ്റിദ്ധാരണകളും തുടർച്ചയായ ചികിത്സയും വിശുദ്ധയുടെ 24–ാംവയസ്സിലെമരണവും ജീവിതകാലംമുഴുവനും നീണ്ടുനിന്ന മഹാമാരിക്കുതുല്യമായിരുന്നു. എങ്കിലുംവിശുദ്ധരാരും പ്രതിസന്ധികളെ ഭയന്ന്അവയിൽനിന്നും ഒളിച്ചോടുന്നവരായിരുന്നില്ല. വിശ്വാസത്തിൽ ഉറച്ചുനിന്ന് ഈ പ്രതിസന്ധികളെ നേരിടുകയുംഅതിജീവിക്കുകയുംചെയ്തതുകാരണംമറിയം ഭാഗ്യവതിയായിത്തീർന്നു. “കർത്താവരുളിചെയ്തകാര്യങ്ങൾ നിറവേറുമെന്ന്വിശ്വസിച്ചവൾ ഭാഗ്യവതി” (ലൂക്കാ. 1, 45). ശിശുസഹജമായ ഹൃദയത്തോടെ സദാദൈവത്തിലാശ്രയിച്ചുകൊണ്ട് പ്രതിസന്ധികളെ നേരിട്ടതുകാരണംവി. കൊച്ചുത്രേസ്യയ്ക്ക് ദൈവത്തെ ആഴമായി അനുഭവിച്ചറിയുവാനും, ദൈവരാജ്യത്തിന് അവകാശിയായിത്തീരുവാനും സാധിച്ചു. പ്രതിസന്ധികളിൽനിന്നും ഒളിച്ചോടാതെ അവയെഅവസരമായികരുതുകയും വിശുദ്ധിയിൽവളരാനുള്ളമാർഗ്ഗമായി ഉപയോഗിക്കുകയുംചെയ്തുഎന്നതാണ് വിശുദ്ധരുടെ പ്രത്യേകത

പലകുടുംബങ്ങളിലും മന്ദീഭവിച്ചുപോയ ആത്മീയചൈതന്യം ജപമാല ഭക്തിയിലൂടെ വീണ്ടെടുക്കാൻ മരിയ സൈന്യം പോലുള്ള മാതാവിന്റെ ഭക്തസംഘടനകൾ പദ്ധതികൾആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ട ഒരു അവസരമാണിത്. മിഷൻഞായറോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നൽകിയസന്ദേശത്തിന്റെ പ്രസക്തഭാഗങ്ങൾഅന്നേദിവസം ഇടയലേഖനത്തിലൂടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതായിരിക്കും. ഓക്ടോബർ 9–10 തിയതികളിൽ ഫ്രാൻസിസ് പാപ്പ റോമിലും 17–ാംതിയതി ഞായറാഴ്ച രൂപതാദ്ധ്യക്ഷൻമാർ പ്രാദേശിക സഭകളിലുംഉത്ഘാടനം ചെയ്യുന്ന മെത്രാൻമാരുടെസിനഡിന്റെ വിജയത്തിനായും, അടുത്ത രണ്ടുവർഷക്കാലം നമുക്കൊത്തൊരുമിച്ച്കാര്യങ്ങൾ പഠിക്കുകയുംഒന്നിച്ചു പ്രാർത്ഥിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എല്ലാവരുടെയും സഹായസഹകരണങ്ങൾ ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു. ■

## കവിത




**പോർഷ്യ പരുത്തിയൂർ**
പ്ലസ്-വൺ വിദ്യാർഥി


# ഞാനറിയുന്ന ഗാന്ധിജി

അഹിംസയാകും പടവാളേന്തി
സ്വാതന്ത്ര്യം തൻ ലക്ഷ്യവുമായി
ഇന്ത്യൻ ജനതയെ നീതിയിൽ തെളിച്ച്
മുന്നിട്ടിറങ്ങി മഹാത്മാഗാന്ധി

ഇന്ത്യൻ ജനതയെ സ്വതന്ത്രരാക്കാൻ
സ്നേഹം, കരുണ അഹിംസയുമായി
ഉരുകിയെരിഞ്ഞൊരു ധീരാത്മാവ്
ഉപ്പുകുറുക്കി ദേശീയതകാത്തു.

ഭാരതത്തിനെന്നും പ്രചോദനമായി
തൊഴിലധിഷ്ഠിത ജീവിത രീതിയിൽ
ചർക്കയിൽ വസ്ത്രം നെയ്തുണ്ടാക്കി
ലോകത്തിനെന്നുമൊരു മാതൃകയായി

വെള്ളക്കാരാൽ നിന്ദിതനായോൻ
വെണ്മയാർന്നൊരു മാനസൻ
സത്യവും ധർമ്മവും കൈയിലേന്തി
യുദ്ധം ചെയ്തൊരു പുണ്യാത്മാവ്.

അഹിംസയാകും ആയുധമേന്തി
തിന്മകൾക്കെതിരെ പൊരുതിടാൻ
ലോകത്തെ നോക്കി ചൊല്ലിയ മഹാൻ
അത് ഞാനറിയും ഗാന്ധിജി

സത്യത്തിൻ നറുമണമേകിയെന്നും
സത്യത്തിനായി പടവെട്ടിയും
സ്വജീവിതമാകും സന്ദേശമതേകി
കടന്നുപോയൊരാൾ ഗാന്ധിജി.

■



ലേഖനം



# മഹാത്മാഗാന്ധി: മാനവരാശിക്കൊരു പാഠപുസ്തകം

**ഒരു വ്യക്തിയുടെ ജീവിതം ഒരു രാഷ്ട്രത്തിന്റെയും ഒരു കാലഘട്ടത്തിന്റെയും ചരിത്രവുമായി താദാത്മ്യം പ്രാപിക്കുക എന്നത് ലോകചരിത്രത്തിൽ അത്യപൂർവമായി മാത്രം സംഭവിക്കുന്ന ഒന്നാണ്. കഴിഞ്ഞ ഒന്നര നൂറ്റാണ്ടിൽ ലോകം ഇന്ത്യയിൽ ദർശിച്ചത് അതാണ്. മഹാത്മാഗാന്ധിയുടെ ജീവിതം നാൾകഴിയുന്തോറും മാനവരാശിക്കൊരു പാഠപുസ്തകമായി മാറിക്കൊണ്ടിരി ക്കുന്നത് അതുകൊണ്ടുകൂടിയാണ്.**



**അജിത് വെണ്ണിയൂർ**

കൊറോണ എന്ന അദൃശ്യ വിഷാണുവിന്റെ ദംശനമേറ്റ് ലോകവും ഇന്ത്യയും വിറങ്ങലിച്ചുനിൽക്കുന്ന വേളയിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും വിവിധ ഭാഷകളിൽ വിസ്മയത്തോടെ പുനഃപ്രസിദ്ധീകരിക്കുകയും ചെയ്ത ഒരു ലേഖനമുണ്ട്. 'When Gandhi battled an epidemic: His directives on how to contain the South African plague can be useful for Covidhit India' ഹിന്ദുസ്ഥാൻ ടൈംസിൽ 2020 ജൂൺ നാലിന് പ്രസിദ്ധീകരിച്ചതാണത്. എഴുതിയത് പശ്ചിമബംഗാൾ മുൻ ഗവർണറും മഹാത്മാഗാന്ധിയുടെ പൗത്രനുമായ ഗോപാൽകൃഷ്ണഗാന്ധി.

1904–05 കാലഘട്ടത്തിൽ ദക്ഷിണാഫ്രിക്കയിൽ പ്ളേഗ് എന്ന മഹാമാരി പടർന്നുപിടിച്ചപ്പോൾ ഗാന്ധിജി ഡർബനിൽ നിന്ന് ഇംഗ്ലീഷ്, ഹിന്ദി, ഗുജറാത്തി, തമിഴ് എന്നീ നാല് ഭാഷകളിൽ പ്രസിദ്ധീകരിച്ചിരുന്ന തന്റെ പത്രമായ 'ഇന്ത്യൻ ഒപ്പീനിയ'നിൽ 1905 ജനുവരി 16 ന് ഒന്നാം പേജിൽ പത്രാധിപക്കുറിപ്പ് എഴുതിക്കൊണ്ടായിരുന്നു തുടക്കം.

സർക്കാരിന്റെ ആരോഗ്യവിഭാഗവും മുനിസിപ്പൽ അധികൃതരും ഉദാസീനമനോഭാവത്തോടെ നിലകൊണ്ടപ്പോൾ ഗാന്ധിജി തന്റെ സുഹൃത്തുക്കളായ ഡോക്ടർമാരുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ പ്ളേഗ് പ്രോട്ടോകോൾ ആയിരുന്നു ഉള്ളടക്കം. പത്രാധിപക്കുറിപ്പ് തുടങ്ങുന്നതിങ്ങനെയാണ്:

'വീണ്ടും കാർമേഘങ്ങൾ ഉരുണ്ടു

കൂടുന്നു. ഇനിപ്പറയുന്ന നിയമങ്ങൾ മനസ്സിൽ വെച്ചാൽ അത് നമ്മുടെ ജനങ്ങൾക്ക് വലിയ ഗുണം ചെയ്യും. അല്ലാത്തപക്ഷം വലിയ പ്രത്യാഘാതങ്ങളുണ്ടാകും. എന്തിനധികം, നമുക്കെതിരെ കൂടുതൽ കടുത്ത നിയമങ്ങൾ നടപ്പാക്കുന്നതിനുള്ള ഒരു വാദമായി സർക്കാർ അതിനെ ഉപയോഗിക്കുകയും ചെയ്തേക്കാം'. തുടർന്ന് രോഗിയും കുടുംബാംഗങ്ങളും ശ്രദ്ധിക്കേണ്ടതും, ഭക്ഷണക്രമം, വ്യായാമം, കിടപ്പുമുറി സജ്ജീകരണം, ശുചിത്വം തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട 21 ഇന നിർദ്ദേശങ്ങളും പത്രാധിപ കുറിപ്പിൽ ചേർത്തു.

ആ ലേഖനം ദക്ഷിണാഫ്രിക്കയിലെ ഒട്ടുമിക്ക പ്രസിദ്ധീകരണങ്ങളും പുനഃപ്രസിദ്ധീകരിച്ചു. ആരോഗ്യവിഭാഗം അധികൃതർ അത് പ്രചാരണോപാധിയാക്കി. മുന്നറിയിപ്പ് ഏറെ ഗുണം ചെയ്തുവെന്ന് സർക്കാർ തന്നെ രേഖപ്പെടുത്തുകയും ചെയ്തു.

## മാനവരാശിക്കൊരു പാഠപുസ്തകം

ഒരു വ്യക്തിയുടെ ജീവിതം ഒരു രാഷ്ട്രത്തിന്റെയും ഒരു കാലഘട്ടത്തിന്റെയും ചരിത്രവുമായി താദാത്മ്യം പ്രാപിക്കുക എന്നത് ലോകചരിത്രത്തിൽ അത്യപൂർവമായി മാത്രം സംഭവിക്കുന്ന ഒന്നാണ്. കഴിഞ്ഞ ഒന്നര നൂറ്റാണ്ടിൽ ലോകം ഇന്ത്യയിൽ ദർശിച്ചത് അതാണ്. മഹാത്മാഗാന്ധിയുടെ ജീവിതം നാൾകഴിയുന്തോറും മാനവരാശിക്കൊരു പാഠപുസ്തകമായി മാറിക്കൊണ്ടിരി ക്കുന്നത് അതുകൊണ്ടു കൂടിയാണ്.

കൊറോണ എന്ന മഹാമാരിക്ക് പരിഹാരം തേടുന്ന വൈദ്യശാസ്ത്രം ആദ്യം ചെന്നെത്തുന്നത് ശുചിത്വപരിപാലനത്തിലാണ്. വ്യാധികൾ പകരുന്നതിന് പ്രധാനകാരണം തെറ്റായ ജീവിതശൈലിയും ശുചിത്വത്തിന്റെ അഭാവവുമാണെന്ന് ഗവേഷണഫലങ്ങളുടെ അകമ്പടിയൊന്നുമില്ലാതെ തിരിച്ചറിയുകയും പ്രവർത്തിക്കുകയും ചെയ്ത പ്രായോഗികവാദിയായിരുന്നു മഹാത്മാഗാന്ധി.

വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ശുചിത്വത്തിന് ഇത്രയധികം പ്രാധാന്യം നൽകിയ മറ്റൊരു വിശ്വപൗരൻ ഉണ്ടായിട്ടുണ്ടോ എന്ന് സംശയം. സർക്കാരും സമൂഹവും പലകാര്യങ്ങളിലും തീരുമാനമെടുക്കാൻ പ്രയാസപ്പെട്ട് ഉഴലുമ്പോൾ അൽപ്പം പോലും സന്ദേഹമില്ലാതെ കർമരംഗത്ത് ചാടിയിറങ്ങിയ ചരിത്രം ഗാന്ധിജിയുടെ ജീവിതത്തിലുടനീളം നമുക്ക് കാണാൻ കഴിയും. ഏറ്റവും സാധാരണക്കാരന് പ്രയോജനം ചെയ്യുന്ന പരിഹാരം എന്നതായിരുന്നു അക്കാര്യത്തിൽ അദ്ദേഹത്തിന്റെ പ്രഥമമാനദണ്ഡം. അന്ത്യോദയത്തിലൂടെ സർവോദയം അതായിരുന്നു അദ്ദേഹത്തിൻറെ സ്വരാജ് സ്വപ്നം.

## പ്രതിസന്ധിയിൽ പതറാതെ

1896 ൽ ആദ്യമായി ഇന്ത്യയിലും ഡർബനിലും 1904 ൽ ദക്ഷിണാഫ്രിക്കയിൽ രണ്ടാംവട്ടവും പടർന്നുപിടിച്ച പ്ളേഗ് എന്ന മഹാമാരിയെ നേരിടുന്നതിന് സർക്കാരുകളെയും മുൻസിപ്പാലിറ്റികളെയും സജ്ജമാക്കുന്നതിൽ ഗാന്ധിജി കൈക്കൊണ്ട മാർഗങ്ങൾ ഇന്നും സ്മരണീയ മാതൃകകളാണ്. നാട്ടുപ്രമാണിമാരെയും ആരോഗ്യ പ്രവർത്തകരെയും ഉൾപ്പെടുത്തി പ്ളേഗ് പ്രതിരോധ കമ്മിറ്റി രൂപീകരിക്കാൻ അദ്ദേഹം മുൻകൈയെടുത്തു. പാവപ്പെട്ട അയിത്തജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങളിലാണ് രോഗവ്യാപനം കൂടുതലായി കണ്ടത്. ഉന്നത ജാതിയിൽപ്പെട്ട അംഗങ്ങൾ അവിടെ പോകാനറച്ചു. ഗാന്ധിജി എല്ലായിടത്തും ഓടിയെത്തി.

സമ്പന്നരായ യാഥാസ്ഥിതികർ അദ്ദേഹത്തെ വിലക്കി. എന്നാൽ അത് വകവയ്ക്കാതെ അദ്ദേഹം പരിസരശുചീകരണത്തിനും കക്കൂസുകൾ വൃത്തിയാക്കാനും മുന്നിട്ടിറങ്ങി. ഒരേ ഒരു സന്നദ്ധപ്രവർത്തകൻ മാത്രമാണ് അദ്ദേഹത്തോടൊപ്പം പാവപ്പെട്ടവരുടെ കുടിലുകളിൽ പോകാനുണ്ടായത്.

അപൂർവം വീടുകളിൽ മാത്രമേ കക്കൂസ് ഉണ്ടായിരുന്നുള്ളൂ. ഉള്ളവതന്നെ വൃത്തിഹീനവും ഉപയോഗരഹിതവുമായിരുന്നു. ഓരോ വീടും കയറിയിറങ്ങി കക്കൂസുണ്ടാക്കാനും ഉള്ളവ വൃത്തിയാക്കാനും ഗാന്ധിജി മുൻകൈയെടുത്തു. ഇംഗ്ലണ്ടിൽ നിന്ന് ബാരിസ്റ്റർ ബിരുദമെടുത്ത നാട്ടുപ്രമാണിയായ വക്കീൽ തങ്ങളുടെ കുടിലുകളിൽ എത്തിയത് അവരെ അത്ഭുതപ്പെടുത്തി. അയിത്തജാതിക്കാർക്ക് അതൊരു പുതിയ അനുഭവമായിരുന്നു. രണ്ടാഴ്ചക്കാലം അദ്ദേഹം ആ ജോലി തുടർന്നു. പിന്നീടാണ് ആരോഗ്യ പ്രവർത്തകർ അവിടെ സജീവമായത്.

## കരുതലും കാരുണ്യവും

1924 ൽ മലബാറിലുണ്ടായ വെള്ളപ്പൊക്കത്തിൽ സർവതും നഷ്ടപ്പെട്ടവരെ സഹായിക്കാനായി ഗാന്ധിജി അദ്ദേഹത്തിന്റെ 'യങ്ഇന്ത്യ', 'നവജീവൻ' വാരികകളിൽ നിരന്തരം പ്രസിദ്ധീകരിച്ച അഭ്യർഥനകളിലൂടെയും ഇതര സ്റ്റേറ്റ് കോൺഗ്രസ്സുകളിലൂടെയും വൻതോതിൽ പണവും വസ്ത്രവും സാധനങ്ങളും ശേഖരിച്ചെത്തിച്ചു. കേരളത്തിലെ നേതാക്കളോട് ഫോണിലൂടെ, കത്തുകളിലൂടെ ആവശ്യങ്ങൾ അന്വേഷിച്ചറിഞ്ഞ് സഹായിക്കുന്നതിൽ അദ്ദേഹം കാട്ടിയ ജാഗ്രത ആരെയും വികാരഭരിതരാക്കും.

## തപസ്വികൾ എന്നും ജീവിക്കുന്നു

മഹാത്മാഗാന്ധിയുടെ എഴുപതാം പിറന്നാൾ ദിനത്തിൽ മഹാനായ ചിന്തകൻ ഡോ.സർവേപ്പള്ളി രാധാകൃഷ്ണൻ ഇങ്ങനെ എഴുതി:

'ഭൂമിയിൽ മാനവചരിത്രത്തിലെ മഹനീയമായ യാഥാർഥ്യം അവന്റെ ഭൗതികനേട്ടങ്ങളല്ല; അവർ ഉണ്ടാക്കുകയും തകർക്കുകയും ചെയ്ത സാമ്രാജ്യങ്ങളല്ല; സത്യവും നന്മയും ആരാഞ്ഞുകൊണ്ടുള്ള അവന്റെ ആത്മാവിന്റെ കാലാനുഗതമായ വളർച്ചയാണ്. ആത്മാവിന്റെ ഈ സാഹസിക യാത്രയിൽ പങ്കെടുക്കുന്നവർക്ക് മനുഷ്യസംസ്കാരത്തിന്റെ ചരിത്രത്തിൽ സ്ഥാനം ലഭിക്കുന്നു. അനേകം വീരയോദ്ധാക്കളെ ചരിത്രം വിസ്മരിച്ചിട്ടുണ്ടാകാം. പക്ഷേ തപസ്വികൾ ഇന്നും എന്നും ജീവിക്കുന്നു. ഗാന്ധിയുടെ മഹത്വം അദ്ദേഹത്തിന്റെ സധീരമായ പോരാട്ടങ്ങളിലല്ല, സംശുദ്ധമായ ജീവിതത്തിലാണ്. സംഹാരശക്തികൾ താണ്ഡവമാടിയകാലത്ത് ആത്മാവിന്റെ രചനാത്മകമായ ശക്തിയെയും ജീവദത്തമായ ഗുണത്തെയും ഉദ്ദീപിപ്പിച്ചതാണ് അദ്ദേഹത്തിന്റ യഥാർഥ സംഭാവന. ■

ലേഖനം



## കനലൊടുങ്ങാത്ത സമരമുഖത്തുനിന്നും

# ടി. പീറ്റർ വിടവാങ്ങിയിട്ട് ഒരുവർഷം



ഫാ. ജെയിംസ് കുലാസ്

തീരദേശത്തിന്റെ ശബ്ദവും മുഖവുമായിരുന്ന ടി പീറ്റർ എന്ന ഒരു നേതാവിനെ അടയാളപ്പെടുത്താൻ ശ്രമിക്കുമ്പോൾ, അയാളെ രൂപപ്പെടുത്തിയ കാലഘട്ടത്തെയും, ചിന്താധാരകളെയും, സംഘടനകളെയും കുറിച്ച് പറഞ്ഞുകൊണ്ടുതന്നെയാരംഭിക്കാം.

1970 കൾ ലോകചരിത്രത്തിൽ ചില നിർണായക മാറ്റങ്ങൾ ഉണ്ടായ ഒരു ദശകമാണ്. ജനകീയ പ്രസ്ഥാനങ്ങളും കലാ സാഹിത്യദാർശനിക മേഖലകളിൽ വന്ന മാറ്റവും അസ്തിത്വവാദവും (എക്സിസ്റ്റൻഷ്യലിസം) മനുഷ്യന്റെ ജീവിതദർശനത്തിൽ വലിയ മാറ്റം വരുത്തി. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങൾവഴി ഒരു പുതു സമൂഹസൃഷ്ടിക്ക് വേണ്ടിയുള്ള ഉത്തരവാദിത്വം അഥവാ ദൗത്യം സഭ ഏറ്റെടുക്കണമെന്ന ചിന്തപരക്കെ അംഗീകരിക്കപ്പെട്ടു. സഭാ വിശ്വാസികളെ മാത്രമല്ല പൊതുസമൂഹത്തെയും, ഈ കാഴ്ചപ്പാട് വല്ലാണ്ട് സ്വാധീനിച്ചു. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ മനുഷ്യാവകാശത്തിന് വേണ്ടി നിലകൊള്ളണമെന്ന ചിന്ത സഭയിൽ പ്രകടമായി. ഏഷ്യാ, ആഫ്രിക്ക ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ 'വിമോചന ദൈവശാസ്ത്രത്തിന്റെ' ചിന്തകൾ പങ്കുവച്ചുതുടങ്ങി. ദരിദ്രരോട് പക്ഷം ചേരാനുള്ള താല്പര്യം വളർന്നുവന്നു. മൂന്നാം ലോകരാജ്യങ്ങളിൽ തങ്ങളുടെ സാമൂഹ്യ-രാഷ്ട്രീയ ജീവിതത്തെ വിശകലനം ചെയ്യുവാനും ഒരു പുതിയ സാമൂഹ്യക്രമത്തിന് (ദൈവരാജ്യനിർമിതി) വേണ്ടി നിലകൊള്ളുവാനും ശ്രദ്ധിക്കണമെന്ന് ദൈവശാസ്ത്രജ്ഞരിൽ ഒരു വിഭാഗം ശക്തമായ നിലപാടുകൾ സ്വീകരിച്ചു.

ഭാരതീയ സാഹചര്യത്തിൽ മനുഷ്യന്റെ സമഗ്ര വിമോചനത്തിനു വേണ്ടി നിലകൊള്ളണമെന്ന ചിന്തക്ക് ആക്കംകൂടി. കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ വത്തിക്കാൻ പ്രമാണ രേഖകൾ ഗൗരവമായി എടുത്ത് വിവിധ രൂപതകളിലും സന്യാസസഭകളിലും ആഴമായ പഠനം നടത്താനും, അൽമായർക്ക് പരിശീലനം നൽകാനും തീരുമാനിച്ചു.

## തിരുവനന്തപുരത്തെ തീരദേശമേഖലയിൽ

തിരുവനന്തപുരം രൂപതയെ സംബന്ധിച്ചിടത്തോളം ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയുടെ നേതൃത്വത്തിൽ രൂപതയിലെ തീരദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ സമഗ്രവികസനം മുന്നിൽ കണ്ട് തുടക്കം കുറിച്ച 'മരിയനാട് വികസന പദ്ധതി' വലിയൊരു പ്രസ്ഥാനത്തിന് തുടക്കംകുറിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധയൂന്നാതെ മനുഷ്യന്റെ സമഗ്ര വികസനം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കാൻ സാമൂഹ്യ പ്രവർത്തകരായ ഒരു സംഘം അൽമായരെ അദ്ദേഹം ചുമതലപ്പെടുത്തി. മത്സ്യത്തൊഴിലാളി



കളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് വിമുക്തമാക്കാൻ സഹകരണ സംഘങ്ങൾക്ക് രൂപം നൽകുകയും തങ്ങൾക്ക് കിട്ടുന്ന ആദായത്തിന്റെ ഒരു വിഹിതം മിച്ച നിക്ഷേപ പദ്ധതിയിൽ ഇടാനും, ഭാവിയിലെ ആവശ്യങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്താനും പ്രേരിപ്പിച്ചു.

## പി.സി.ഒ. രൂപീകരണം

നളിനി നായ്ക്ക്, ലൊറേറ്റ (ഇറ്റലിയൻ പൗര) യൂജിൻ കുലാസ്, ജോൺ കുര്യൻ തുടങ്ങിയവരുടെ ഒരു വിദഗ്ധ ടീമായിരുന്നു നേതൃത്വം നൽകിയത്. ഇവർ പിൽക്കാലത്ത് പ്രോഗ്രാം ഫോർ കമ്യൂണിറ്റി ഓർഗനൈസേഷൻ (പിസിഒ) എന്ന പേരിൽ ഒരു സന്നദ്ധ സംഘടനയ്ക്ക് രൂപം നൽകുകയും, കൂടുതൽ അംഗങ്ങളെ ചേർക്കുകയും ഇതര തീരഗ്രാമങ്ങളിൽ സഹകരണ സംഘങ്ങൾക്ക് രൂപം നൽകുകയും തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിൽ ഓഫീസ് ആരംഭിക്കുകയും ചെയ്തു. തിരുവനന്തപുരം രൂപതയിലെ യുവവൈദികരായ ജെയിംസ് കുലാസ്, യൂജിൻ പെരേര എന്നിവർ ഈ സന്നദ്ധ സംഘടയുമായി ചേർന്ന് പ്രവർത്തിച്ചു. റെഡംറ്ററിസ്റ്റ് വൈദികനായ ഫാ. തോമസ് കോച്ചേരി, ജസ്റ്റ്യൂറ്റ് വൈദികനും ഐക്കഫ് വിദ്യാർത്ഥി സംഘടനയുടെ ഡയറക്ടറുമായ ഫാ. പോൾ വലിയകണ്ടത്തിൽ എന്നിവരും മെഡിക്കൽ മിഷൻ സിസ്റ്റേഴ്സും, ഐസിഎം സിസ്റ്റേഴ്സും ഉൾപ്പെടുന്ന വലിയൊരു കൂട്ടായ്മ രൂപം കൊണ്ടു.

## കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ രൂപീകരണം

ഈ കൂടിവരവിൽ നിന്നാണ് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ രൂപം കൊണ്ടത്. ആലപ്പുഴ രൂപതയിലെ ഫാ. പോൾ അറയ്ക്കൽ, കൊല്ലം രൂപതയിൽ നിന്ന് ഫാ. ആൽബർട്ട് പരശിവിള, ഫാ. ജോസ് കളീക്കൽ, കല്ലട ലോറൻസ്, സെലസ്റ്റിൻ തുടങ്ങിയവർ ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി യൂണിയന്റെ ഭാഗമായി. തിരുവനന്തപുരം രൂപതയിൽ ഫാ. ക്ലീറ്റസ് ഗോമസ്, ഹെൻട്രി ഗോമസ് എന്നിവർ നേതൃത്വം നൽകി രൂപപ്പെടുത്തിയതാണ് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ. എന്നാൽ പിൽക്കാലത്ത് ആശയപരമായ അഭിപ്രായവ്യത്യാസത്തിൽ ഫെഡറേഷനിൽ പിളർപ്പുണ്ടായി. ഫെഡറേഷൻ, സഭാധികാരികളുടെ കീഴിൽ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ചായിരുന്നു തർക്കം. അതേതുടർന്ന് പിളർന്ന സംഘടനയിലെ ഒരു വിഭാഗം മത്സ്യത്തൊഴിലാളി ഫെഡറേഷൻ എന്ന പേരിൽ പുതിയ സംഘടന രൂപീകരിച്ച് എല്ലാ മതവിഭാഗങ്ങളിലെയും മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി, ഒരു രാഷ്ട്രീയ മുന്നണിയുടെയും ഭാഗമാകാതെ, സ്വതന്ത്രമായി ജനപക്ഷത്ത് നിലകൊള്ളണമെന്ന ചിന്തയിൽ തുടരുകയും ചെയ്തു.ജോയിച്ചൻ ആന്റണി, ടി. പീറ്റർ, റോബർട്ട് പനിപ്പിള്ള, മേഴ്സി അലക്സാണ്ടർ, ഷിലാറൊസാരിയോ തുടങ്ങിയവർ ഫെഡറേഷനിൽ സജീവമാവുകയും ചെയ്തു.

## തീരത്തിന്റെ അമരക്കാരൻ – ടി. പീറ്റർ

1975 ൽ വേളി ഇടവക വികാരിയായിരുന്ന അവസരത്തിൽ പീറ്റർ അൽത്താരബാലനായിരുന്നു. പത്താം ക്ലാസ് കഴിഞ്ഞുനിൽക്കുന്ന പ്രായം. പിസിഒയിലെ ഒരു മാസം നീണ്ടുനിൽക്കുന്ന പരിശീലന കളരിയിൽ ടി, പീറ്ററിനെ അയച്ച് പങ്കെടുപ്പിക്കാൻ സാധിച്ചത് ഒരു വഴിത്തിരിവാണെന്ന് കരുതുന്നു. പരിശീലനം കഴിഞ്ഞ മാത്രയിൽ പീറ്ററും കൂട്ടരും ഫെഡറേഷനുവേണ്ടി മുഴുവൻ സമയ പ്രവർത്തകരായി സ്വയം മാറുകയായിരുന്നു.

## സമരമുഖത്തേക്ക്

മത്സ്യങ്ങളുടെ പ്രജനനകാലത്ത് മത്സ്യക്കുഞ്ഞുങ്ങളെയും മുട്ടകളെയും നശിപ്പിക്കുകയും കടലിന്റെ അടിത്തട്ടിലെ ആവാസവ്യവസ്ഥയെ ശിഥിലമാക്കുകയും ചെയ്യുന്ന ട്രോളിംഗ് മത്സ്യബന്ധന രീതി ഒഴിവാ

ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1981 നായനാർ സർക്കാരിനെതിരെ നടന്ന ഐതിഹാസിക സമരത്തിലാണ് പീറ്ററിനെ പോലെയുള്ള യുവനിരയുടെ സമരവീര്യം മത്സ്യത്തൊഴിലാളി സമൂഹം ആദ്യമായി തിരിച്ചറിഞ്ഞത്. ഫാ. തോമസ് കോച്ചേരിയും ജോയിച്ചൻ ആന്റണിയും അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചു. കടലിന്റെ പരിസ്ഥിതി സംരക്ഷണത്തിന് വേണ്ടിയുള്ള ആദ്യ സമരമായിരുന്നു അത്. കേരളത്തെ സംബന്ധിച്ചിടത്തോളം. സമരം തിരുവനന്തപുരം കേന്ദ്രീകരിച്ചാണ് നടന്നത്. നാഷണൽ ഹൈവേ പിക്കറ്റിംഗും റെയിൽ ഗതാഗതം തടസപ്പെടുത്തലും മാത്രമല്ല തിരുവനന്തപുരം വിമാനത്താവളം പിക്കറ്റ് ചെയ്ത് ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട ഒരു സമരമായിരുന്നു അത്. ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടില്ലെങ്കിലും വിഷയം പഠിക്കാൻ ബാബുപോൾ കമ്മിഷനെ നിയോഗിച്ചു. തുടർന്ന് രാത്രികാല ട്രോളിംഗ് നിരോധനം നടപ്പിലാക്കാൻ സർക്കാർ സന്നദ്ധമായി. 1984 ൽ കരുണാകരൻ സർക്കാരിന്റെ കാലഘട്ടത്തിൽ ഇതേ ആവശ്യം ഉയർത്തിക്കൊണ്ട് ശക്തമായ സമരം നടത്തിയപ്പോഴും ട്രോളിംഗ് നിരോധിക്കാൻ സർക്കാർ തയ്യാറായില്ല. പക്ഷേ, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലംപ്സഗ്രാന്റ് പോലുള്ള പദ്ധതികൾ ഏർപ്പെടുത്തിയത് ഈ സർക്കാരിന്റെ കാലത്താണ്. 1987 ൽ നായനാർ സർക്കാർ ഭാഗികമായി ട്രോളിംഗ് നിരോധിക്കാൻ സന്നദ്ധമായി. ജൂൺ-ജൂലൈ-ആഗസ്റ്റ് മാസം 90 ദിവസം നിരോധിക്കുന്നതിന് പകരം ബോട്ടുടമകളെ കൂടി തൃപ്തിപ്പെടുത്തിക്കൊണ്ട് 45 ദിവസത്തെ നിരോധനം നടപ്പിലാക്കി.

1990 കളുടെ ആദ്യം സംഘടനയുടെ തിരുവനന്തപുരത്തെ ഓഫീസ് സെക്രട്ടറിയായും ജില്ലാ പ്രസിഡന്റുമായാണ് പീറ്റർ പ്രവർത്തനം തുടങ്ങിയത്. തുടർന്ന് സംസ്ഥാന പ്രസിഡന്റായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയും ദേശീയ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് നേതൃത്വനിരയിൽ തന്റെ പാടവം വ്യക്തമാക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ പ്രധാനമായും ദേശീയതലത്തിൽ ശ്രദ്ധേയമായ വിഷയം വിദേശ ട്രോളറുകൾക്ക് ഭാരത സർക്കാർ ലൈസൻസ് കൊടുക്കുകയും നമ്മുടെ മത്സ്യസമ്പത്ത് അവർ കവർന്നെടുക്കുകയും ചെയ്തു എന്നതാണ്. ഇതിനെതിരെ സംസ്ഥാനതലത്തിൽ സമരം സംഘടിപ്പിക്കുവാൻ നേതൃത്വം കൊടുത്തത് പീറ്ററാണ്. തുടർന്ന് തായ്‌ലണ്ടിൽ നിന്നും മത്സ്യം ഇറക്കുമതി ചെയ്യാൻ ഭാരത സർക്കാർ തീരുമാനിച്ചപ്പോൾ രാഷ്ട്രീയ പാർട്ടികളുടെ ട്രേഡ് യൂണിയനുകളെയും കൂട്ടി രാജ്ഭവന് മുന്നിൽ തുടങ്ങിയ സമരത്തിന് പീറ്ററിന്റെ നേതൃത്വം വളരെ വലുതായിരുന്നു. തുടർന്ന് മത്സ്യമേഖലയിലെ പ്രക്ഷോഭ വേദിയായി ഫിഷറീസ് കോർഡിനേഷൻ കമ്മിറ്റി രൂപീകൃതമായി. പ്രക്ഷോഭങ്ങളിലെ മുന്നണി സ്ഥാനീയനായിരുന്നു പീറ്റർ. ഒരുകാലഘട്ടത്തിൽ കേരള ഫിഷറീസ് സർവകലാശാലയുടെ സിൻഡിക്കേറ്റ് അംഗമായി. ഈ രംഗത്തെ ഏക മാസികയായ 'അലകൾ' തുടർച്ചയായി വർഷങ്ങളോളം പ്രസിദ്ധീകരിക്കാൻ പീറ്ററിന് കഴിഞ്ഞു.

വിഴിഞ്ഞം തുറമുഖം കാരണം തിരുവനന്തപുരത്തെ കടപ്പുറങ്ങൾ കടലെടുത്തുതുടങ്ങിയപ്പോൾ ആ പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കാൻ പീറ്റർ സന്നദ്ധനായിരുന്നു. കാലാകാലങ്ങളിൽ സംസ്ഥാന കേന്ദ്ര സർക്കാരുകൾ പുറപ്പെടുവിക്കുന്ന മത്സ്യനയങ്ങളെ പഠിക്കാനും മത്സ്യത്തൊഴിലാളികളുടെ താല്പര്യത്തിന് വിരുദ്ധമായ കാര്യങ്ങൾ പൊതു സമൂഹത്തിൽ അവതരിപ്പിക്കാനും മുൻപന്തിയിൽ ഉണ്ടായിരുന്നു. ചെറിയ പ്രശ്നങ്ങളിൽ പോലും പീറ്റർ ഇടപെട്ട് പരിഹാരം കാണാൻ ശ്രമിച്ചിരുന്നു. ചന്തസ്ഥലത്തും റോഡരികിലിരുന്നും മത്സ്യം വിൽക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലും പീറ്ററിന്റെ ഇടപെടൽ ഉറപ്പായിരുന്നു. ഏറ്റവും ഒടുവിൽ മരിക്കുന്നതിന് ഒരാഴ്ചമുമ്പുവരെയും പീറ്റർ കർമ്മനിരതനായിരുന്നു. ഏറ്റവും ഒടുവിൽ പീറ്റർ നേതൃത്വം കൊടുത്ത സമരം കടൽപാതയ്ക്കെതിരെയായിരുന്നു.

മത്സ്യമേഖലയിൽ മാത്രമല്ല, ആദിവാസി സമരങ്ങളിലും ഇതര പരിസ്ഥിതി പ്രശ്നങ്ങളിലും ദേശീയ-സംസ്ഥാന തലങ്ങളിൽ പീറ്റർ നേതൃത്വരംഗത്തുണ്ടായിരുന്നു. നാഷണൽ

**മത്സ്യങ്ങളുടെ പ്രജനനകാലത്ത് മത്സ്യക്കുഞ്ഞുങ്ങളെയും മുട്ടകളെയും നശിപ്പിക്കുകയും കടലിന്റെ അടിത്തട്ടിലെ ആവാസവ്യവസ്ഥയെ ശിഥിലമാക്കുകയും ചെയ്യുന്ന ട്രോളിംഗ് മത്സ്യബന്ധന രീതി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1981 നായനാർ സർക്കാരിനെതിരെ നടന്ന ഐതിഹാസിക സമരത്തിലാണ് പീറ്ററുൾപ്പെടന്ന യുവനിരയുടെ സമരവീര്യം മത്സ്യത്തൊഴിലാളി സമൂഹം ആദ്യമായി തിരിച്ചറിഞ്ഞത്.**

അലയൻസ് ഫോർ പീപ്പിൾസ് മൂവ്മെന്റിൽ (എൻഎപിഎം) മേധാപാട്കറിനൊപ്പം സംസ്ഥാനതലത്തിൽ പീറ്റർ എന്നും സജീവമായിരുന്നു. തിരുവനന്തപുരം രൂപതയുമായി അടുത്തിടപെടുക മാത്രമല്ല, സജീവമായി പങ്കുചേരാനും പീറ്റർ ഉണ്ടായിരുന്നു. രൂപതാ മാസികകളിൽ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് അനേകം ലേഖനങ്ങൾ എഴുതുകയും ചെയ്തു. കേരള റീജൻ ലാറ്റിൻ കാത്തലിക് കൗൺസിലിൽ പീറ്റർ തിരുവനന്തപുരം രൂപതയെ പ്രതിനിധീകരിച്ച് കുറേവർഷം പ്രവർത്തിച്ചിട്ടുണ്ട്. കെആർഎൽസിസി രൂപപ്പെടുത്തിയ 'കടൽ' (കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി ഫോർ ലിബറേഷൻ) എന്ന സന്നദ്ധ സംഘടനയിൽ പീറ്റർ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. കെ.ആർ.എൽസിസിയുടെ മികച്ച സാമൂഹ്യപ്രവർത്തകനുള്ള കഴിഞ്ഞ വർഷത്തെ അവാർഡും ടി. പീറ്ററിനായിരുന്നു.

മത്സ്യമേഖലയിൽ പീറ്ററിന്റെ സംഭാവന പകരംവയ്ക്കാനാവാത്തതാണെന്നതിൽ സംശയമില്ല. നാഷണൽ ഫിഷർമെൻ ഫോറം ജനറൽ സെക്രട്ടറിയായി കഴിഞ്ഞ പത്തുവർഷത്തോളമുള്ള പ്രവർത്തനം പീറ്ററിനെ ഭാരതത്തിലെ മത്സ്യത്തൊഴിലാളികളുടെ ഇടയിൽ അറിയപ്പെടുന്ന ഒരു നേതാവാക്കിമാറ്റി. പീറ്ററിന്റെ അഭാവം ഈ മേഖലയ്ക്ക് വലിയൊരു നഷ്ടമാണ്. ■



# പുനർഗേഹം പദ്ധതിയും തീരദേശ ജനതയും



**അഡ്വ. ഷെറി ജെ. തോമസ്**
ജനറൽ സെക്രട്ടറി, കെഎൽസിഎ

കേരള തീരത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ രൂപം നൽകിയ പദ്ധതിയാണല്ലോ 'പുനർഗേഹം' പദ്ധതി. സംസ്ഥാന സർക്കാരിന്റെ മത്സ്യബന്ധനവകുപ്പ് പുറപ്പെടുവിച്ച 13/2020 നമ്പർ ഉത്തരവുപ്രകാരം മൂന്നുഘട്ടങ്ങളായി പൂർത്തീകരിക്കുന്ന ഈ പദ്ധതിയിലൂടെ മൊത്തം 18,685 കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 7716 കുടുംബങ്ങൾ മാറാൻ ഇതിനകം തന്നെ സന്നദ്ധത അറിയിച്ചിട്ടുള്ളതായും സർക്കാർ അവകാശപ്പെടുന്നുണ്ട്.

## സുരക്ഷിതമായവീട്

കടൽക്ഷോഭ ദുരിതത്തിന് ശാശ്വത പരിഹാരം എന്ന നിലയിൽ ഈ പദ്ധതിയിലൂടെ തീരദേശവാസികൾക്ക് സുരക്ഷിതമായ വീട് ലഭ്യമാക്കും എന്നാണ് സർക്കാരിന്റെ വാഗ്ദാനം. പദ്ധതിയുടെ ഗുണഭോക്താവാകണമെങ്കിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ സ്വന്തമായി വീടുണ്ടാകണം. പുതിയ വീട് നിർമിക്കുന്നതോടുകൂടി സ്വന്തമായുള്ള ഭൂമിയും വീടും സർക്കാറിന് കൈമാറണമെന്ന നിർദ്ദേശം പ്രതിഷേധങ്ങളെ തുടർന്ന് ഒഴിവാക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗം പുനർഗേഹം പദ്ധതിയിൽ പുതിയ വീടുകളിലേക്ക് മാറുന്ന മത്സ്യത്തൊഴിലാളികൾ തീരത്തെ തങ്ങളുടെ സ്ഥലവും വീടും ഒഴിയേണ്ടതില്ലെന്ന തീരുമാനമെടുത്തിട്ടുണ്ട്. തീരത്തെ വീട് പൊളിച്ചുകളയണമെങ്കിലും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തുടരാം എന്നുള്ള തീരുമാനം ആശ്വാസകരം തന്നെയാണ്.

മാറി താമസിക്കാൻ തയ്യറാകുന്ന ഗുണഭോക്താവിന് ഭൂമിവാങ്ങാനും ഭവനനിർമാണത്തിനുംകൂടി പരമാവധി 10 ലക്ഷം രൂപയാണ് സർക്കാർ നൽകുന്നത്. സ്ഥലത്തിന്റെ വില, രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തുകൂലി എന്നീ ഇനത്തിൽ 6 ലക്ഷം രൂപയും ഭവന നിർമാണത്തിനായി 4 ലക്ഷം രൂപയുമാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചുമാറ്റേണ്ടതുമാണ്. ഒറ്റ നോട്ടത്തിൽ സ്വീകാര്യമെന്ന് തോന്നാ

വുന്ന ഈ പദ്ധതിക്ക് ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

പത്തുലക്ഷം രൂപ തീരെ അപര്യാപ്തമാണെന്നതിൽ സംശയമില്ല. തീര നിയന്ത്രണ വിജ്ഞാപന പരിധിക്ക് പുറത്ത് തൊഴിലിന് പോകാൻ കഴിയുന്ന തരത്തിലുള്ള, നിർമ്മാണ യോഗ്യമായ ഒരു പുരയിടം വാങ്ങി ഒരു ചെറിയ ഭവനം നിർമ്മിക്കുക എന്നത് ഈ തുക കൊണ്ട് സാധ്യമേയല്ല. തീരത്തുനിന്നും കുടിയിറങ്ങേണ്ടിവരുന്ന മത്സ്യത്തൊഴിലാളി വിഭാഗത്തിന് ജീവിതമാർഗമായ തൊഴിൽ പോലും ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകും.

മത്സ്യത്തൊഴിലാളികൾ ഉപേക്ഷിച്ചു പോകേണ്ട ഭൂമി സംബന്ധിച്ച് സത്യവാങ്മൂലത്തിൽ 'സറണ്ടർ' ചെയ്യുന്നു എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്.

പരിത്യജിക്കൽ, റിലിങ്ക്വിഷ്, സറണ്ടർ എന്നീ മൂന്ന് പദങ്ങളാണ് മൂന്നു സ്ഥലങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത്. അതിനർത്ഥം ഭൂമി പൂർണമായും സർക്കാരിന് നൽകണമെന്ന് തന്നെയാണ്. എന്നാൽ ഇപ്പോൾ സർക്കാർ വ്യക്തമാക്കുന്നത് തീരത്തെ പഴയ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഷ്ടമാകില്ല എന്നാണ്. ഇത് സംബന്ധിച്ച് വ്യക്തമായ സർക്കാർ ഉത്തരവ് ഇനിയും ഇറങ്ങേണ്ടതുണ്ട്.

തീരനിയന്ത്രണ വിജ്ഞാപനം 2019 പ്രകാരം തദ്ദേശവാസികൾക്ക് അവരുടെ വീടുകളിൽ നിയന്ത്രണ മേഖലയിലും, നിബന്ധനകൾക്ക് വിധേയമായി നിയന്ത്രണ രേഖക്ക് പുറത്ത് CRZ പരിധിയിലും ഹോംസ്റ്റേകൾ നടത്താം എന്നാണ്. പുതിയ തീരുമാനങ്ങൾ നടപ്പിലാകുമ്പോഴും ഇതിനുള്ള അവസരം നിഷേധിക്കപ്പെടരുത്. അതോടൊപ്പം തന്നെ ഭൂമിയുടെ ഉടമസ്ഥത ഉടമയിൽ തന്നെ നിലനിൽക്കണമെങ്കിൽ നിർമ്മാണ പ്രവർത്തനം ഒഴികെ പ്രസ്തുത ഭൂമി മറ്റ് അനുവാദം ഒന്നുംകൂടാതെ തന്നെ ഉടമയുടെ ഏത് ആവശ്യങ്ങൾക്കും ഉപയോഗിക്കാനും കഴിയണം.

നിർബന്ധിച്ച് ആരെയും പദ്ധതിയിൽ അംഗമാക്കില്ല എന്ന് പറയുകയും അതേ സമയം മാറി താമസിക്കാൻ വിസമ്മതിക്കുന്നവർക്ക് കടൽക്ഷോഭം മൂലം ഭൂമിക്കും വീടിനും ഉണ്ടാകുന്ന നാശനഷ്ടങ്ങളിൽ യാതൊരുവിധ സർക്കാർ സഹായത്തിനും അർഹതയുണ്ടാവില്ല എന്ന വ്യവസ്ഥ മാറുവാനുള്ള പ്രേരണ ബോധപൂർവം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. നിശ്ചിത സമയത്തിനുള്ളിൽ പുതിയ ഭവനത്തിന്റെ നിർമാണം പണം ലഭിച്ച് ഒരുവർഷത്തിനകം പൂർത്തീകരിച്ചില്ലെങ്കിൽ 18 ശതമാനം പലിശ ഈടാക്കുമെന്ന നിബന്ധന ഒഴിവാക്കിയതും വീടിന് 500 ചതുരശ്രഅടി വേണം എന്നത് കുറഞ്ഞത് 400 ചതുരശ്ര അടി എന്നാക്കിമാറ്റിയതും സ്വാഗതാർഹമാണ്.

## തീരസംരക്ഷണം സർക്കാർ ഉത്തരവാദിത്വം

ഗുണഭോക്താക്കളുമായി സമവായത്തിലൂടെയാകണം സർക്കാർ പുനർഗേഹം പദ്ധതി നടപ്പിലാക്കേണ്ടത്. തീരദേശവാസികളെ തീരത്തുനിന്നും മാറ്റിയതുകൊണ്ട് കടൽക്ഷോഭവും കടൽകയറ്റവും ഇല്ലാതാകില്ല. അതുകൊണ്ടുതന്നെ തീരസംരക്ഷണ നടപടികളിൽ നിന്നും സർക്കാരിന് ഒഴിയാനാകില്ല. തീരവും, തീരദേശവാസികളുടെ സംരക്ഷണവും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ആദിവാസി, ഗോത്രവിഭാഗങ്ങൾക്ക് അവർ ജനിച്ചുവളർന്ന കാടിന്റെയും അവിടത്തെ വിഭവങ്ങളുടെയും മേൽ അവകാശം നൽകുന്ന വനാവകാശ നിയമം നടപ്പിലാക്കിയത് പോലെ കടലിന്റെയും കടൽ വിഭവങ്ങളുടെയും അവകാശം തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്ന തീരദേശ ജനസംരക്ഷണ നിയമമാണ് ഈ കാലഘട്ടത്തിന്റെ അനിവാര്യത.

## അപാകതകൾ പരിഹരിച്ച് പുതുക്കിയ ഉത്തരവിറക്കണം

പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട നിലവിലെ ഉത്തരവുകൾ സ്വീകാര്യമല്ലാത്തതും അപാകതകൾ നിറഞ്ഞതുമാണ്. കുറെ കുടുംബങ്ങൾ ഈ പദ്ധതി ഉപയോഗപ്പെടുത്തിയല്ലോ എന്ന മറുപടി പരിഹാരസാധ്യത നൽകുന്നില്ല. ഒരുപക്ഷേ തീരത്തോട് വളരെ ചേർന്നുകിടക്കുന്നതും ശരിയായ പ്രമാണങ്ങൾ ഇല്ലാത്തതും, ഭൂരഹിതരും ആയവർ അവരുടെ നിവൃത്തികേടുകൊണ്ട് ഈ പദ്ധതി സ്വീകരിച്ചുവെന്നുവരാം. എന്നാൽ കേരളത്തിലെ എല്ലാ തീരവാസികളും അത്തരത്തിലുള്ളവരല്ല. പരമ്പരാഗതമായി ലഭിച്ച ഭൂമിയിൽ താമസിച്ചുവരുന്ന തദ്ദേശവാസികൾക്ക് മറ്റാരെയും പോലെ അവരുടെ ഭൂമിയും സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹമുണ്ടാകും. തീരത്തുനിന്ന് മാറാൻ ആഗ്രഹിക്കുന്നവർക്ക് തുടർന്നും തൊഴിലിന് പോകാനും അതുവഴി കുടുംബത്തെ സംരക്ഷിക്കാനും കഴിയുന്ന തരത്തിലുള്ള പുനരധിവാസമാണ് നടപ്പിലാക്കേണ്ടത്. പത്തുലക്ഷം രൂപ എന്നതിന് പകരും സർക്കാർ തന്നെ ഇത്തരത്തിലുള്ള സ്ഥലം ലഭ്യമാക്കി ഭവന നിർമ്മാണം നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണം. അതോടൊപ്പം തന്നെ ഫ്ളാറ്റുകളിൽ താമസിക്കാൻ തയ്യാറാകുന്നവർക്ക് അത് നിർമിച്ച് നൽകാനും കഴിയണം.

**കടൽക്ഷോഭ ദുരിതത്തിന് ശാശ്വത പരിഹാരം എന്ന നിലയിൽ ഈ പദ്ധതിയിലൂടെ തീരദേശവാസികൾക്ക് സുരക്ഷിതമായ വീട് ലഭ്യമാക്കും എന്നാണ് സർക്കാരിന്റെ വാഗ്ദാനം. പദ്ധതിയുടെ ഗുണഭോക്താവാകണമെങ്കിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ സ്വന്തമായി വീടുണ്ടാകണം.**

തീരം സംരക്ഷിച്ചുകൊണ്ട് തീരത്തിനടുത്തുതന്നെ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ കഴിയുന്ന തരത്തിൽ പുനർഗേഹം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി നിലവിലെ ഉത്തരവ് ഭേദഗതി വരുത്തി പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകണം. ■

## വർത്തമാനം



# മാപ്പുപറഞ്ഞാൽ തീരുന്നതല്ല നർക്കോട്ടിക് ജിഹാദ്



അഗസ്റ്റിൻ കണിപ്പിള്ളി

പാലാ ബിഷപ്പ് എന്തിന് മാപ്പുപറയണം. നർക്കോട്ടിക് ജിഹാദിന് സാധ്യതയുണ്ടെന്ന് പറഞ്ഞതിന്റെ പേരിലാണോ മാപ്പുപറയേണ്ടത്? അത്തരം ഒരു ആശങ്ക തനിക്കുണ്ടെന്ന് തന്റെ വിശ്വാസ സമൂഹത്തോട് വിളിച്ചുപറഞ്ഞതാണോ മാർ കല്ലറങ്ങാട്ട് ചെയ്ത മഹാ അപരാധം. ഒരു മഹാ വിപത്തിലേക്ക് വിശ്വാസ സമൂഹം ആകൃഷ്ടരാകരുതെന്ന പിതൃസഹജമായ ഒരു കരുതലായിട്ടല്ലേ ആ ആഹ്വാനത്തെ കാണേണ്ടത്. പകരം വർഗീയതയും വിഭാഗീയതയും ആളിക്കത്തിക്കാൻ എണ്ണയും തീയും പകർന്നത് നാം തന്നെയല്ലേ. മാർ കല്ലറങ്ങാട്ടിന്റെ പരാമർശത്തിൽ എവിടെയാണ് ജാതിയോ മതപരമോ ആയ ആക്ഷേപം കാണേണ്ടത്. ജിഹാദ് എന്ന അറബി വാക്ക് മുസ്ലീം സമുദായത്തെ ആകമാനം പ്രതിനിധീകരിക്കുന്നതാണെന്നും അവർക്കാകെ അവമതിപ്പ് ഉണ്ടാക്കുന്നതാണെന്നുമുള്ള കണ്ടെത്തലും വാദഗതികളുമല്ലേ പണ്ടുതന്നെ കേരളത്തിൽ വേരോടി തുടങ്ങിയിരുന്ന വർഗീയതയും വിഭാഗീയതയും ആളിക്കത്തിച്ചത്.

ജിഹാദ് എന്ന വാക്കിന് ഇസ്ലാമിക് മതപണ്ഡിതനായ പ്രൊഫ. ഡോ. ജമാൽ എ. ബദവി നൽകുന്ന വാചികീയ അർത്ഥം ത്യാഗപരിശ്രമം, കഠിനപ്രയത്നം, പ്രയാസങ്ങളോട് മല്ലിടുക എന്നൊക്കെയാണ്. അങ്ങനെയെങ്കിൽ പാലാബിഷപ്പിന്റെ പരാമർശത്തെയും ഒരു ത്യാഗപരിശ്രമം (ജിഹാദ്) ആയിട്ടുവേണ്ടേ കാണാൻ. തന്റെ അജപാലന ശുശ്രൂഷയ്ക്ക് കീഴിൽ വരുന്ന വിശ്വാസ സമൂഹത്തോട് മയക്കുമരുന്നിനും അതുവഴി ഉണ്ടായേക്കാവുന്ന വിധ്വംസക പ്രവർത്തനങ്ങൾക്കുമെതിരെ പ്രബുദ്ധരാകാൻ നടത്തിയ ആഹ്വാനത്തെ, ആ പരാമർശത്തെ ബിഷപ്പിന്റെ ത്യാഗപരിശ്രമം (ജിഹാദ്) ആയിട്ടല്ലെ കാണേണ്ടത്. അദ്ദേഹം ഏതെങ്കിലുമൊരു മതത്തെയോ സമുദായത്തെയോ വിശ്വാസത്തെയോ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ ഒന്നും സംസാരിച്ചില്ലല്ലോ. എന്നിട്ടും ആ പരാമർശമാണോ പിൻവലിച്ച് പാലാ ബിഷപ്പ് മാപ്പ് പറയേണ്ടത്.

അങ്ങനെയെങ്കിൽ മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷനേതാവ് വി.ഡി. സതീശനും ഉൾപ്പെടുന്ന രാഷ്ട്രീയക്കാരും ദൃശ്യമാധ്യമങ്ങളിലെ അന്തിച്ചർച്ചക്കാരും നവമാധ്യമപ്രവർത്തകരും തങ്ങളുടെ പ്രസ്താവനകളും ചെയ്തികളും പിൻവലിച്ച് മാപ്പ് പറയേണ്ടതല്ലേ. പ്രബുദ്ധ കേരളത്തിന്റെ പ്രത്യേകമായ സാമൂഹ്യ സാഹചര്യം മനസ്സിലാക്കി സമയോജിതമായി ഈ വിഷയത്തിൽ ഇടപെടാൻ മേൽപ്പറഞ്ഞ കൂട്ടർക്ക് കഴിയാതെ പോയതല്ലേ ജാതിയും മതവും വർഗീയതയും പറഞ്ഞ് കേരളം ഇത്രമാത്രം വിഷല്പിതമാ

കാൻ കാരണം. പാലാ ബിഷപ്പിന്റെ നർക്കോട്ടിക് ജിഹാദ് പരാമർശത്തെ ഇപ്പോൾ തള്ളിപ്പറഞ്ഞ മുഖ്യമന്ത്രി, പാലാബിഷപ്പിന്റെ പരാമർശമുണ്ടായ അന്നുതന്നെ ഇത് ചെയ്തിരുന്നുവെങ്കിൽ കേരളം ഇന്നത്തെ നിലയിൽ ഒരു വർഗീയ സംഘർഷത്തിലേക്ക് അധഃപതിക്കുകയില്ലായിരുന്നുവല്ലോ. മാത്രവുമല്ല, ബിഷപ്പിന്റെ പ്രസ്താവനയെ ഒരു ആരോപണമായി കണ്ട് അതേക്കുറിച്ചന്വേഷിച്ച് നടപടി എടുക്കുന്നതിന് പകരം ഈ വിഷയത്തെ രാഷ്ട്രീയ മുതലെടുപ്പിന് വിട്ടുകൊടുത്ത സർക്കാർ നടപടിയാണ് കേരളത്തിൽ വർഗീയ വിഷം വമിക്കാൻ ഇടയാക്കിയത്. ഇക്കാര്യത്തിൽ നിർദാക്ഷിണ്യം നടപടിയെന്ന് അന്ന് പറഞ്ഞ മുഖ്യമന്ത്രി അതിന് തയ്യാറായിരുന്നുവെങ്കിൽ വർഗീയത ഇന്നത്തെ പോലെ മതഭ്രാന്തായി മാറുകയില്ലായിരുന്നു. കേരളത്തിന്റെ മതനിരപേക്ഷത തകർക്കാനുള്ള ഏതൊരു നീക്കത്തെയും തടയുന്നതിനുപകരം രാഷ്ട്രീയ നേതൃത്വങ്ങളും മാധ്യമങ്ങളും ഇക്കാര്യത്തിൽ തങ്ങളുടേതായ ഒരു ഇടത്തിനുവേണ്ടി കഠിന പ്രയത്നം (ജിഹാദ്) നടത്തുകയായിരുന്നില്ലേ ചെയ്തത്.

പാലാ ബിഷപ്പിന്റെ ജിഹാദ് പരാമർശത്തെ വിവാദമാക്കുന്നതിൽ മാധ്യമങ്ങൾ പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങളിലെ അന്തിച്ചർച്ചക്കാർ വഹിച്ച പങ്ക് ചെറുതൊന്നുമല്ല, രാഷ്ട്രീയ മതനേതാക്കളുടെ പുറകെ പോയി ചോദിച്ച് പറയിപ്പിച്ച് വിദ്വേഷവും വിഭാഗീയതയും വളർത്തി കേരളത്തിന്റെ മതസൗഹാർദ്ദത്തെ വ്യണപ്പെടുത്തിയിട്ട് ഒരു കൂസലുമില്ലാതെ ഇക്കൂട്ടർ നവമാധ്യമങ്ങളെയും സമുദായ നേതാക്കളെയും അധിക്ഷേപിച്ച് ആഹ്ലാദിക്കുകയാണ്.

തീവ്രവാദ സംഘടനകളിൽ ചേർന്നവരുടെ കണക്കുകൾ അവതരിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞത് 2019 വരെ ഐ.എസിൽ ചേർന്ന 100 മലയാളികളിൽ 71 പേരും മുസ്ലീം സമുദായത്തിൽ ജനിച്ചവരാണെന്നാണ്. ഇത് മുസ്ലീം സമുദായത്തിന് അരോചകകരമായ ഒരു പരാമർശമല്ലേ. അതുപോലെ മയക്കുമരുന്നുമായി ബന്ധപ്പെട്ട് 2020 ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 4941 കേസുകളിൽ പ്രതികളായ 5422 പേരിൽ ഭൂരിപക്ഷവും അയായത് 49.80 ശതമാനം വരുന്ന 2700 പേരും ഹിന്ദുമതത്തിൽപ്പെട്ടവരാണെന്നാണ് കണക്കുകളുദ്ധരിച്ച് മുഖ്യമന്ത്രി പറഞ്ഞത്. അങ്ങനെയെങ്കിൽ ഇത് ഹിന്ദുവികാരത്തെ വ്രണപ്പെടുത്തുന്ന ഒരു പരാമർശമല്ലേ. ഇതിന് മുഖ്യമന്ത്രി മുസ്ലീം-ഹിന്ദു വിഭാഗങ്ങളോട് മാപ്പുപറയണമോ?

2010 ൽ ക്ലാസ് പരീക്ഷയ്ക്കുള്ള ഒരു ചോദ്യ പേപ്പറിൽ ഒരു മുസ്ലീം പദം പരാമർശിക്കപ്പെട്ടതിന്റെ പേരിൽ തൊടുപുഴ ന്യൂമാൻ കോളേജ് അധ്യാപകൻ പ്രൊഫ. ടി.ജെ. ജോസഫിന്റെ കൈപ്പത്തി മുസ്ലീം തീവ്രവാദികൾ വെട്ടിമാറ്റിയ സംഭവത്തിൽ ഇസ്ലാം മതമോ ഇസ്ലാം പണ്ഡിതരോ മാപ്പു പറഞ്ഞില്ലല്ലോ? അടുത്തിടെ കൊല്ലത്തുനിന്നുള്ള ഒരു യുവതിയെ കോഴിക്കോട്ട് എത്തിച്ച് മയക്കുമരുന്നുനൽകി നാലുപേർ ചേർന്ന് പീഡിപ്പിച്ച സംഭവത്തിൽ ഒരു ഇസ്ലാമും മാപ്പുപറഞ്ഞില്ല. ഇതേക്കുറിച്ച് ഒരു ദൃശ്യമാധ്യമത്തിന്റെ അന്തിച്ചർച്ചയ്ക്കിടയിൽ നേതൃത്വം നൽകിയ മാധ്യമ പ്രവർത്തകൻ പറഞ്ഞത് പീഡനത്തിനിരയായ യുവതിയും പീഡിപ്പിച്ചവരും ഒരേ സമുദായക്കാരല്ലേ എന്നാണ്. എന്തൊരു വികലമായ ചിന്തയും മറുപടിയുമാണത്. ഈശോ എന്ന ക്രിസ്തുനാമത്തെ ഒരു സിനിമാ പേരായി ഉപയോഗിക്കാനുള്ള നീക്കത്തെ എതിർത്തവരോട് ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ച് പുലമ്പിയവർ എന്തേ ജിഹാദ് എന്ന വാക്കിന്റെ പ്രയോഗത്തിൽ ആവിഷ്കാര സ്വാതന്ത്ര്യം കാണാതെ പോയി.

ചുരുക്കിപറഞ്ഞാൽ പാലാ ബിഷപ്പിന്റെ നർക്കോട്ടിക് ജിഹാദ് ആശങ്ക ഒരു യാഥാർത്ഥ്യമായി തന്നെ നിലനിൽക്കുന്നുണ്ട്. പക്ഷേ, അത് അംഗീകരിക്കാനോ അന്വേഷിക്കാനോ സർക്കാരും ബന്ധപ്പെട്ടവരും തയ്യാറല്ല. പകരം ഒരു ന്യൂനപക്ഷ സമുദായത്തെ വോട്ടുബാങ്കായി കൂടെനിർത്താനും രാഷ്ട്രീയ മേൽക്കോയ്മയ്ക്ക് ഉപകരണമാക്കാനും ഈ പരാമർശത്തെ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന ചിന്തയിലായിരുന്നു ഇതുവരെ ഭരണ നേതൃത്വവും പ്രതിപക്ഷവും. മാധ്യമ ചർച്ചക്കാരാകട്ടെ ക്രിസ്ത്യൻ മതവിഭാഗത്തെ താറടിച്ചുകാണിക്കാൻ കിട്ടിയ ഒരവസരമായി നർക്കോട്ടിക് ജിഹാദ് എന്ന പരാമർശത്തെ കണ്ടു.

ഇതിനിടയിൽ, ഒരു കാര്യം പറയാതെ പോകുന്നത് ക്രിസ്തുവിനെ സ്നേഹിക്കുന്നവരോട് ചെയ്യുന്ന ഒരു മഹാ അപരാധമായിപോകും. അതായത്, പാലാ ബിഷപ്പിന്റെ പരാമർശത്തോട് കത്തോലിക്കാ സഭയ്ക്കുള്ളിൽ നിന്നുണ്ടായ ചില ഇടപടെലുകളെ കുറിച്ചാണ് ഉദ്ദേശിച്ചത്. പാലാ ബിഷപ്പിന് പിന്തുണയുമായി കെസിബിസിയും ചങ്ങനാശേരി ആർച്ച് ബിഷപ്പും മറ്റ് വിവിധ രൂപതാ ബിഷപ്പുമാരും രംഗത്തെത്തി. അതോടൊപ്പം കർദ്ദിനാൾ ബസേലിയോസ് മാർ ക്ലിമിസിന്റെ നേതൃത്വത്തിൽ വിവിധ സമുദായ നേതാക്കളുടെ യോഗം

**പാലാ ബിഷപ്പിന്റെ പരാമർശവും അതേ തുടർന്നുണ്ടായ വിവാദങ്ങളും തീവ്രവാദത്തിനും വർഗീയതയ്ക്കുമെതിരെ സ്വീകരിക്കേണ്ട ചില നിലപാടുകളെക്കുറിച്ച് കേരളത്തിന് ഒരു മുന്നറിയിപ്പ് നൽകുന്നുണ്ട്. രാഷ്ട്രീയവും മതപരവുമായ മുതലെടുപ്പിന് വർഗീയത ആയുധമായാൽ അത് കേരളത്തിലെ ജാതി-മത സൗഹാർദ്ദം തകർക്കുകയും മത വിശ്വാസത്തിൽ നിന്ന് മനുഷ്യനെ വർഗീയതയിലേക്ക് തള്ളിവിടുകയും ചെയ്യും. ഇത് കേരളത്തെ കൊണ്ടുചെന്നെത്തിക്കുക മതഭ്രാന്തിലേക്കായിരിക്കുമെന്ന തിരിച്ചറിവാണ് ഉണ്ടാവേണ്ടത്.**

ചേർന്ന് മതസൗഹാർദ്ദം നിലനിർത്താനുള്ള ശ്രമങ്ങൾക്കും തുടക്കം കുറിച്ചു. ഇതൊക്കെ നല്ലകാര്യം തന്നെ. പക്ഷേ, യേശുവിന്റെ പേരിൽ ഒരു സമൂഹമായി ജീവിക്കുന്ന കുറവലങ്ങാട് മഠത്തിലെ ചില അംഗങ്ങളുടെ ചെയ്തികൾ കത്തോലിക്കാ സഭയ്ക്ക് മാത്രമല്ല, ക്രിസ്തുവിനെ സ്നേഹിക്കുന്ന മുഴുവൻ പേർക്കും ഏറെ അമർഷവും വേദനയും ഉണ്ടാക്കിയ സംഭവമാണ്. പാലാ ബിഷപ്പിന്റെ പരാമർശത്തേക്കാൾ സഭയ്ക്ക് അവമതിപ്പ് ഉണ്ടാക്കിയതും ഇവരുടെ ഇടപെടലുകളും ചെയ്തികളും തന്നെയാണ്. മഠം വക

*(ശേഷം 27-ാം പേജിൽ)*

ലേഖനം



# നിർമിത ബുദ്ധിയുടെ ലോകം

കമ്പ്യൂട്ടറുകളും യന്ത്രങ്ങളും ഇല്ലാതെ മനുഷ്യന് ജീവിക്കാൻ കഴിയാത്ത കാലഘട്ടമാണിത്. രാവിലെ മനുഷ്യനെ ഉണർത്തുന്ന അലാം ക്ലോക്കു മുതൽ സ്വയം ഓടുന്ന കാറുകൾ വരെ മനുഷ്യജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. ധനകാര്യ സ്ഥാപനങ്ങൾ ആരോഗ്യസ്ഥാപനങ്ങൾ ഗതാഗതം, ബഹിരാകാശം തുടങ്ങി നമ്മുടെ വീടുകളിൽ തന്നെയും എല്ലായിടത്തും ഒരു രൂപത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ബുദ്ധിയുള്ള യന്ത്രങ്ങളുടെ സാന്നിധ്യമുണ്ട്. ഒരു കാലത്ത് റേഡിയോയിലോ ടിവിയിലോ മാത്രം ചെറിയ രൂപത്തിൽ പ്രവർത്തിച്ചിരുന്ന ഈ യന്ത്രബുദ്ധികൾ ഇന്ന് അടുക്കളയിലും (ഫ്രിഡിജ് മൈക്രോവേവ് ഓവൻ, വാഷിംഗ് മെഷീൻ), സ്മാർട്ട് ഫോൺ, സ്മാർട്ട് വാച്ചുകൾ എന്നിവയിലൂടെ നമ്മുടെ ശരീരത്തിൽവരെ സ്ഥാനം പിടിച്ചുകഴിഞ്ഞു.

മനുഷ്യപ്രയത്നത്തെ ഇങ്ങനെ യന്ത്രങ്ങൾ ലഘൂകരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് യന്ത്രങ്ങൾക്ക് സ്വയം ചിന്തിച്ച് എത്രയും വേഗത്തിൽ കൃത്യതയോടെ പ്രവർത്തിക്കാനുള്ള കഴിവ് നൽകാനുള്ള പരിശ്രമത്തിലാണ് മനുഷ്യൻ. ലഭ്യമായതിൽ വച്ച് ഏറ്റവും നൂതനമായ സാങ്കേതികവിദ്യ ഇന്ന് ഓരോ മനുഷ്യരുടെയും വിരൽത്തുമ്പിലുണ്ട്. യന്ത്രങ്ങൾക്ക് മനുഷ്യരെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുന്ന നിർമ്മിത ബുദ്ധിയുടെ അഥവാ കൃത്രിമ ബുദ്ധിയുടെ ലോകത്താണ് നാം ജീവിക്കുന്നത്. യുക്തിപരവും ഗണിതപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി യന്ത്രങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ തയ്യാറാക്കിയിരിക്കുന്ന നിർദ്ദേശങ്ങളുടെ ഘട്ടംഘട്ടമായ നടപടി ക്രമമാണ് അൽഗോരിതം. ഈ അൽഗോരിതം ഉപയോഗിച്ചാണ് യന്ത്രങ്ങൾ തീരുമാനമെടുക്കുക; പ്രവർത്തിക്കുക.

## നിർമിത ബുദ്ധി (Artificial Intelligence)

മനുഷ്യരുടെ സ്വാഭാവിക ബുദ്ധിപോലെ യന്ത്രങ്ങൾക്ക് പ്രശ്നങ്ങൾ പരിഹരിക്കാനും ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുന്ന അവസ്ഥയാണ് നിർമിത ബുദ്ധി. ശാസ്ത്രസാങ്കേതിക ലോകത്ത് ഓരോ നിമിഷവും അതിവിപുലമായിക്കൊണ്ടിരിക്കുന്ന മേഖലയാണിത്. ഒരു ഉപകരണം അത് ഉൾക്കൊള്ളുന്ന ചുറ്റുപാട് സ്വയം മനസ്സിലാക്കി പ്രവർത്തിക്കുകയും അതിന് നൽകിയിരിക്കുന്ന ദൗത്യം പരമാവധി വിജയിപ്പിക്കാനുള്ള മാർഗം സ്വയം കണ്ടെത്തി ലക്ഷ്യം നേടിയെടുക്കുകയും ചെയ്യുകയെന്നുള്ളതാണ് നിർമ്മിതബുദ്ധിയുടെ ഏറ്റവും പുതിയ നിർവചനം.

1950 കളിലാണ് മനുഷ്യൻ നിർമിത ബുദ്ധിയെക്കുറിച്ച് ചിന്തിച്ചുതുടങ്ങുന്നത്. 'യന്ത്രങ്ങൾക്ക് മനുഷ്യരെപ്പോലെ ചിന്തിക്കാനാകുമോ?' എന്ന ചോദ്യത്തിലൂടെ കംപ്യൂട്ടർ ശാസ്ത്രജ്ഞനായ അലൻ ട്യൂറിംഗാണ് (Alan Turing) ഈ ആശയത്തിന് രൂപം നൽകിയത്. അമേരിക്കൻ കംപ്യൂട്ടർ ശാസ്ത്രജ്ഞനായ, നിർമിത ബുദ്ധിയുടെ പിതാവ് എന്നുവിളിക്കപ്പെടുന്ന ജോൺ മക്കാർത്തി (John McCarthy) യാണ് 1951 ൽ 'നിർമിതബുദ്ധി' എന്നവാക്ക് ആദ്യമായി ഉപയോഗിച്ചത്.

1961 ൽ എലൈസ (Eliza) ചാറ്റ് ബോട്ടിലൂടെ ഉപയോക്താക്കളുടെ ചോദ്യങ്ങൾ മന



ഫാ. സുധീഷ്
എൻജിനീയറിംഗ് കോളേജ് ബർസാർ

സ്സിലാക്കി കംപ്യൂട്ടറുകൾക്ക് നേരത്തെ നൽകിയിരുന്ന ഉത്തരശേഖരത്തിൽ നിന്നും ഉചിതമായി പ്രതികരിക്കാൻ കഴിയുന്ന ഡിജിറ്റൽ സാങ്കേതിക വികസനത്തിലൂടെ നിർമിതബുദ്ധി ആദ്യചുവടുവച്ചു. 2016 ൽ മനുഷ്യനുമായി ആശയവിനിമയം നടത്താനും സ്വയം ഉത്തരങ്ങൾ നൽകാനും കഴിയുന്ന 'സോഫിയ' എന്ന മനുഷ്യാകൃതിയിലുള്ള റോബോട്ടിന്റെ കണ്ടുപിടുത്തത്തിലെത്തി നിൽക്കുന്നു. നിർമിത ബുദ്ധിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ അതിന്റെ വിഭാഗങ്ങളായ മെഷീൻ ലേർണിംഗ് ഡീപ്പ് ലേർണിംഗ് എന്നിവയെപ്പറ്റി അറിയേണ്ടതുണ്ട്.

## മെഷീൻ ലേർണിംഗ്

കമ്പ്യൂട്ടറുകൾ നേരത്തെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണ് (Programmes) പ്രവർത്തിക്കുന്നത്. എന്നാൽ ആ നിർദ്ദേശങ്ങൾ ഉപയോഗിക്കാതെ തന്നെ ഒരു പ്രത്യേക ദൗത്യം നിർവഹിക്കുവാൻ കംപ്യൂട്ടറുകളിൽ ഉപയോഗിക്കുന്ന അൽഗോരിതങ്ങളെക്കുറിച്ചുള്ള പഠനമാണ് മെഷീൻ ലേർണിംഗ്. കമ്പ്യൂട്ടറുകൾക്ക് നൽകിയിരിക്കുന്ന വിവരങ്ങളെ (ഡാറ്റാ) അടിസ്ഥാനമാക്കി കൂടുതൽ സാധ്യതകൾ സ്വയം കണ്ടെത്തി നിഗമനങ്ങളിലേക്കും തുടർന്ന് തീരുമാനങ്ങളിലേക്കും എത്തിച്ചേരാൻ യന്ത്രത്തിന് കഴിയുന്നു.

## ഡീപ്പ് ലേർണിംഗ്

നിർമിത ബുദ്ധിയുടെ വിപുലമായ ഒരു വിഭാഗമാണ് ഡീപ്പ് ലേർണിംഗ്. ക്രിത്രിമ ന്യൂറോൺ ശൃംഖലയെ അടിസ്ഥാനമാക്കിയാണ് ഡീപ്പ് ലേർണിംഗ് പ്രവർത്തിക്കുന്നത്. അതായത് മനുഷ്യമസ്തിഷ്കത്തിൽ എങ്ങനെയാണോ കോടിക്കണക്കിനുള്ള ന്യൂറോണുകൾ അന്യോന്യം ബന്ധിച്ച് ആശയവിനിമയം നടത്തുന്നത് അതേ രീതിയിൽ ക്രിത്രിമ ന്യൂറോണുകളുടെ സഹായത്തോടെ കമ്പ്യൂട്ടർ ബുദ്ധിയെ വികസിപ്പിച്ചെടുക്കുന്നതാണ് ഡീപ്പ് ലേർണിംഗ്. ക്രിത്രിമ ന്യൂറോൺ സംവിധാനത്തിലൂടെ സ്വയം പ്രവൃത്തികൾ നിർവഹിക്കാനും തീരുമാനങ്ങളെടുക്കാനും കമ്പ്യൂട്ടറുകൾക്ക് കഴിയുന്നു. ഇന്ന് സ്വയം ഓടുന്ന കാറുകളിലും, ബഹിരാകാശത്തുനിന്ന് ചിത്രങ്ങളെടുക്കുന്ന സംവിധാനങ്ങളിലും മറ്റും ഡീപ്പ് ലേർണിംഗ് ഉപയോഗപ്പെടുത്തുന്നു. ബുദ്ധിപരമായി ഏതുതരം പ്രവൃത്തികളാണ് കംപ്യൂട്ടറുകൾ നിർവഹിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കി നിർമിത ബുദ്ധിയുടെ വളർച്ചയിൽ മൂന്നു ഘട്ടങ്ങളുണ്ട്.

## (i) ദുർബല നിർമിത ബുദ്ധി (Leak Artificial Intelligence)

ഇന്നുവരെയുള്ള ഏത് നിർമിത ബുദ്ധിയും ദുർബല നിർമിത ബുദ്ധിയിൽപ്പെടുന്നവയാണ്. ഏതെങ്കിലും ഒരു പ്രത്യേക ദൗത്യം മാത്രം നിർവഹിക്കുക എന്നതായിരിക്കും അവയുടെ ഉദ്ദേശവും ലക്ഷ്യവും. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് 'സിരി'. ആപ്പിളിന്റെ സോഫ്റ്റ്‌വെയറായ ഐഒഎസ് ഉപയോഗിക്കുന്നതിന് മനുഷ്യരെ സഹായിക്കുന്ന (പേഴ്സണൽ അസിസ്റ്റന്റ്) നിർമിത ബുദ്ധിയാണ് സിരി. സോഷ്യൽ റോബോട്ട്സ്, സ്വയം ഓടുന്ന കാറുകൾ ഇവയെല്ലാം ദുർബല നിർമിത ബുദ്ധിയുടെ ഭാഗമായി വരും.

## (ii) സാധാരണ നിർമിത ബുദ്ധി (Artificial General Intelligence)

ദുർബല നിർമിത ബുദ്ധിയുടെ പുരോഗതി സാധാരണ നിർമിത ബുദ്ധിയിലേക്കുള്ള വളർച്ചയാണ്. മനുഷ്യരെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും തീരുമാനങ്ങളെടുക്കാനും കഴിവുള്ള നിർമിതബുദ്ധിയാണിത്. മനുഷ്യന് ബുദ്ധിപരമായി ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും കമ്പ്യൂട്ടറുകൾക്ക് സ്വയം ചെയ്യാൻ കഴിയുന്ന അവസ്ഥ. മനുഷ്യബുദ്ധിക്ക് തുല്യമായ നിർമിത ബുദ്ധി. ഒരേ സമയം പ്രശ്നങ്ങൾ പരിഹരിക്കാനും ദൗത്യങ്ങൾ നിർവഹിക്കാനും തീരുമാനങ്ങളെടുക്കാനും അപ്പപ്പോൾ യന്ത്രങ്ങൾക്ക് സാധിക്കും.

## (iii) സൂപ്പർ നിർമിതബുദ്ധി (Super artifical intelligence)

കമ്പ്യൂട്ടറുകൾ മനുഷ്യനെക്കാൾ പതിന്മടങ്ങ് ബുദ്ധിനേടുന്ന ഒരു സാങ്കൽപ്പിക സാഹചര്യമാണ് സൂപ്പർ നിർമിതബുദ്ധി. ഇങ്ങനെ മനുഷ്യന് യുക്തിപരവും ഗണിതപരവുമായി ചെയ്യാൻ കഴിയാത്ത പ്രശ്നങ്ങൾ പരിഹരിക്കുവാനും അതി തീവ്ര ബുദ്ധിയുള്ള കമ്പ്യൂട്ടറുകൾ സ്വയം നിർമ്മിക്കാനും പുതിയ നിർദ്ദേശങ്ങൾ സ്വയം രൂപീകരിക്കാനും കമ്പ്യൂട്ടറുകൾക്ക് സാധിക്കുന്ന ഒരു കാലഘട്ടമായിരിക്കും അത്. മനുഷ്യബുദ്ധിക്കതീതമായി മനുഷ്യനെതന്നെ നിയന്ത്രിക്കാൻ കഴിവുള്ള സ്വയം പ്രവർത്തനശേഷിയുള്ള നിർമിത ബുദ്ധിയാണിത്.

## ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സ്വാധീനം

ഡിജിറ്റൽ സാങ്കേതിക ലോകത്ത് നിർമിത ബുദ്ധി മനുഷ്യനെ വളരെയധികം സ്വാധീനിച്ചുകഴിഞ്ഞു. നമ്മുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്ന പല വസ്തുക്കളും ഇപ്പോൾ 'സ്മാർട്ടാ'യിരിക്കുകയാണ്. ആമസോൺ, ആപ്പിൾ, ഗൂഗിൾ, ഫെയ്സ്ബുക്ക്, മൈക്രോസോഫ്റ്റ് തുടങ്ങിയ നിർമിത ബുദ്ധികളാണ് ഇന്ന് മനുഷ്യനുമേൽ ഡിജിറ്റൽ കമ്പനികളുടെ സ്വാധീനം നേടിയിരിക്കുന്നത്. നൽകുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി സാഹചര്യങ്ങളെ അപഗ്രഥിക്കാനും തീരുമാനമെടുക്കാനും കഴിവുള്ള യന്ത്രങ്ങളുടെ ലോകത്ത്, ഇവർ വ്യക്തികളുടെ വിവരങ്ങളെല്ലാം താല്പര്യങ്ങൾ, ബന്ധങ്ങൾ, യാത്രകൾ, ആശയവിനിമയങ്ങൾ, ധനവ്യയങ്ങളെല്ലാം ശ്രദ്ധിക്കുന്നു. കൂടുതൽ വിവരങ്ങളുടെയും മെഷ്യൻ ലേർണിംഗിന്റെയും സഹായത്തോടെ അവ നമ്മെ കൂടുതൽ അപഗ്രഥിക്കുന്നു. ഫെയ്സ്ബുക്കിന്റെ അൽഗോരിതത്തിന് മനുഷ്യന്റെ വ്യക്തിത്വത്തെയും ജീവിത ശൈലികളെയും മറ്റാരെയുംകാൾ നന്നായി മനസ്സിലാക്കാൻ കഴിയുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഫെയ്സ്ബുക്കിൽ ഒരാൾ നൽകുന്ന ലൈക്കുകളുടെ അടിസ്ഥാനത്തിൽ അയാളുടെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും പ്രവചിക്കാൻ കഴിയുമത്രെ. കേവലം ഫെയ്സ്ബുക്കിൽ ഒരാൾ നൽകുന്ന 300 ലൈക്കുകൾ മതിയത്രെ അയാളുടെ നിലപാടുകളും ചിന്തകളും മനസ്സിലാക്കാൻ. അതുപോലെ സ്ഥിരമായി ആമസോൺ വഴി സാധനങ്ങൾ വാങ്ങുന്ന ഒരാളുടെ ആഗ്രഹങ്ങൾ എന്തൊക്കെയാണെന്ന് ആമസോണിന് പ്രവചിക്കാൻ കഴിയും.

വികാരവും വിചാരവും വിവര (ഡാറ്റ) ങ്ങളാക്കപ്പെടുന്ന ശാസ്ത്ര സാങ്കേതിക കാലത്തിലേക്ക് നാം കാലെടുത്തുവയ്ക്കുമ്പോൾ മനുഷ്യബുദ്ധിയേയും ഭാവനയേയും ക്രിയാത്മകതയേയും മനുഷ്യനെ തന്നെയും പകരം വയ്ക്കുന്ന യന്ത്രങ്ങളുടെ സയൻസ് ഫിക്ഷൻ സിനിമാ കഥകളെ വെല്ലുന്ന ലോകത്തിലേക്കാണ് മനുഷ്യന്റെ പ്രയാണം. ■

# സെൽവരാജ് നാടിന്റെ അഭിമാനം

**1992 മുതൽ അധ്യാപക ജീവിതം ആരംഭിച്ച സെൽവരാജ് മതബോധനരംഗത്തെ സജീവ സാന്നിധ്യം കൂടിയാണ് സെൽവരാജ്. അധ്യാപനരംഗത്തെ നിറസാന്നിധ്യമായ അദ്ദേഹം മികച്ച ഒരു നാടകകൃത്തും നടനും കൂടിയാണ്.**

'വിദ്യാധനം സർവ്വധനാൽ പ്രധാനം' ഭാവിയുടെ വാഗ്ദാനങ്ങളായ പുതുതലമുറയ്ക്ക് വിദ്യാഭ്യാസം എത്രത്തോളം പ്രാധാന്യമുള്ളതാണോ അത്രത്തോളം പ്രാധാന്യമുള്ളവരാണ് വിദ്യപകർന്നുനൽകുന്ന അധ്യാപകരും. ആ തിരിച്ചറിവും വിദ്യാഭ്യാസ രംഗത്തെ അർപ്പണ മനോഭാവവും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലെ വ്യത്യസ്തതയുമാണ് കഴിഞ്ഞ 29 വർഷമായി അധ്യാപന സപര്യ തുടരുന്ന സെൽവരാജ് ജെ എന്ന അധ്യാപകനെ 2021 ലെ മികച്ച അധ്യാപകനുള്ള കേരള സംസ്ഥാന പുരസ്കാരത്തിന് അർഹനാക്കിയത്. 1992 മുതൽ അധ്യാപക ജീവിതം ആരംഭിച്ച സെൽവരാജ് കഴിഞ്ഞ ഒരുവർഷമായി കോട്ടപ്പുറം സെന്റ് മേരീസ് എൽ. പി. സ്കൂളിലെ പ്രധാന അധ്യാപകനാണ്.



1969 മെയ് 31 ന് തെക്കെ കൊല്ലംകോട് സ്വദേശികളായ ജോസഫ്-സൂസമേരി ദമ്പതികളുടെ മകനായി ജനിച്ച സെൽവരാജ് പൊഴിയൂർ ഗവ. എൽ.പി. സ്കൂൾ, വലിയതുറ ഫിഷറീസ് സ്കൂൾ എന്നിവിടങ്ങളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പാലക്കാട് എസ്പിജിറ്റിറ്റിഐ കോളേജിൽ നിന്ന് ടിടിസി പഠനം പൂർത്തിയാക്കിയ അദ്ദേഹം 1992 ൽ പരുത്തിയൂർ സെന്റ് മേരീസ് എൽപി സ്കൂളിൽ അധ്യാപക ജീവിതം ആരംഭിച്ചു. 2006 വരെ സെന്റ് ജോസഫ്സ് എച്ച്എസ് എസ് അഞ്ചുതെങ്ങ്, ഹോളിക്രോസ് പാലൂർ, ആർസി എൽപിഎസ് ഉച്ചക്കട, സെന്റ് മൈക്കിൾസ് എച്ച്എസ്എസ് കഠിനംകുളം, സെന്റ് ആന്റണീസ് എൽപിഎഎസ് പൂഴിക്കുന്ന് എന്നീ സ്കൂളുകളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു. 2006 ൽ ശംഖുംമുഖം സെന്റ് പീറ്റേഴ്സ് എൽപി സ്കൂളിലെ പ്രധാന അധ്യാപകനായി നിയമിക്കപ്പെട്ടു. പ്രൈവറ്റ് എൽപിഎസ് ശംഖുമുഖം എന്നറിയപ്പെട്ടിരുന്ന ഈ സ്കൂളിന്റ പേര് സെന്റ് പീറ്റേഴ്സ് എൽപിഎസ് എന്നാക്കിയത് സെൽവരാജിന്റെ ശ്രമഫലമാണ്. തുടർന്ന് സെന്റ് വെറോണിക്ക എൽപിഎസ് ചിറയിൻകീഴ്, സെന്റ് മേരീസ് എൽപിഎസ് പരുത്തിയൂർ, സെന്റ് ആന്റണീസ് എൽപിഎസ് പൂഴിക്കുന്ന് സെന്റ് ആൻഡ്രൂസ് യുപിഎസ് ചിറ്റാറ്റുമുക്ക് ആർസി എൽപിഎസ് കല്ലിൽ എന്നിവിടങ്ങളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചു. കഴിഞ്ഞ 30 വർഷമായി മതബോധനരംഗത്തെ സജീവ സാന്നിധ്യം കൂടിയാണ് സെൽവരാജ്. അധ്യാപനരംഗത്തെ നിറസാന്നിധ്യമായ അദ്ദേഹം മികച്ച ഒരു നാടകകൃത്തും നടനും കൂടിയാണ്.

കാലത്തിന്റെ കടന്നുപോക്കിൽ മനുഷ്യൻ ഉപേക്ഷിച്ചുപോകുന്ന പല വസ്തുക്കളെയും ചരിത്രത്തിന്റെ ഭാഗമാക്കി മാറ്റുക എന്നത് സെൽവരാജിന്റെ വ്യക്തിപ്രഭാവത്തിന്റെ മറ്റൊരു സവിശേഷതകൂടിയാണ്. ഇതിനോടകം ചരിത്രത്തിന്റെ ഭാഗമായി മാറിയ നാണയങ്ങളുടെയും നോട്ടുകളുടെയും സ്റ്റാമ്പുകളുടെയും ഒരു വൻശേഖരം തന്നെയുണ്ട് ഈ പ്രധാന അധ്യാപകന്റെ പക്കൽ. ശമ്പളത്തിന്റെ നല്ലൊരു ഭാഗം ചെലവഴിച്ചുകൊണ്ടാണ് അദ്ദേഹം ഈ അപൂർവ ശേഖരം ഒരുക്കിയിരിക്കുന്നത്. ലോകത്തിലെ ഏറ്റവും ചെറിയ നാണയം ഉൾപ്പെടെ യേശുക്രിസ്തുവിന്റെ കാലത്തെ വെള്ളിനാണയവും യുദ്ധത്തെപ്പറ്റിയുള്ള നാണയവും ലോകത്തിലെ ആദ്യത്തെ ഒട്ടിക്കാവുന്ന സ്റ്റാമ്പായ പെന്നി ബ്ലാക്ക്, വിശുദ്ധ അൽഫോൺസാമ്മയുടെ തിരുശേഷിപ്പ് എന്നിവയും ഒട്ടുമിക്ക രാജ്യങ്ങളിലെ മഹാപുരുഷന്മാരുടെ ചിത്രങ്ങൾ ആലേഖനം ചെയ്ത സ്റ്റാമ്പുകളും ഇദ്ദേഹത്തിന്റെ ശേഖരത്തിന്റെ പ്രത്യേകതകളാണ്. ഇവയിൽ ഏറ്റവും ശ്രദ്ധേയമായത് നടുക്കടലിൽ രണ്ടു തൂണുകളിലായി സ്ഥിതിചെയ്യുന്ന സീലാൻഡ് എന്ന രാജ്യത്തിന്റെ നാണയമാണ്. തന്റെ ശേഖരങ്ങളെല്ലാം കൂട്ടിച്ചേർത്ത് 'വിസ്മയക്കാഴ്ച' എന്ന പേരിൽ എക്സിബിഷനും ഇദ്ദേഹം സംഘടിപ്പിക്കാറുണ്ട്. വിദ്യാർഥികളുടെ ബുദ്ധിവികസനത്തിനും മാനസികോല്ലാസത്തിനും ഉണർവ് നൽകാൻ സാധിക്കുന്ന 'ഒറിഗാമി' എന്ന ജപ്പാൻ കലയുടെ പരിശീലകൻ കൂടിയാണ് ഇദ്ദേഹം. ■



**നീതു എസ്.എസ്.**
ജേർണലിസം
വിദ്യാർഥിനി

കാനൻ ലോ

# ലത്തീൻ കത്തോലിക്കാ ഇടവകയിൽ ഒരാൾ അംഗമാകുന്നതെങ്ങനെ?

ഇന്ത്യൻ വ്യവസ്ഥിതിയിൽ ഭാരതീയരായ നാം ഏതെങ്കിലും ഒരു വില്ലേജിൽ താമസ വിലാസം (റസിഡൻഷ്യൽ പ്രൂഫ്) ഉള്ളവരാകും. സ്വന്തമായി വീടോ സ്ഥലമോ ഇല്ലെങ്കിൽക്കൂടി ഈ വ്യവസ്ഥ ബാധകമാണ്. സാധാരണയായി താമസിക്കുന്ന വില്ലേജിന്റെ പരിധിയിൽത്തന്നെയായിരിക്കും താമസ വിലാസവും. സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവരോ, ജോലി സംബന്ധമായോ മറ്റേതെങ്കിലും കാരണത്താലോ വില്ലേജിനു പുറത്തോ രാജ്യത്തിനു പുറത്തോ താമസിക്കേണ്ടിവന്നാലും താമസ വിലാസം നഷ്ടപ്പെടുന്നില്ല. ഇതേ രീതി തന്നെയാണ് ഇടവകാംഗത്വ പ്രക്രിയയിലും കാണുന്നത്.

ഇടവകയുമായി ബന്ധപ്പെടുത്തി അംഗത്വം എന്ന പദം സഭാനിയമം ഉപയോഗിക്കുന്നില്ല; മറിച്ച് തമസസ്ഥലം/ വാസസ്ഥലം (domicile) എന്ന പദമാണ് ഉപയോഗിക്കുന്നത്. താമസസ്ഥലം / വാസസ്ഥലം സ്ഥിരമോ താത്ക്കാലികമോ ആകും. എങ്കിലും നമ്മുടെ സംസ്ക്കാര രീതിയിൽ നിന്നുകൊണ്ടാണ് അംഗത്വം എന്ന പദം ഇവിടെ ഉപയോഗിക്കുന്നത്.

ലത്തീൻ കത്തോലിക്കാ സഭയിലെ ഒരാളുടെ ഇടവകാംഗത്വം, ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 100107 പ്രകാരം, സാധാരണയായി, താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒരു മാർഗ്ഗത്തിലൂടെയാണ്:

1. മാതാപിതാക്കളുടെ അംഗത്വമുള്ള (അംഗത്വം സ്ഥിരമോ താത്ക്കാലികമോ ആകാവുന്നതാണ്) ഇടവകയിലായിരിക്കും അവരുടെ കുഞ്ഞിന്റെയും അംഗത്വം (CIC 101ṙ 1).
2. മാതാപിതാക്കളുടെ അംഗത്വം രണ്ട് വ്യത്യസ്ത ഇടവകകളിലാണെങ്കിൽ അവരുടെ കുഞ്ഞിന്റെ അംഗത്വം അമ്മയുടെ ഇടവകയിലായിരിക്കും (CIC 101ṙ 1). ഉദാ: മാതാപിതാക്കൾ സഭാപരമായി വേർപിരിഞ്ഞശേഷം വെവ്വേറെ ഇടവകകളിൽ അംഗങ്ങളായി വസിക്കുന്നു).
3. മാതാപിതാക്കൾ ദേശാടനക്കാരാണെങ്കിൽ (ഒരിടത്തും സ്ഥിര വാസസ്ഥാനമോ താത്ക്കാലിക വാസസ്ഥാനമോ ഇല്ലാത്തവർ) കുഞ്ഞിന്റെ അംഗത്വം കുഞ്ഞ് ജനിച്ച സ്ഥലത്തെ ഇടവകയിലായിരിക്കും (CIC 101ṙ 2).
4. ഒരു ഇടവകയുടെ ഭൂപ്രദേശ പരിധിയിൽ സ്ഥിരമായി ആയിരിക്കണമെന്ന ഉദ്ദേശ്യത്തോടെ താമസിക്കുന്നതുവഴിയോ താമസം 5 വർഷം പൂർത്തിയാക്കുന്നതു വഴിയോ ആ ഇടവകയിൽ സ്ഥിരാംഗത്വം ലഭിക്കുന്നു (CIC 102ṙ 1). സ്ഥലംമാറ്റത്തിലൂടെയുള്ള അംഗത്വം ഈ ഗണത്തിൽപ്പെടുന്നു.
5. ഒരു ഇടവകയുടെ ഭൂപ്രദേശ പരിധിയിൽ മൂന്നു മാസമെങ്കിലും ആയിരിക്കണമെന്ന ഉദ്ദേശ്യത്തോടെ താമസിക്കുന്നതുവഴിയോ താമസം 3 മാസം പൂർത്തിയാക്കുന്നതു വഴിയോ ആ ഇടവകയിൽ താൽക്കാലികാംഗത്വം ലഭിക്കുന്നു (CIC 102ṙ 2).
6. വ്യത്യസ്ത ഇടവകകളിൽ നിന്നുള്ള ദമ്പതിമാർ പൊതുവേ അംഗത്വം സ്വീരിക്കുന്ന ഇടവകയിൽ അംഗങ്ങളാകും (CIC 104).
7. 14 വയസ്സ് പൂർത്തിയായ ശേഷം ജ്ഞാനസ്നാനം സ്വീകരിക്കുന്ന വ്യക്തിയുടെ അംഗത്വം അയാളെ ജ്ഞാനസ്നാനാർത്ഥിയായി സ്വീകരിച്ച് ഒരുക്കിയ ഇടവക വികാരിയുടെ ഇടവകയിൽ ആയിരിക്കും.
8. അകത്തോലിക്കാ സഭയിൽനിന്നും വരുന്ന വ്യക്തിയുടെ അംഗത്വം, അയാളെ കത്തോലിക്കാ വിശ്വാസത്തിലേക്ക് സ്വീകരിച്ച ഇടവക വികാരിയുടെ ഇടവകയിലായിരിക്കും.
9. ഭാരതത്തിലെ മെത്രാന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് 2017 ഒക്ടോബർ മാസം 9-ന് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച കത്ത് (ഡിക്രി) നമ്പർ 08 പ്രകാരം, സീറോ മലബാർ സഭാംഗങ്ങൾക്ക്, അവരുടെ സഭാംഗത്വം നിലനിർത്തിക്കൊണ്ട്, അവർ താമസിക്കുന്ന ഭൂപ്രദേശത്തെ ലത്തീൻ ഇടവകയിൽ അംഗങ്ങളാകാനാകും.



**ഫാ. ജോസ് ജി.**
ജൂഡീഷ്യൽ വികാർ

ലേഖനം



# നമ്മുടെ കുടുംബ പ്രാർത്ഥനയ്ക്ക് എന്ത് സംഭവിച്ചു

**ഈ**യിടെ റിലീസ് ചെയ്ത 'ഹോം' എന്ന മലയാള സിനിമയെപ്പറ്റിയുള്ള വിമർശനാത്മകമായ ഒരു നിരൂപണത്തിൽ ഇങ്ങനെ കണ്ടു. ടെലിവിഷൻ നോക്കിയിരുന്ന് ഒറ്റക്ക് കൊന്ത ചൊല്ലുന്ന ഒരൊറ്റ കാര്യത്തിലേക്ക് ക്രൈസ്തവ ജീവിതത്തെ ചുരുക്കിയതിനോട് വിയോജിക്കുന്നു എന്ന്.

**കുടുംബ പ്രാർത്ഥനകളിലെ അപഭ്രംശത്തെക്കുറിച്ച് വിമർശകാത്മകമായ ഒരു വിലയിരുത്തൽ**

നമ്മൾ വിയോജിക്കുന്നുണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം. എന്താണ് ഇന്ന് നമ്മുടെ കുടുംബങ്ങളിലെ ക്രൈസ്തവ ജീവിതം? ആ ജീവിതത്തിന്റെ ഒരു പരിച്ഛേദമല്ലേ സിനിമ, നാടകം തുടങ്ങിയ കലാരൂപങ്ങളിൽ ദൃശ്യമാകുന്നത്? മലയാളത്തിലെ ചില ആദ്യകാല ചലച്ചിത്രങ്ങളിൽ, ക്രൈസ്തവ കുടുംബങ്ങളിലെ പ്രാർത്ഥനാന്തരീക്ഷം എങ്ങനെയാണ് ദൃശ്യവൽക്കരിച്ചിരുന്നതെന്ന് ഒന്ന് ഓർത്തുനോക്കുന്നത് നന്നായിരിക്കും. തിരുഹൃദയചിത്രത്തിന് മുമ്പിൽ മുട്ടുകുത്തിനിന്ന് ഗാനാലാപനത്തോടെ പ്രാർത്ഥിക്കുന്ന കുടുംബങ്ങളെ എത്രയോ സിനിമകളിൽ നാം കണ്ടിട്ടുണ്ട്. ആദ്യകാലങ്ങളിലെ മികച്ച പ്രാർത്ഥനാഗാനങ്ങളെല്ലാം ചലച്ചിത്രഗാനങ്ങളായിരുന്നു. ഉദാഹരണമായി, ബാവാക്കും പുത്രനും... നിത്യവിശുദ്ധയാം കന്യാമറിയമേ..., ആകാശങ്ങളിലിരിക്കും...., നീയെന്റെ പ്രാർത്ഥന കേട്ടു... ഇത്യാദി. അക്കാലങ്ങളിൽ ക്രിസ്തീയ കുടുംബങ്ങളിൽ കുടുംബ



**എം. ആർക്കാഞ്ചലോ**
അല്മായ ശുശ്രൂഷാ മുൻ ഡയറക്ടർ

പ്രാർത്ഥന ഒരു പതിവായിരുന്നു. മുട്ടിന്മേൽ നിന്നായിരുന്നു പ്രാർത്ഥന. സന്ധ്യാസമയത്ത് പള്ളിമണി കേൾക്കുമ്പോൾ തന്നെ പ്രാർത്ഥന ആരംഭിക്കുന്ന ഒരുകാലം ഉണ്ടായിരുന്നു. ഒരു മണിക്കൂറോളം നീളുന്ന പ്രാർത്ഥന. ഇന്നത്തെ മുതിർന്ന തലമുറയ്ക്ക് അതൊക്കെ ഓർമ്മയുണ്ടാവും. പിന്നീട് അടുത്ത തലമുറ ആയപ്പോൾ ഇരുന്നു പ്രാർത്ഥിക്കാമെന്നായി. പ്രാർത്ഥനാ സമയം ചുരുങ്ങി. മൂന്നാം തലമുറയായപ്പോൾ സന്ധ്യാപ്രാർത്ഥന, രാത്രി എപ്പോൾ വേണമെങ്കിലും ആവാമെന്നായി. സമയം വീണ്ടും ചുരുങ്ങി.

ഇന്നത്തെ സ്ഥിതിയോ? കുടുംബപ്രാർത്ഥന നടക്കുന്ന കുടുംബങ്ങൾ കുറഞ്ഞിരിക്കുന്നു. പ്രാർത്ഥന ചൊല്ലുന്ന കുടുംബങ്ങളിലാവട്ടെ, സെമി ഹൈസ്പീഡ് ട്രെയിൻപോലെ ഒരു പോക്കാണ്. ഇതിനിടയിൽ സെൽഫോണിൽ മെസേജ് നോട്ടവും മറ്റ് ചില്ലറ കലാപരിപാടികളും, മയക്കവും ഉറക്കവും ഉൾപ്പെടെ നടക്കുന്നു. ആരെയും പ്രാർത്ഥിക്കാൻ കിട്ടിയില്ലെങ്കിൽ പഴയകാല അമ്മച്ചിമാർ, ശാലോമിലെ കൊന്തചൊല്ലലും കണ്ട് പ്രാർത്ഥന നടത്തുന്നു. ഇതൊക്കെ തന്നെയല്ലേ സിനിമയിലും കാണിക്കാനാവൂ. മുമ്പ് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഉണ്ടായിരുന്ന നാളുകളിൽ ആ സമയത്ത് പ്രാർത്ഥന നടത്തിയിരുന്ന കുടുംബങ്ങളും ഉണ്ടായിരുന്നു.

എന്താണ് ഈ അവസ്ഥയ്ക്ക് കാരണം? കാലത്തിന് അനുസരിച്ച് കോലം കെട്ടുന്നവർ എന്നൊക്കെ പറഞ്ഞ് നമുക്ക് കൈ കഴുകാം. പക്ഷേ, എന്തുകൊണ്ടാണ് ഇന്നത്തെ യുവതലമുറ പ്രാർത്ഥനയിൽ നിന്ന് അകന്നുപോകുന്നത്? ഇതിന്റെ കാരണങ്ങളിലേക്കൊന്ന് ആഴത്തിൽ കടന്നുചെല്ലുന്നത് നന്നായിരിക്കും.

## ആധുനിക യുഗത്തിന്റെ അപഭ്രംശങ്ങൾ

വ്യവസായിക വിപ്ലവത്തോടെ യൂറോപ്പിലെങ്ങും പടർന്നുപിടിച്ച മതനിരാസത്തിന് ഇന്നും യുവജനങ്ങളുടെ ഇടയിൽ വേരോട്ടമുണ്ട്. മനുഷ്യനന്മ പറയുന്ന മതങ്ങൾ പരസ്പര വിദ്വേഷം ഉണർത്തുന്നത് കണ്ടാണ് യുവത വളർന്നുവരുന്നത് എന്നകാര്യം മറക്കരുത്. വിശ്വാസം അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യാൻ മുതിർന്നവർക്കായില്ല. ലോകത്തിന്റെ സുഖങ്ങളെല്ലാം ആസ്വദിക്കാൻ വെമ്പുന്നവർക്കെവിടെ വിശ്വാസം? ദേവാലയങ്ങളിൽ ആരാധനയ്ക്ക് ജനം ഇല്ലാത്തതും അങ്ങനെ അവ വിൽക്കേണ്ടി വരുന്നതും യൂറോപ്പിൽ സർവസാധാരണമായിരിക്കുന്നു. അവിടെ കടുത്ത വൈദിക ക്ഷാമമാണ്. യൂറോപ്പിൽ സേവനം ചെയ്യുന്ന ഒരു വൈദികൻ ഈയിടെ പറഞ്ഞത്. ഞാനോർക്കുന്നു. ഒരു വലിയ ക്രിസ്ത്യൻ ദേവാലയം

## പ്രാർത്ഥന എന്നും ഒപ്പമുണ്ടാകണം

ആവശ്യം വരുമ്പോൾ മാത്രം പ്രാർത്ഥിക്കുന്നത് യഥാർത്ഥ പ്രാർത്ഥനയല്ല. പ്രാർഥന നമ്മുടെ ജീവിതത്തിന്റെ ഭാഗമാകണം എന്ന് എന്നെ പഠിപ്പിച്ചത് എന്റെ മാതാപിതാക്കളാണ്. പ്രാർത്ഥനയുടെ ശക്തി എന്താണെന്ന് എനിക്കിന്ന് മനസ്സിലായി. കുഞ്ഞുനാൾ മുതൽ ഞങ്ങൾ മൂന്നുപേരെയും പ്രാർത്ഥനയിലേക്ക് നയിച്ച, മടി കൂടാതെ എങ്ങനെ പ്രാർത്ഥനയിൽ പങ്കുചേരാം എന്നുപഠിപ്പിച്ച എന്റെ അപ്പാപ്പനെയും അമ്മാമ്മയെയും കൂടി സ്മരിച്ചുകൊണ്ട് ഞങ്ങളുടെ വീട്ടിലെ കുടുംബ പ്രാർത്ഥന എപ്രകാരമാണെന്ന് പറയാം.

രാത്രി 8 മണിക്ക് കുരിശടയാളം വരച്ച് തുടങ്ങുന്നു. സങ്കീർത്തനം 91 വായിച്ചതിന് ശേഷം ജപമാല ചൊല്ലുന്നു. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥനയും 121, 123 സങ്കീർത്തനങ്ങളും ചൊല്ലും. മാതാവിന്റെ ഗാനത്തോടെ എല്ലാവർക്കും സ്തുതി പറഞ്ഞ് അവസാനിപ്പിക്കും. ഈ കുടുംബ പ്രാർത്ഥന ഒരിക്കലും മുടക്കാറില്ല. കുടുംബത്തിൽ ആത്മീയ വളർച്ച നിലനിന്ന് നല്ല മക്കളായി വളരണമെങ്കിൽ ഇത് അത്യാവശ്യമാണെന്ന കാര്യം ഇന്നെനിക്കറിയാം.

**സാൻമരിയ ആന്റോ**
കുടപ്പനക്കുന്ന് ഇടവക
പ്ലസ്-വൺ വിദ്യാർഥിനി

അവിടെ വില്പനയ്ക്കായി വച്ചിരിക്കുന്നു വെത്രേ. വില എത്രയാണെന്ന് അറിയാമോ? എത്രയോ മില്യൻ യൂറോ ആയിരിക്കുമെന്ന് കരുതിയോ? അല്ല; വെറും ഒരു യൂറോക്ക്! എന്നിട്ടും വില്പന നടക്കുന്നില്ല. ആ ബ്രഹ്മാണ്ഡ ദേവാലയം പരിപാലിക്കാൻ ഭീമമായ ചെലവ് വരും. അതിനുള്ള വരുമാനം ലഭിക്കുന്നില്ല. ഇന്ന് പല പാശ്ചാത്യ സമ്പന്ന രാജ്യങ്ങളുടെയും കാൽക്കീഴിൽ നിന്നും ക്രൈസ്തവ സംസ്കാരത്തിന്റെ മണ്ണ് ഒലിച്ചുപോയിക്കൊണ്ടിരിക്കുന്നു. മതതീവ്രവാദം അവിടെ വേരുപാകിക്കഴിഞ്ഞു!

## യേശുവിനെക്കുറിച്ചുള്ള അജ്ഞത

യേശു ആരാണ് എന്നറിയാതെ എങ്ങനെ ക്രിസ്ത്യാനിയാവും! മനുഷ്യനെ സ്നേഹിക്കുകയും അവന്റെ വ്യക്തിത്വത്തെ ആദരിക്കുകയും ചെയ്യുന്ന ദൈവത്തെയാണ് കുരിശ് തുറന്നുകാട്ടിയത്. സ്നേഹിക്കുന്ന ദൈവത്തെ, സഹിക്കുന്ന ദൈവത്തെ വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ് (1 യോഹ. 3:18). യേശുവിന്റെ സ്നേഹം ഭാവന സമ്പന്നവും പ്രത്യാശാനിർഭരവും ശാന്തിദായകവുമാണ്. കുരിശിൽ നമ്മോടൊത്ത് സഹിക്കുന്ന ദൈവത്തിന്റെ സ്നേഹം, ഉത്ഥാനത്തിൽ നമ്മുടെ സഹനം ഉന്മൂലനം ചെയ്യാൻ നമ്മോടൊത്തു യത്നിക്കുന്ന ദൈവത്തിന്റെ കരുണയും നാം തിരിച്ചറിയണം.

## നവീകരണ പ്രസ്ഥാനങ്ങളുടെ അപചയം

നവീകരണ പ്രസ്ഥാനങ്ങൾ മൂലം കേരള സഭയ്ക്ക് വലിയൊരു ആത്മീയോൽക്കർഷം ഉണ്ടായി എന്നത് നിസ്തർക്കമാണ്. അനേകർ ബൈബിൾ വായിക്കാൻ തുടങ്ങി. കൂദാശകളിലേക്ക് തിരിഞ്ഞു. പാപകരമായ ജീവിതം ഉപേക്ഷിച്ചു. പക്ഷേ, പിന്നീട് അതേ വളർച്ചാ നിലവാരം ഉണ്ടായില്ല. കൂദാശകളേക്കാൾ ഭക്താനുഷ്ഠാനങ്ങൾക്കും വിശ്വാസത്തേക്കാൾ അനുഭവങ്ങൾക്കും പ്രാധാന്യം നൽകുന്ന നിലവന്നു. അനുഭവങ്ങളും അത്ഭുതങ്ങളും തേടിയുള്ള ഓട്ടത്തിനായി പ്രാമുഖ്യം. അനുഭവം ഇല്ലെന്ന് വന്നപ്പോൾ വിശ്വാസം കാറ്റിൽപറന്നു

**കുടുംബപ്രാർത്ഥന നടത്തുന്ന കുടുംബങ്ങൾ കുറഞ്ഞിരിക്കുന്നു. പ്രാർത്ഥന ചൊല്ലുന്ന കുടുംബങ്ങളിലാവട്ടെ, സെമി ഹൈസ്പീഡ് ട്രെയിൻ പോലെ ഒരു പോക്കാണ്. ഇതിനിടയിൽ സെൽഫോണിൽ മെസേജ് നോട്ടവും മറ്റ് ചില്ലറ കലാപരിപാടികളും, മയക്കവും ഉറക്കവും ഉൾപ്പെടെ നടക്കുന്നു**

പോയി. സ്നേഹത്തിലൂന്നിയ പ്രവൃത്തികൾക്കല്ല; വരങ്ങൾ ലഭിക്കാനുള്ള തത്രപ്പാടിനായി പ്രാമുഖ്യം. ധ്യാനിക്കാൻ പോയപ്പോൾ സ്വർണമാലയിട്ടിരുന്നു. ധ്യാനം കഴിഞ്ഞുവന്നപ്പോൾ കഴുത്തിൽ സ്വർണ്ണക്കൊന്തയായി, എന്ന് ചിലർ പരിഹസിച്ചപോലെയായി. അതാണ് വന്ന മാനസാന്തരം! ചിലർ സഭാപഠനങ്ങൾക്ക് വില കല്പിക്കാതെ ധ്യാനഗുരുക്കന്മാരുടെ വാഗ്ധോരണികൾ തേടിപ്പോയി. അതോടെ ധ്യാനഗുരുക്കാർ തന്നെ വലിയ പ്രസ്ഥാനമായിമാറി!

## നിസ്സഹായതയോടെ മതബോധന രംഗം

12-ാം ക്ലാസ് വരെ മതബോധന ക്ലാസുകളിൽ പങ്കെടുത്തവൾ, മതബോധന പരീക്ഷകൾക്കെല്ലാം ഉയർന്ന മാർക്ക് കരസ്ഥമാക്കിയവൾ ഇപ്പോൾ മറ്റൊരു മതവിശ്വാസിയെ വിവാഹം ചെയ്ത് ജീവിക്കുന്നു. അവനോടൊപ്പം ക്ഷേത്രത്തിൽ പ്രദക്ഷിണം വയ്ക്കുന്നു. അല്ലെങ്കിൽ ബുർക്കയണിഞ്ഞ് നടക്കുന്നു. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു? പ്രേമത്തിൽ പെട്ടുപോയി എന്ന് നിസാരവൽക്കരിക്കാതെ എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്ന് ചിന്തിക്കുക. നമ്മുടെ മതബോധനം പരീക്ഷാ കേന്ദ്രീകൃതമാണ്. കുറേ കാണാതെ പഠിക്കൽ! ക്രിസ്തുവിനെ പകർന്നുകൊടുക്കാനാകുന്നില്ല. ക്രിസ്തീയ ജീവിതം എന്തെന്ന് മനസ്സിലാക്കി കൊടുക്കുന്നില്ല. നല്ല ക്രൈസ്തവ ജീവിതം നയിക്കുന്ന അധ്യാപകർ തന്നെ തുലോം പരിമിതം. അതുകൊണ്ടാണ്, കെ.ജി. മുതൽ 12-ാം ക്ലാസ് വരെ പള്ളിക്കകത്ത് ദിവ്യലിയിൽ പങ്കുകൊണ്ടിരിക്കുന്ന യുവാവ്, അതിനുശേഷം പള്ളിക്കുപുറത്തുതന്നെ നിൽക്കുന്നത്.

## വി. കുർബാനയുടെ അന്തഃസത്ത അറിയായ്ക

ക്രൈസ്തവ ജീവിതത്തിന്റെയും ആരാധനയുടെയും കേന്ദ്രബിന്ദു വി. കുർബാനയാണ്. എന്നാൽ, പലപ്പോവും വ്യക്തിയുടെ പതിവ് ശീലങ്ങൾ എന്ന നിലയിൽ മാത്രം ദിവ്യബലിയിൽ പങ്കെടുക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയുമൊക്കെ ചെയ്യുന്നുണ്ട്.



അത്, യേശുനാഥനുമായും കൂദാശയിലെ അവിടുത്തെ സ്നേഹത്തിന്റെയും സ്വയംദാനത്തിന്റെയും രഹസ്യവുമായും ബന്ധപ്പെട്ട നാമമാത്രമായ വി. കുർബാനഭക്തി മാത്രമേ ആകന്നുള്ളൂ. അതുകൊണ്ടാവാം ദിനവും ദിവ്യബലിയിൽ പങ്കെടുത്തിട്ടും ഭൂരിപക്ഷം കത്തോലിക്കരിലും യാതൊരു മാറ്റവും കാണാത്തത്.

കാൽവരിയിൽ പരമകോടിയിലെത്തുകയും സമാപിക്കുകയും ചെയ്ത യേശുവിന്റെ ബലിയുടെ പുനരവതരണമാണ് വി. കുർബാനയാചരണത്തെ ഒരു ബലിയാക്കുന്നത്. അത് ക്രിസ്തുവിന്റെ ബലി മാത്രമല്ല നമ്മുടെ ബലിയും കൂടിയാണ്. വിശുദ്ധ കുർബാനയിൽ സഭ സ്വയം അർപ്പിക്കുകയും ബാഹ്യമായ പ്രതീകങ്ങളിലൂടെ തന്റെ ബലിമനോഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്നു എന്ന് സെന്റ് അഗസ്റ്റിൻ പറയുന്നു. വിശുദ്ധ കുർബാന ദേവാലയത്തിൽ തന്നെ പൂർത്തിയാകുന്ന ഒരു അനുഷ്ഠാനമല്ല. നമ്മുടെ ജീവിതം ബലിയായി മാറുന്നുവോ എന്നതാണ് മുഖ്യം. വി. കുർബാനയാചരണം, നമ്മുടെ സഹോദരീ സഹോദരന്മാരുടെ രക്ഷയ്ക്കും സുസ്ഥിതിക്കും വേണ്ടി ക്രിസ്തുവിനെപ്പോലെ ജീവിക്കാനും പ്രവർത്തിക്കാനും നമ്മെ കടപ്പെടുത്തുന്നു. അങ്ങനെ ചെയ്താലേ, രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നതുപോലെ വി. കുർബാന ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടവും കേന്ദ്രവും ആവുകയുള്ളൂ.

## ധ്യാനാത്മക പ്രാർത്ഥനയെ കുറിച്ചുള്ള അറിവില്ലായ്മ

സന്ധ്യാസമയത്ത് കുടുംബാംഗങ്ങൾ കൊന്ത ചൊല്ലി പ്രാർത്ഥിക്കവേ, അവരുടെ ഒരു കുടുംബസുഹൃത്ത് അവിടെയെത്തി. ഹിന്ദുമത വിശ്വാസിയായ അയാൾ പ്രാർത്ഥന കഴിയുന്നതുവരെ കാത്തുനിന്നു. പ്രാർത്ഥന അവസാനിച്ചപ്പോൾ അദ്ദേഹം ചോദിച്ചു, "നിങ്ങളുടെ പ്രാർത്ഥന എനിക്ക് ഇഷ്ടമായി. ഏത് ഭാഷയിലാണ് നിങ്ങൾ പ്രാർത്ഥിച്ചത്?'' മലയാളത്തിൽ പ്രാർത്ഥിച്ച കുടുംബാംഗങ്ങൾ ഇതുകേട്ട് ഇളിഭ്യരായി. ഇതാണ് ഇന്നത്തെ പ്രാർത്ഥനയുടെ അവസ്ഥ. അതിവേഗത്തിൽ പ്രാർത്ഥനകൾ ഉരുവിട്ട് കടമ തീർക്കുന്നു.

കൊന്ത ചൊല്ലൽ, ഒരു ധ്യാനാത്മക പ്രാർത്ഥനയാണ് (Contemplative Prayer) പക്ഷേ, ഇന്ന് അത് ഒരു അധരവ്യായാമമായി പരിണമിച്ചിരിക്കുന്നു. ധ്യാനം, കൊന്തയുടെ ജീവാത്മാവാണ്. ഓരോ രഹസ്യം ചൊല്ലിക്കഴിയുമ്പോഴും 'നമുക്ക് ധ്യാനിക്കാം' എന്ന് നാം പറയാറുണ്ട്. പക്ഷേ, ധ്യാനിക്കാറില്ല. മാത്രമല്ല, ധ്യാനിക്കാൻ ഒരു അവസരവും നൽകുകയുമില്ല. ഉടൻ തന്നെ 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന തുടങ്ങിയിരിക്കും. ധ്യാനിക്കാം എന്ന് വെറുതെ പറയുകയാണോ? ഏതാനും സെക്കന്റ് നേരമെങ്കിലും മൗനമായിരുന്ന് ആ രഹസ്യം ഒന്നു ധ്യാനിച്ചുകൂടെ. ധ്യാനിക്കുകയെന്നാൽ ആ രഹസ്യത്തിൽ വിവരിക്കുന്ന സംഭവം ഒന്ന് മനസ്സിൽ ദർശിക്കുക. പിന്നീട് ചൊല്ലുന്ന പ്രാർത്ഥനകളുടെയും അർത്ഥം മനസ്സിലാക്കി ചൊല്ലുവാൻ ശ്രമിച്ചാൽ മതി. കണ്ണടിച്ചിരുന്ന് പ്രാർത്ഥിച്ചാൽ അശ്രദ്ധ ഒഴിവാക്കാം. ഉറങ്ങരുതെന്ന് മാത്രം. നമ്മുടെ വീട്ടിൽ വരുന്ന അതിഥിയോട് നാം അലസമായും ഉറങ്ങിയും സംസാരിക്കുമോ? അപ്പോൾ ദൈവവുമായുള്ള സംഭാഷണം അലസമായും അശ്രദ്ധമായും ചെയ്യാമോ? ഉച്ചാരണ ശുദ്ധിയോടെ സാവധാനം പ്രാർഥിക്കാൻ കുട്ടികളെ ശീലിപ്പിക്കണം. അവരെ അപ്രകാരം ശീലിപ്പിക്കുന്നില്ലെങ്കിൽ മുതിർന്നാലും അവരത് പഠിക്കുകയില്ല.

ആധുനിക കാലത്തെ ഒരു വലിയ മരിയ ഭക്തനായിരുന്നു ഫാ. പാട്രിക് പെയ്റ്റൺ. അദ്ദേഹത്തെ ഇപ്പോൾ 'ധന്യൻ' എന്ന പദവിയിലേക്ക് ഫ്രാൻസിസ് പാപ്പ ഉയർത്തിയിട്ടുണ്ട്. "ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിൽക്കുന്നു." എന്നത് അദ്ദേഹത്തിന്റെ വിശ്രുതമായ വചനമാണ്. "കുടുംബപ്രാർത്ഥന, കുടുംബാംഗങ്ങൾ തമ്മിലുണ്ടാവുന്ന എല്ലാ ഭിന്നതകളും ഇല്ലാതാക്കുകയും പരസ്പര ഐക്യവും സ്നേഹവും പ്രദാനം ചെയ്യുകയും ചെയ്യുന്നു." എന്നതാണ് മറ്റൊരു വചനം.

അതിനാൽ, നമ്മുടെ ഭവനങ്ങളിലെ കുടുംബപ്രാർത്ഥന എന്ന വലിയ നിധി നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കാം. വരും തലമുറയ്ക്ക് കൈമാറാം. ■

## പ്രാർത്ഥന

'കണ്ടാലും ! എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോട് കാണിച്ചത്. നാം ദൈവമക്കളെന്നു വിളിക്കപ്പെടുന്നു. നാം അങ്ങനെയാണ് താനും.' (1യോഹ. 3:1) ഞാനും സ്വർഗീയ പിതാവിന്റെ പൈതലാണ് എന്ന തിരിച്ചറിവാണ് എന്റെ ജീവിതത്തെ ആനന്ദപ്രദവും അനുഗ്രഹീതവുമാക്കുന്നത്. അതുകൊണ്ടു തന്നെ മക്കൾക്ക് സ്വർഗീയ പിതാവിനെ കുറിച്ച് പറഞ്ഞു കൊടുക്കുകയും, എല്ലായ്പ്പോഴും ആ പിതാവിൽ ആശ്രയിച്ചു ഒരു ദൈവപൈതലായി ജീവിക്കാൻ അവരെ പഠിപ്പിക്കുകയും ചെയ്യുകയാണ് ഒരു അപ്പനെന്ന നിലയിൽ എന്റെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യം എന്ന് ഞാൻ വിശ്വസിക്കുന്നു.

പ്രാർത്ഥനയെക്കുറിച്ചു അനേകം നിർവചനങ്ങളുണ്ടെങ്കിലും 'സ്വർഗീയ പിതാവും ഒരു ദൈവപൈതലും തമ്മിലുള്ള സ്നേഹസംഭാഷണമാണ് പ്രാർത്ഥന' എന്ന നിർവചനമാണ് എന്നെ കൂടുതൽ സ്വാധീനിച്ചിട്ടുള്ളത്. കാരണം പ്രാർത്ഥനയിലൂടെ ഒരു ദൈവപൈതൽ തന്റെ സ്വർഗീയ പിതാവിനെ കൂടുതൽ അടുത്തറിയുന്നു. അപ്പന്റെ സ്നേഹം അനുഭവിക്കുന്നു. തന്റെ ദുഖങ്ങളും, സന്തോഷങ്ങളും, ആകുലതകളും, വീഴ്ചകളും, ഭാരങ്ങളും അപ്പനോട് പങ്കു വയ്ക്കുന്നു. പ്രാർത്ഥനയിലൂടെ അപ്പന്റെ വാത്സല്യവും സാന്ത്വനവും അനുഭവിച്ചറിയുന്നു. പ്രാർത്ഥനയിലൂടെ അപ്പൻ നൽകുന്ന പ്രത്യാശ സ്വീകരിക്കുന്നു. ചുരുക്കത്തിൽ പ്രാർത്ഥനയിലൂടെ സ്വർഗീയ പിതാവുമായുള്ള ആത്മബന്ധത്തിൽ ഒരു ദൈവപൈതൽ വളരുന്നു.

ദൈവസമ്മാനമായി ലഭിച്ച മക്കളും സ്വർഗീയ പിതാവുമായുള്ള ആത്മബന്ധത്തിൽ വളരണമെന്നാണ് ഒരു ഭൗമിക പിതാവായ ഞാൻ ആഗ്രഹിക്കുന്നത്.

**– ബിനോജ് മണി**
വെള്ളയമ്പലം

## ചരിത്രപഥം



# 99 വർഷം പിന്നിടുന്ന ലൂയിസ് കാത്തലിക്ക് ഹോസ്റ്റൽ

കലാലയ വിദ്യാർത്ഥികൾക്ക് താമസിച്ചുപഠിക്കുവാൻ വേണ്ടി തലസ്ഥാനത്ത് സ്ഥാപിതമായ ലൂയിസ് കാത്തലിക് ഹോസ്റ്റൽ ശതാബ്ദി ആഘോഷത്തിനൊരുങ്ങുന്നു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നും ഉപരിപഠനത്തിനായി തലസ്ഥാനത്ത് എത്തുന്ന കത്തോലിക്കാ വിദ്യാർഥികൾക്ക് താമസിക്കുവാനും ആദ്ധ്യാത്മിക പരിപോഷണത്തിനുമായി സ്ഥാപിതമായ ഒരിടമാണ് കാത്തലിക് ഹോസ്റ്റൽ. യൂണിവേഴ്സിറ്റി കോളേജ് ഉൾപ്പെടെ നഗരത്തിലെ കോളേജുകളിൽ അഡ്മിഷൻ നേടുന്ന കത്തോലിക്കാ വിദ്യാർഥികൾക്കായി കൊല്ലം മെത്രാനായിരുന്ന അലോഷ്യസ് മരിയ ബൻസിഗർ സ്ഥാപിച്ചതാണീ ഹോസ്റ്റൽ. 1922 ൽ പാങ്ങോട് കാർമൽഹിൽ ആശ്രമത്തോടനുബന്ധിച്ചുള്ള കെട്ടിടത്തിലായിരുന്നു ഹോസ്റ്റലിന്റെ ആരംഭം. ഫാ. ഗ്രിഗറി OCD യായിരുന്നു ആദ്യവാർഡൻ. 1927 ൽ നഗരഹൃദയത്തിൽ യൂണിവേഴ്സിറ്റി കോളേജിന് സമീപം മീഡ്സ് ലെയ്നിൽ ബിഷപ്പ് ബൻസിഗറിന്റെ നേതൃത്വത്തിൽ 32,350 രൂപയ്ക്ക് വാങ്ങിയ സ്ഥലവും കെട്ടിടവും നവീകരിച്ച് പാങ്ങോട് നിന്ന് ലൂയിസ് കാത്തലിക് ഹോസ്റ്റൽ ഇവിടേക്ക് മാറ്റിസ്ഥാപിച്ചു. ഫാ. ജോസഫ് വെട്ടിക്കാപള്ളി, ഫാ. പി.സി.തോമസ്, മോൺ എ. ജെയിംസ്, മോൺ. സി. ജോസഫ്, ഡോ. പീറ്റർ ഗൊൺസാൽവസ്, ഫാ. പീറ്റർ അഗസ്റ്റിൻ, മോൺ. ജെയിംസ്, അമാഡോ, ഡോ. ചാൾസ് ലിയോൺ തുടങ്ങിയവർ ഇവിടെ ഹോസ്റ്റൽ വാർഡന്മാരായിരുന്നു. മോൺ ജെയിംസിനോടൊപ്പം ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അന്ന് അസി. വാർഡിനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വെള്ളയമ്പലം ജൂബിലി മെമ്മോറിയൽ ആനിമേഷൻ സെന്റർ 1989 ൽ ഉദ്ഘാടനം ചെയ്യപ്പെടുന്നതുവരെ എല്ലാവർഷവും രൂപതാ വൈദികരുടെ വാർഷിക ധ്യാനം ഓണാവധിക്കാലത്ത് ഇവിടെയാണ് നടത്തിയിരുന്നത്. 1958 ൽ തിരുവനന്തപുരം രൂപതാ മൈനർ സെമിനാരി കാത്തലിക് ഹോസ്റ്റലിനോടുചേർന്ന കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. മോൺ. ഡോ. സി. ജോസഫ് വാർഡനായിരുന്ന കാലത്ത് ഹോസ്റ്റലിനായി പണികഴിപ്പിച്ച കെട്ടിടമാണ് ഇന്ന് ജൂബിലി ഹോസ്പിറ്റ



**ഇഗ്നേഷ്യസ് തോമസ്**

ലിന്റെ സെന്റ് ജേക്കബ് ബ്ലോക്കായി നിലകൊള്ളുന്നത്.

പാലാ രൂപതാ മെത്രാനായിരുന്ന ഡോ. സെബാസ്റ്റ്യൻ വയലിൽ, തല ശേരി രൂപതാ മെത്രാനായിരുന്ന ഡോ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി, കേരള കോൺഗ്രസ് സ്ഥാപക നേതാവ് കെ. എം.ജോർജ്, മുൻ ഡിജിപി ജേക്കബ് പുന്നൂസ് ഉൾപ്പെടെ പ്രഗത്ഭരായ ഒട്ടേറെപ്പേർ കാത്തലിക് ഹോസ്റ്റലിൽ താമസിച്ച് നഗരത്തിലെ വിവിധ കോളേ ജുകളിൽ പഠിച്ചിരുന്നുവെന്നത് അഭിമാ നകാരമായ കാര്യം തന്നെയാണ്.

1987 ജൂലൈ 27 ന് ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ ആരം ഭിക്കുന്നത് സെന്റ് വിൻസന്റ്സ് മൈനർ സെമിനാരി കെട്ടിടത്തിലാണ്. 1986 മേയ് 17 ന് സെന്റ് വിൻസെന്റ് സെമിനാരി മേനംകുളത്തേക്ക് മാറ്റി സ്ഥാപിച്ചു. അശുപത്രി വികസന ത്തിന്റെ ഭാഗമായി കാത്തലിക് ഹോസ്റ്റൽ 1998 സെന്റ് ജോസഫ്സ് സ്കൂളിന് പുറകുവശത്തുള്ള ഓറിയ ന്റേഷൻ സെന്ററിലേക്ക് മാറ്റിസ്ഥാപി ച്ചു. തിരുവനന്തപുരം അതിരൂപതാം ഗങ്ങളായ വിദ്യാർഥികൾ ഇപ്പോഴും ഇവിടെ താമസിച്ച് നഗരത്തിലെ വിവിധ കോളേജുകളിൽ പഠനം നട ത്തുന്നു. വിദ്യാർഥികൾക്ക് ആവശ്യ മായ താമസസൗകര്യം ലഭ്യമാക്കുന്ന തിന് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവ രുന്നു. ഫാ. മെൽക്കൻ ആണ് ഇപ്പോൾ ഹോസ്റ്റലിന്റെ മുഖ്യചുമത ല. ഫാ. ഇമ്മാനുവൽ ഹോസ്റ്റലിൽ വിദ്യാർഥികളുടെ ക്ഷേമകാര്യങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. ■

## 1938 കാത്തലിക് ഹോസ്റ്റൽ വാർഷികത്തോടനുബന്ധിച്ച് 'സൊഡാലിസ്റ്റ് മാസിക'യിൽ വന്ന വാർത്ത

1938, ഏപ്രിൽ തിരുവനന്തപുരത്ത് സ്ഥാപിച്ചിരിക്കുന്ന കത്തലിക് ഹോസ്റ്റൽ നാലാം വാർഷികം തിരുവനന്തപുരം മെത്രാൻ നിതാന്തവന്ദ്യ ദിവ്യശ്രീ ഡോക്ടർ വിൻസന്റ് ദെരീരെ തിരുമനസ്സിലെ അധ്യക്ഷതയിൽ നടന്നു. പണ്ഡിതാഗ്രേസരനും പൊതുകാര്യ പ്രസക്തനും സുസമ്മത നുമായ ഹോസ്റ്റൽ ഡയറക്ടർ ഫാ. വെട്ടിക്കാപ്പള്ളി അവറുകൾ കമനീ യമായ മേനിക്കടലാസിൽ അച്ചടിച്ചിട്ടുള്ളതും ചിത്രങ്ങളാൽ അലംകൃ തവുമായ ഹോസ്റ്റൽ റിപ്പോർട്ട് വായിച്ചതിൽ നിന്നും കത്തോലിക്ക ഹോസ്റ്റൽ മുഖേന കത്തോലിക്ക യുവാക്കന്മാരും കോളേജ് വിദ്യാർഥി കളുമായ അനേകർക്ക് പ്രതിവർഷം ലഭിച്ചുകൊണ്ടിരിക്കുന്ന ഗുണങ്ങൾ വിശദമായി തെളിഞ്ഞിരുന്നു. തദവസരത്തിൽ പ്രാസംഗികരായിരുന്ന റവറണ്ട് ഫാ. ഉർബൻ ഒ.എം. (കപ്പൂച്ചിൻ സഭാധ്യക്ഷൻ, കൊല്ലം) അവർകളും വിദ്വാൻ സി.ഐ.ഗോപാലപിള്ള അവർകളും അവരുടെ വിഷ യത്തെ രസകരമായ രീതിയിൽ ലളിതമായ ഭാഷയിൽ വിശദമാക്കി സദ സ്യരെ സംതൃപ്തരാക്കിയെന്നുള്ളത്, ഇടവിടാതെ ചൊരിഞ്ഞുകൊണ്ടി രുന്ന മഴയുണ്ടായിരുന്നിട്ടും ആരും തന്നെ സ്ഥലംവിട്ടുപോയില്ല എന്ന തിൽ നിന്ന് തെളിവാകുന്നുണ്ട്.

*(സൊഡാലിസ്റ്റ് മാസിക, ഏപ്രിൽ 1938)*

## *നർക്കോട്ടിക് ജിഹാദ്...*

*(പേജ് 17 ന്റെ തുടർച്ച)*

ചാപ്പലിൽ ദിവ്യബലി അർപ്പിക്കാനെ ത്തിയ വൈദികൻ ജിഹാദിനെ കുറിച്ച് പരാമർശിച്ചതിൽ പ്രതിഷേധിച്ച് ലോകം മുഴുവൻ ആരാധിക്കുന്ന ദിവ്യകാ രുണ്യവും ദിവ്യബലിയും ബഹിഷ്കരിച്ച് ചാപ്പലിൽ നിന്നും ഇറങ്ങിപ്പോയ കോൺവെന്റ് അംഗങ്ങളുടെ വിശ്വാസ രാഹി ത്യത്തെ എന്തിനോടാണ് താരതമ്യപ്പെടുത്തേ ണ്ടത്. ഇത്രയും നാളും പരിശുദ്ധ കുർബാ നയോടും യേശുവിനോടും അവർ പുലർത്തിപ്പോന്നിരുന്ന വിശ്വസ്തതയിൽ ആത്മാർത്ഥതയുണ്ടായിരുന്നുവോ എന്ന് ആരെങ്കിലും സംശയിച്ചാൽ അതിനവരെ കുറ്റപ്പെടുത്താനാവില്ല. ഇത്തരം പ്രവർത്തി കളെല്ലാം സൂചിപ്പിക്കുന്നത് സഭയോടും സഭാ നിയമങ്ങളോടും ക്രിസ്തീയ വിശ്വാ സത്തോടും കൂറില്ലാത്ത രാഷ്ട്രീയ തിമിരം ബാധിച്ച കുറേപ്പേർ സഭയിലുണ്ടെന്ന തിരി ച്ചറിവാണ്.

പാലാ ബിഷപ്പിന്റെ പരാമർശവും അതേ തുടർന്നുണ്ടായ വിവാദങ്ങളും തീവ്രവാദത്തിനും വർഗീയതയ്ക്കുമെ തിരെ സ്വീകരിക്കേണ്ട ചില നിലപാടു കളെക്കുറിച്ച് കേരളത്തിന് ഒരു മുന്നറി യിപ്പ് നൽകുന്നുണ്ട്. രാഷ്ട്രീയവും മത പരവുമായ മുതലെടുപ്പിന് വർഗീയത ആയുധമായാൽ അത് കേരളത്തിലെ ജാതി-മത സൗഹാർദ്ദം തകർക്കുകയും മതവിശ്വാസത്തിൽ നിന്ന് മനുഷ്യനെ വർഗീയതയിലേക്ക് തള്ളിവിടുകയും ചെയ്യും. ഇത് കേരളത്തെ കൊണ്ടുചെ ന്നെത്തിക്കുക മതഭ്രാന്തിലേക്കായിരിക്കു മെന്ന തിരിച്ചറിവാണ് ഉണ്ടാവേണ്ടത്. അതുകൊണ്ട് പാലാബിഷപ്പിന്റെ പരാ മർശം പിൻവലിച്ച് മാപ്പുപറഞ്ഞതുകൊ ണ്ടൊന്നും ഇപ്പോഴത്തെ പ്രശ്നം അവ സാനിക്കുന്നില്ല. കേരളത്തിലേക്ക് ഒഴുകി യെത്തുന്ന മയക്കുമരുന്നിന്റെയും അതിന്റെ പിന്നിലെ തീവ്രവാദ ലക്ഷ്യ ത്തിന്റെയും പശ്ചാത്തലത്തിൽ നിന്നു കൊണ്ടുവേണം പാലാ ബിഷപ്പിന്റെ പരാമർശത്തെ വിലയിരുത്തേണ്ടത്. ആ പരാമർശത്തെ ഒരു ആരോപണമായി കണ്ട് അതേക്കുറിച്ച് അന്വേഷണം നട ക്കണം. അതുവഴി ഇങ്ങനെ ഒന്നും നട ന്നിട്ടില്ലെന്നും നടക്കുന്നില്ലെന്നും പൊതുസമൂഹത്തെ ബോധ്യപ്പെടുത്തി മാർ കല്ലറങ്ങാട്ടിന്റെ പരാമർശനം നിരർഥകമെന്ന് തള്ളിക്കളയുകയാണ് വേണ്ടത്. അല്ലാത്തപക്ഷം മാപ്പുപറ ഞ്ഞാലും ആ ആരോപണം ചരിത്ര ത്തിൽ ഒരു കറുത്ത അധ്യായമായി നിലനിൽക്കും. ആയതിന് വിവാദ ങ്ങളെ ഭയക്കാത്ത നിർദ്ധാക്ഷണ്യം നടപടി സ്വീകരിക്കാൻ ആർജ്ജവമുള്ള ഒരു സർക്കാരും വർഗീയതയും വിഭാ ഗീയതയും മുതലെടുപ്പിനായി ഉപയോ ഗിക്കില്ലെന്ന് ഉറപ്പുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും മാധ്യമങ്ങളുമാണ് കേരളത്തിന് ഇന്ന് ആവശ്യം. ■

ലേഖനം



# പെരിങ്ങമ്മല വി. മിഖായേൽ ദേവാലയം ശതാബ്ദി നിറവിൽ



**ഫാ. ലാസർ ബെനഡിക്റ്റ്**
ഇടവക വികാരി

ഒരു നാടിന്റെ മുഴുവൻ ചൈതന്യവും അനുഗ്രഹവും മാർഗദീപവുമായി നിലകൊള്ളുന്ന പെരിങ്ങമ്മല വി. മിഖായേൽ ദേവാലയവും ഇടവകയും നൂറുവർഷം പിന്നിട്ട് ശതാബ്ദി ആഘോഷത്തിന്റെ നിറവിലാണ്. പെരിങ്ങമ്മലയിലെ നാടാർ-ഈഴവ-മുക്കുവ-ദളിത് തുടങ്ങിയ പിന്നോക്ക സമുദായാംഗങ്ങളെ ഒന്നിച്ചുചേർത്തുകൊണ്ട് 1921 ൽ രൂപീകൃതമായ ഒരു വിശ്വാസ സമൂഹമാണ് ഇന്ന് അഭിമാനത്തോടെ ശതാബ്ദി ആഘോഷിക്കുന്നത്. 1951 ൽ ഈ പ്രദേശത്തെത്തിയ ജർമൻ മിഷണറി ഭാഗ്യസ്മരണാർഹനായ ഫാ. ജെർമിയാസ് ആണ് ആദ്യമായി പെരിങ്ങമ്മല പ്രദേശത്ത് ക്രിസ്തുസന്ദേശം എത്തിച്ച് ഒരു ക്രിസ്തീയ കൂട്ടായ്മയ്ക്ക് ബീജവാപം നടത്തിയത്. അവിടുന്ന് ഇങ്ങോട്ടുള്ള ഈ നാടിന്റെയും ക്രിസ്തീയ സമൂഹത്തിന്റെയും വളർച്ചയ്ക്ക് ഫാ. ജെർമിയാസിനൊപ്പം പ്രവർത്തിച്ച നല്ലതമ്പി നാടാർ, ശങ്കരനൻ നാടാർ, വേലുനാടാർ, രാമൻ വൈദ്യർ, പൊന്നുനാടാർ, മുത്തുനാടാർ തുടങ്ങിയവരെ നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം അവരുടെ പ്രവർത്തനഫലമായി ഈ നാടിന് കൈവന്ന ദൈവാനുഗ്രഹത്തിന്റെയും സമൃദ്ധിയുടെയും വളർച്ചയുടെയും ആത്മീയ നിറവിൽ ദൈവത്തിന് നന്ദി അർപ്പിക്കാൻ പെരിങ്ങമ്മല ഒരുങ്ങിക്കഴിഞ്ഞു.

1990 ൽ തിരുവനന്തപുരം അതിരൂപതയിൽ ജനകീയ പങ്കാളിത്തത്തിലൂന്നിയുള്ള അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ ആവിർഭാവത്തോടെയാണ് പെരിങ്ങമ്മലയിലെ വിശ്വാസ സമൂഹത്തിന്റെ വളർച്ചയ്ക്ക് ഒരു ദിശാബോധം കൈവരുന്നത് 'ദൈവജനമാണ് സഭ' എന്ന പഠനവും സഭയുടെ ഏറ്റവും വലിയ ഉത്തരവാദിത്വം സുവിശേഷ പ്രഘോഷണമാണെന്ന തിരിച്ചറിവും ഇടവക സമൂഹത്തെ കർമോത്സുകരാക്കി. ഇന്ന് വിവിധ ശുശ്രൂഷകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ കർമ്മപദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിൽ വിശ്വാസ സമൂഹം പ്രതിജ്ഞാ ബദ്ധമാണ്.

10 ബിസിസി യൂണിറ്റുകളിലായി 223 കുടുംബങ്ങളാണ് ഇവിടെയുള്ളത്. 21 അംഗ കൗൺസിലിന്റെ നേതൃത്വമാണ് വികാരിയോടൊപ്പം ഇടവകയുടെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. അജപാലന ശുശ്രൂഷാ, സാമൂഹ്യ ശുശ്രൂഷാ, വിദ്യാഭ്യാസ ശുശ്രൂഷാ, അല്മായ ശുശ്രൂഷാ,

എന്നീ സമിതികളുടെയും കെഎൽഎം, കെസിവൈഎം, ലീജ്യൻ ഓഫ് മേരി, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി എന്നിവയുടെ പ്രവർത്തനങ്ങളും ഇടവകയിലെ സന്യസ്ഥരുടെ ഇടപെടലുകളും ഈ നാടിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടാണ്.

ഇടവക ജനങ്ങളുടെ കൂട്ടായ്മയുടെയും കഠിനാദ്ധ്വാനത്തിന്റെയും ആത്മീയ ചൈതന്യത്തിന്റെയും പ്രകടമായ തെളിവാണ് 2019 ഒക്ടോബർ 12 ന് പണി പൂർത്തിയാക്കി കൂദാശ ചെയ്യപ്പെട്ട പുതിയ ദേവാലയം. പള്ളിനിർമ്മാണത്തിന് നേതൃത്വം നൽകിയ അന്നത്തെ വികാരി ഫാ. ജോഫിൻ അമരക്കാട്ടിലിന്റെ സേവനങ്ങളെ ഇത്തരുണത്തിൽ പ്രത്യേകം സ്മരിക്കുന്നു. കഴിഞ്ഞ 100 വർഷത്തിനിടയിൽ 36 വൈദികർ ഇടവകയിൽ വികാരിമാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇവരിൽ ഇന്നത്തെ പുനലൂർ രൂപതാ അധ്യക്ഷനായ ബിഷപ്പ് ഡോ. സിൽവസ്റ്റർ പൊന്നുമുത്തനും ഉൾപ്പെടുന്നുവെന്നത് ഇടവകയ്ക്ക് ഏറെ ചാരിതാർത്ഥ്യജനകമാണ്.

ഇടവകയിൽ നിന്ന് രണ്ട് വൈദികരെയും ഒട്ടേറെ സന്യാസിനികളെയും സഭയ്ക്ക് പ്രദാനം ചെയ്യാൻ ഇടവകയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കുടുംബ ഐക്യത്തിന്റെയും പ്രാർത്ഥനാ ചൈതന്യത്തിന്റെയും വിശ്വാസ തീക്ഷ്ണതയുടെയും പരസ്നേഹ പ്രവർത്തികളുടെയും വിളനിലമായി പെരിങ്ങമ്മല ഇടവക ശോഭിക്കുകയാണ്. കോവിഡ് പശ്ചാത്തലത്തിൽ ഒട്ടേറെ കർമ്മപദ്ധതികളും ആഘോഷങ്ങളും നിയന്ത്രിക്കേണ്ടിവന്നെങ്കിലും സാന്ത്വനം മംഗല്യം, നിർധനർക്കും രോഗികൾക്കുമുള്ള ധനസഹായം തുടങ്ങി ഒട്ടേറെ പദ്ധതികൾ ഇക്കാലഘട്ടത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തോടെയാണ് ഇടവക ശതാബ്ദി ആഘോഷം സമാപിക്കുന്നത്. 2020 ഒക്ടോബർ 4 ന് അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്ത് തുടക്കം കുറിച്ച ശതാബ്ദി ആഘോഷം ഒരുവർഷം പിന്നിട്ട് 2021 ഒക്ടോബർ 3 ന് വൈകിട്ട് 6 ന് നെയ്യാറ്റിൻകര രൂപതാ മെത്രാൻ ഡോ. വിൻസെന്റ് സാമുവലിന്റെ മുഖ്യ കാർമികത്വത്തിൽ നടക്കുന്ന സമൂഹബലിയോടെ സമാപിക്കുകയാണ്.

## വിദ്യാഭ്യാസ രംഗത്ത് നവയുഗം സൃഷ്ടിച്ച്കൊണ്ടു തിരുവനന്തപുരം അതിരൂപത

തിരുവനന്തപുരം അതിരൂപതയുടെ വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ അതിരൂപതായിലെ +1 വിദ്യാർഥികൾക്കായി സിവിൽ സർവീസ് ഫൗണ്ടേഷൻ ക്ലാസ്സുകൾ ആരംഭിച്ചു. അതിരൂപത വികാരി ജനറൽ മോൺ. സി. ജോസഫ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമതി ഡയറക്ടർ ഫാ. മെൽക്കൺ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഇമ്മാനുവേൽ എന്നിവർ പ്രസംഗിച്ചു.

യോഗത്തിനു ശേഷം 'ഇൻഫിനിറ്റി കോച്ചിങ് അക്കാഡമി' പ്രതിനിധി ജോസ്പോൾ കോഴ്സുകൾ പരിചയപ്പെടുത്തി. വിവിധ ഫെറോനകളിൽ നിന്നും 70 ൽ പരം വിദ്യാർഥികൾ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

## ഡോ. പ്രിറ്റി എസ്. പ്രകാശിന് സിവിൽ സർവീസ് പരീക്ഷയിൽ 485-ാം റാങ്ക്



**തിരുവനന്തപുരം:** എംബിബിഎസ് പഠനത്തിനു ശേഷം ഒരു സ്വകാര്യ ആശുപത്രിയിൽ പ്രാക്ടീസ് ചെയ്യുന്നതിനൊപ്പം സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുത്ത ഡോ. പ്രിറ്റി എസ്. പ്രകാശിന് 485-ാം റാങ്ക്. പാപ്പനംകോട് തെങ്ങുവിള ലെയിൻ കീച്ചേരിയിൽ റിട്ട. ജില്ലാ സപ്ലൈ ഓഫീസർ എൻ.ജി. പ്രകാശിന്റെയും പാപ്പനംകോട് ഗവ. എൽപിഎസ് റിട്ട. അധ്യാപിക എസ്. സുലേഖയുടെയും മകളാണ് പ്രിറ്റി. ബാംഗ്ലൂർ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് എയ്റോ സ്പെയ്സ് ലിമിറ്റഡിലെ എൻജിനീയറായ റോഹിൻ മോസസാണ് ഡോ. പ്രിറ്റിയുടെ ഭർത്താവ്. പ്രിന്റോ എസ്. പ്രകാശാണ് സഹോദരൻ. ഇവർ പൂഴിക്കുന്ന സെന്റ് ആന്റണീസ് ഇടവാംഗങ്ങളാണ്.

## ഷൈജു അലക്സിന് കവിതാ പുരസ്കാരം



**തിരുവനന്തപുരം:** കോവളം സാഹിത്യവേദിയുടെ പ്രഥമ കവിതാ പുരസ്കാരത്തിന് ഷൈജു അലക്സിന്റെ 'ഇവയെന്റെ നല്ല കവിതകളല്ല' എന്ന കാവ്യസമാഹാരം തെരഞ്ഞെടുക്കപ്പെട്ടു. 10001 രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന പുരസ്കാരം ഒക്ടോബറിൽ തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽവച്ച് സമ്മാനിക്കും. എസ്. രാജേന്ദ്രൻ, എം. രാധാകൃഷ്ണൻ, കെ. സ്വാമിനാഥൻ എന്നിവരടങ്ങിയ ജൂറിയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുത്തത്.

## സ്വർഗ്ഗീയോദ്യാനത്തിലെ 5-ാം ജന്മദിനം



**ബ്രദർ ജീവൻ ചാൾസ്**

**മരണം: 21.10.2016**

ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല. *(1, കൊറി 2:9)*

ഈശോയെ സ്വന്തമാക്കാൻ ഈശോയുടെ സ്വന്തമായി മാറിയ പ്രിയ മകന്റെ ജീവൻ തുടിക്കുന്ന ഓർമ്മകളുമായി...

*പ്രാർത്ഥനയോടെ,*

**മാതാപിതാക്കൾ,**
**സഹോദരി സിസ്റ്റർ ജീവ ചാൾസ്**

# നീർച്ചാൽ

# അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവും

**ആണ്ടുവട്ടം 27-ാം ഞായർ (ഒക്ടോ. 03)** ഉൽപ. 2: 18-24, ഹെബ്ര. 2: 9-19, മാർക്കോ. 10: 2-16



**ഫാ. വർഗീസ് ജോസഫ്**

**എ**ല്ലാം നല്ലതെന്ന് വിശേഷിപ്പിച്ച നല്ല തമ്പുരാൻ സൃഷ്ടിയിൽ നല്ലതെന്ന് പറയാതെ പോയത് ആദത്തെ സൃഷ്ടിച്ചപ്പോൾ മാത്രമാണ്. അങ്ങനെ ആകാൻ വഴിയില്ല! കാരണം, ദൈവത്തിന്റെ ഛായയിലും സദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഒന്നേയുള്ളൂ, ആദം ! അത്രയും മനോഹരമായതിനെ നല്ലതെന്ന് പറയാൻ സൃഷ്ടാവ് മടിക്കാൻ കാരണമെന്താണ്? അല്ലെങ്കിൽ നല്ലതാകാൻ എന്താണ് ഇനി കുറവായി നിലകൊള്ളുന്നത്? അതിന് ഉത്തരവും കർത്താവ് തന്നെ അരുൾചെയ്തു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല (ഉൽ: 218). ഒറ്റയ്ക്കായിരിക്കുന്ന് അത്ര നല്ലതല്ല എന്ന് നോക്കി വിലയിരുത്തിയത് കർത്താവാണ്. പരിഹാരമെന്നോണം അവിടുന്ന് വീണ്ടും അരുൾചെയ്തു : അവന് ചേർന്ന ഇണയെ ഞാൻ നൽകും. അതാണ് കാര്യം.

ആരെയെങ്കിലും ജീവിതപങ്കാളിയായി നൽകുന്നത് തമ്പുരാന്റെ പരിധിയിൽ പെടുന്നതല്ല. 'ചേർന്ന ഇണ' യെ തന്നെ സ്വന്തമായി നൽകും എന്നത് അവിടുത്തെ വൈഭവമാണ്. ആ വൈഭവത്തെ വർണിക്കുന്നതാണ് ഇന്നത്തെ ഒന്നാം വായന. ആദത്തെ ഗാഢനിദ്രയിലാഴ്ത്തി, ഉറങ്ങി കിടന്ന അവന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്തതിനുശേഷം അവിടം മാംസം കൊണ്ടുമൂടി (ഉൽ. 2:21). പുരുഷന് ചേർന്ന ഇണ സൃഷ്ടിക്കപ്പെട്ടത് അവന്റെ തന്നെ ശരീരഭാഗം കൊണ്ടാണ്. എല്ലാ പുരുഷന്മാരുടെ ഉള്ളിലും അവന്റെ ഇണയുടെ ശരീരഭാഗം ഒളിഞ്ഞുകിടപ്പുണ്ട്. ഓരോ സ്ത്രീയും സൃഷ്ടിക്കപ്പെട്ടത് അവളുടെ തന്നെ പുരുഷന്റെ ശരീരത്തിൽ നിന്നാണ്. 'ചേർന്ന ഇണ'യ്ക്ക് രൂപം കൊടുക്കാൻ ഇത്രയും സുന്ദരമായ ഒരു രഹസ്യം പൊന്നുതമ്പുരാൻ ഉൽപ്പത്തി മുതലേ കരുതിയിരുന്നു എന്നുള്ളത് എത്ര മനോഹരമാണ്. അന്നുമുതൽ ഇന്നുവരെ ചേർക്കപ്പെട്ട എല്ലാ ദാമ്പത്യജീവിതങ്ങളും ഇങ്ങനെയുള്ള പരസ്പരം നല്കലിന്റെ പൂർത്തീകരണാണ്.

സ്ത്രീ പുരുഷനിൽ നിന്ന് സൃഷ്ടിക്കപ്പെടുമ്പോൾ തിരിച്ചറിയേണ്ട മറ്റൊരു സത്യമുണ്ട്. പുരുഷന് നഷ്ടപ്പെട്ട ഒരു വാരിയെല്ലാണ് സ്ത്രീയുടെ സൃഷ്ടിക്ക് കാരണമായത്. (ഉൽ. 2:22). അങ്ങനെയെങ്കിൽ പുരുഷൻ അപൂർണനാണ്. പൂർണനായി ദൈവം സൃഷ്ടിക്കുമ്പോഴും വാരിയെല്ല് നഷ്ടപ്പെടുന്നതിലൂടെ അവൻ അപൂർണനായിതീർന്നു. വീണ്ടും പൂർണനാകണമെങ്കിൽ നഷ്ടപ്പെട്ടത് തിരിച്ച് അവനോടൊപ്പം ചേരണം. മറ്റെന്തു തന്നെ ചേർന്നാലും അത് അവന്റേതല്ല. ചേർന്ന ഇണയ്ക്ക് സ്വന്തം ജീവനും

ജീവിതവുമായി ബന്ധമുണ്ടെന്ന് ദൈവം പഠിപ്പിച്ചു.

ജീവിത പങ്കാളിയെ കുറിച്ച് ധ്യാനിക്കേണ്ട ഈ ഞായറാഴ്ച തിരിച്ചറിയേണ്ട സത്യം ഇതാണ്. എന്റെ അപൂർണതകളെ പൂർണതയിലേക്ക് നയിക്കാൻ ദൈവം നൽകിയ ചേർന്ന ഇണയാണ് എന്റെ ജീവിത പങ്കാളി. മറ്റൊരുവശം ഇങ്ങനെയാണ്: എന്റെ ജീവിത പങ്കാളിയുടെ അപൂർണതകളെ പൂർണതയിലേക്ക് എത്തിക്കുവാൻ ഈ ഭൂമിയിൽ ഒരാൾക്ക് മാത്രമേ സാധിക്കൂ, അത് നിന്നിൽ നിന്ന് രൂപം കൊണ്ട എനിക്കാണ്. കുടുംബ ജീവിതത്തിൽ ആദ്യം കണ്ട മനോഹാരിതയ്ക്ക് മങ്ങലേൽക്കുന്നുവെങ്കിൽ സന്തോഷിപ്പിച്ച പലതും മടുപ്പിക്കുന്നുവെങ്കിൽ പരിഹാരം ദൈവത്തിന്റെയും ദൈവജനത്തിന്റെയും മുന്നിൽ വച്ച് നൽകിയ വ്രതത്തെ ഓർത്ത് എടുക്കുക എന്നതുതന്നെയാണ്. സന്തോഷത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും ജീവിത അവസാനം വരെ ചേർന്നു നിൽക്കണം. ഇതിനേക്കാൾ ചേർന്ന ഒരു ഇണ ഈ ഭൂമിയിൽ നിങ്ങൾക്ക് വേറെയില്ല. മറ്റുള്ളതൊന്നും ചേർന്നതുമല്ല.

ചേർക്കാൻ പാടില്ലാത്ത ബന്ധങ്ങളെ ചേർക്കാൻ ശ്രമിക്കുമ്പോൾ ഓർക്കണം, അതൊന്നും നിങ്ങൾക്കു ചേർന്ന ഇണയല്ല. അങ്ങനെയുള്ള എല്ലാ ബന്ധങ്ങളെയും ക്രിസ്തുവിളിച്ചത് വ്യഭിചാരം എന്നുതന്നെയാണ്. സുവിശേഷത്തിൽ ഫരിസേയരുടെ ചോദ്യം പ്രസക്തമാണ്. ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ? നിയമങ്ങളും ചട്ടങ്ങളും മാത്രം പരിശോധിച്ച് ജീവിതം കുറുകി പോയവർക്ക് ഇങ്ങനെ ഒരു നിയമം മുതൽക്കൂട്ടാണ്. മോശയുടെ വാക്ക് പ്രകടമായത് നിയമാവർത്തന പുസ്തകം 24-ാം അധ്യായം 1-ാം വാക്യത്തിലാണ്. സ്നേഹത്തിന്റെ വിശാലതയിൽ ക്രിസ്തു പുതിയൊരു ദിശ അവർക്ക് നൽകി. സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീരമായി തീരുകയും ചെയ്യും. പിന്നീട് ഒരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ഇപ്പോൾ കാര്യത്തിന് കുറച്ചുകൂടി വ്യക്തതയുണ്ട്. ഉൽപ്പത്തിയിലെ ഒറ്റ ശരീരത്തിൽ പൂർണരാകുന്നതുപോലെ ഒന്നാകുന്നതാണ് ദാമ്പത്യജീവിതം. അതിനപ്പുറത്തേക്ക് ഉള്ളതെന്തും വ്യഭിചാരം തന്നെയാണ്.

ബന്ധം വേർപെടുത്തുന്ന (ഡൈവോഴ്സ്) ഇന്ന് സർവസാധാരണമായിക്കൊണ്ടിരിക്കുന്ന ഒന്നാണ്. കേരളത്തിൽ ഓരോ മണിക്കൂറിലും അഞ്ച് വിവാഹ മോചനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു എന്നാണ് പഠനം. ആർക്കും അല്പം വിട്ടുവീഴ്ച ചെയ്യുവാനോ മനസിലാക്കി ജീവിക്കണമെന്നോ അഗ്രഹമില്ല. കുറവുകളും കുറ്റങ്ങളും പഴിചാരി ദാമ്പത്യബന്ധങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഓർക്കണം ആദ്യമായി ആദം തന്റെ പ്രാണസഖിയെ നോക്കി പറഞ്ഞ വാക്കുകൾ: എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും (ഉൽ. 2:23)

തന്റെ തന്നെ ജീവന്റെയും ജീവിതത്തിന്റെയും ഭാഗമായ ഇണയെ ഏതു വിധത്തിലാണ് വേർപിരിഞ്ഞ് പോകാനാവുക. അതുകൊണ്ടുതന്നെ ക്രിസ്തുനാഥൻ ഓർമപ്പെടുത്തി. ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ. അത് ഒരു താക്കീത് തന്നെയാണ്.

ദൈവം ദാമ്പത്യത്തെ മഹത്വീകരിച്ചത് പരസ്പരം പകുത്തുനൽകിക്കൊണ്ടാണ്. അതിനാൽ പിരിയാതെ ഒന്നായി ജീവിക്കണം എന്നത് ദൈവത്തിന്റെ സ്വപ്നമാണ്. ദൈവത്തിന്റെ സ്വപ്നത്തെ ആരും തകർക്കാതിരിക്കട്ടെ.





# നിത്യജീവൻ

**ആണ്ടുവട്ടം 28-ാം ഞായർ (ഒക്ടോ. 10)** ജ്ഞാനം. 7: 7-11, ഹെബ. 4: 12-13, മാർക്കോ. 10: 17-30

ഒരിക്കൽ യജ്ഞവാല്ക്യ മഹർഷി തനിക്കുള്ള സ്വത്തെല്ലാം രണ്ടായി ഭാഗിച്ച് തന്റെ രണ്ടു പത്നിമാർക്കും നല്കി. അവരിൽ ഒരാൾ മഹർഷിയോട് ചോദിച്ചു. ധനം കൊണ്ട് നിറഞ്ഞ ഈ ഭൂമി മുഴുവൻ ലഭിച്ചാലും അതുകൊണ്ട് അമരത്വം എനിക്കുണ്ടാകുമോ? സമ്പത്തുകൊണ്ട് സമ്പന്നയാകുവാൻ സാധിക്കും എന്നാൽ അമരത്വം ലഭിക്കുകയില്ല, മഹർഷി പറഞ്ഞു. അമരത്വം ലഭിക്കാൻ പ്രാർത്ഥനയിലൂടെ ധ്യാനത്തിലൂടെ ദൈവത്തോട് അലിഞ്ഞ് ഒന്നാകണം, അമരത്വം നല്കുന്ന ദൈവം മാത്രമായിരിക്കണം ആശ്രയം.

അമരത്വം (നിത്യജീവൻ) നല്കുന്ന ദൈവം നല്ലവനാണ്. കാരണം ദൈവം എല്ല നന്മകളുടെയും ഉറവിടമാണ്. ദൈവത്തിനുമാത്രം ഉപയോഗിക്കേണ്ട നല്ലവനെന്ന അഭിസംബോധന ധനികനായ മനുഷ്യൻ യേശുവിന് നല്കുന്നത് അസാധാരണവും അചിന്തനീയവുമാണ്. നിത്യജീവൻ തേടി വന്ന ധനികൻ യേശുവിനെ ദൈവമായി അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിരുന്നുവെങ്കിൽ യേശുവിന്റെ വാക്ക് കേട്ട് ദു:ഖിതനാകില്ലായിരുന്നു. യേശുവിനെ വെറുമൊരു ഗുരുവായി കണ്ടിരുന്നുവെങ്കിൽ ഏകദൈവ വിശ്വാസിയായ ധനികൻ ദൈവത്തിനുള്ള അഭിസംബോധന യേശുവിന് നല്കില്ലായിരുന്നു. അതുകൊണ്ട് അഭിസംബോധനയുടെ ഉദ്ദേശശുദ്ധി ചോദ്യചിഹ്നമാണ്. അവന്റെ അഭിസംബോധന ഉള്ളിൽ തട്ടാതെയുള്ള മുഖസ്തുതിയുടെയായിരിക്കാം. അല്ലെങ്കിൽ യേശുവിനെ ബോധപൂർവ്വം പരിഹസിക്കുന്നതിനുവേണ്ടിയായിരിക്കാം. എന്തായാലും ധനികൻ സ്വയം വഞ്ചിതനാകുകയാണ്. അതുകൊണ്ടായിരിക്കാം പത്തു കല്പനകളുടെ രണ്ടാം ഭാഗം യേശു ഉദ്ധരിക്കുമ്പോൾ അതിലില്ലാത്ത ഒരു കാര്യം കൂടെ യേശു കൂട്ടി ചേർക്കുന്നു വഞ്ചിക്കരുത്! മനുഷ്യരുടെ നന്മയാണ് ദൈവത്തിന്റെ ആനന്ദം. ധനികനായ മനുഷ്യന്റെ നിത്യജീവന്, നന്മയ്ക്ക് തടസ്സം വഞ്ചനയെന്ന് യേശു വെളിപ്പെടുത്തുന്നു.

നല്ലവനായ ദൈവം മാത്രമാണ് പരിപൂർണ്ണൻ (മത്താ: 5:48) മനുഷ്യരായ നമ്മൾ അപൂർണ്ണരാണ്. കാരണം നമുക്ക് കുറവുകളുണ്ട്. നമ്മുടെ കുറവുകളാകുന്ന തമോഗർത്തങ്ങളെ തിരിച്ചറിയണമെങ്കിൽ ദിവ്യവെളിച്ചമായ ദൈവത്തിന്റെ മുമ്പിൽ നില്ക്കണം. യേശുവാകുന്ന ദിവ്യപ്രകാശത്തി



ഫാ. ഡൈസൻ

ന്റെ മുമ്പിൽ ധനികന്റെ കുറവ് യേശു വെളിപ്പെടുത്തുകയാണ്. കല്പനകൾ പാലിക്കുമ്പോഴും ദൈവത്തിനല്ല അവൻ മുഖ്യസ്ഥാനം നല്കിയത്; സമ്പത്തെന്ന വിഗ്രഹത്തിനാണ്. അതിലൂടെ ഏകസത്യദൈവത്തെ വഞ്ചിക്കുകയാണ് ചെയ്തത്. സമ്പത്തെന്ന വിഗ്രഹത്തെ മാറ്റി നിത്യജീവൻ സ്വന്തമാക്കാൻ യേശു കല്പിക്കുമ്പോൾ അവൻ വിഷാദത്തോടെ മടങ്ങുന്നു. കാരണം സമ്പത്തിനോടുള്ള അവന്റെ ആസക്തി അത്രക്കും വലുതായിരുന്നു. പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീ യേശുവിന്റെ മുമ്പിൽ നിന്നപ്പോൾ അവളുടെ കുറവ് യേശു വെളിപ്പെടുത്തുന്നത് മേലിൽ പാപം ചെയ്യരുതെന്ന ആജ്ഞയിലൂടെയാണ്. കുറവുകൾ തിരിച്ചറിയണമെങ്കിൽ ദിവ്യനാഥന്റെ മുമ്പിൽ വരണം. അവന്റെ വെളിച്ചത്തിൽ നാം ഓരോരുത്തരും കുറവുകളുടെ കൂമ്പാരമാണെന്ന് വെളിപ്പെടും. തിരിച്ചറിഞ്ഞ കുറവുകളെ നിറവുകളാക്കുമ്പോൾ ദൈവം നല്കുന്ന സമ്മാനമാണ് നിത്യജീവൻ.

ഈ ലോകത്തിലെ സമ്പത്ത് അനുഗ്രഹത്തെക്കാൾ അപകടകാരിയാണ് (ലൂക്ക 14:33; 18:24) എന്നാൽ സ്വർഗ്ഗത്തിൽ നാം സ്വരുകൂട്ടുന്ന സമ്പത്ത് അനുഗ്രഹപ്രദവും നിത്യജീവൻ നല്കുന്നതുമാണ്. അലോഷ്യസ് ഗൊൺസാഗ തന്റെ കുടുംബസ്വത്തും രാജ്യം ഭരിക്കുവാനുള്ള അവകാശവും മറ്റും അനുജന് കൈമാറി. അനന്തരം ചോദിച്ചു: അനുജാ, നമ്മളിൽ ആരാണ് ഇപ്പോൾ ഭാഗ്യവാൻ? ഇളയവൻ മൗനം പാലിച്ചു. അലോഷ്യസ് തുടർന്നു. ഞാനാണ്, കാരണം നീ ഈ ലോകം സ്വന്തമാക്കി; ഞാൻ സ്വർഗ്ഗം എന്റെതുമാക്കി. നമ്മുടെ സമ്പത്തും, അദ്ധ്വാനവും മണ്ണിൽ കുഴിച്ചിട്ട നിധികളാകാതെ സ്വർഗ്ഗത്തിലെ നിക്ഷേപമാകുമ്പോൾ നമ്മുടെ മനസ്സും ഹൃദയവും ആത്മാവും സ്വർഗ്ഗത്തോളം ഉയരും. കാരണം നിങ്ങളുടെ നിക്ഷേപം എവിടെയോ, അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും (മത്താ 6:21). സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകാൻ ഉള്ളത് നല്കുന്നവരാകണം (മത്തായി 25:31-40). ദൈവത്തിനുവേണ്ടി ജീവിക്കുകയും (മത്താ 5:11), ശത്രുക്കളെ സ്നേഹിക്കുകയും (മത്താ 5:43-45) തനിക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ (മത്താ 6:6) സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. ഈ നിക്ഷേപം കള്ളന്മാർ കുത്തിക്കവരുകയില്ല, പുഴുക്കളും കീടങ്ങളും നശിപ്പിക്കുകയുമില്ല (മത്താ 6:20).

നിത്യജീവൻ സ്വന്തമാക്കണമെങ്കിൽ പരിത്യാഗം (ഉപേക്ഷ) എന്ന പുണ്യം അഭ്യസിക്കണം. പഴയ നിയമ കാഴ്ചപ്പാടിൽ സമ്പത്തും മറ്റു ഭൗതിക വസ്തുക്കളും ദൈവത്തിന്റെ അനുഗ്രഹമാണ് (ജോബ് 1:10; സങ്കീ 128: 1-2; ഏശയ്യ 3:10). പുതിയ നിയമത്തിൽ ഒരു ക്രിസ്തുശിഷ്യന്റെ ഭൗമികമായ പരിത്യാഗങ്ങൾക്ക് (ഭവനം, സഹോദരങ്ങൾ, മാതാപിതാക്കൾ, മക്കൾ, വയലുകൾ) ലഭിക്കുന്നത് ആത്മീയ ഫലങ്ങളാണ്. സ്വന്തം ഭവനം ഉപേക്ഷിക്കുമ്പോൾ ദൈവജനബന്ധത്തിലൂടെ ഒരു ക്രിസ്തുശിഷ്യൻ അവരുടെ ഭവനങ്ങളിൽ അംഗമാകുകയും, അവർക്ക് അനുഗ്രഹമാകുകയും ചെയ്യുന്നു. ഉപേക്ഷയിലൂടെ ഭവനം ചെറുതാകുന്നില്ല; വിശാലമാകുയാണ്. ഒരു ക്രിസ്തുശിഷ്യന്റെ യഥാർത്ഥ ആനന്ദം ഓരോ ഉപേക്ഷയും ദൈവം നല്കുന്ന അനുഗ്രഹസമൃദ്ധിയാണ്! ആത്മീയ പ്രതിഫലത്തിനു പുറമെ ഒരു ക്രിസ്തുശിഷ്യനു ലഭിക്കുന്ന മറ്റു രണ്ടു സമ്മാനങ്ങൾ പീഡകളും നിത്യജീവനും. പീഡനങ്ങളെ കണ്ട് ഭയന്ന് ഓടുന്നവനല്ല, അതിനെ ആലിംഗനം ചെയ്യുന്നതാണ് ക്രിസ്തുശിഷ്യൻ. നമുക്കും പോയി അവനൊടൊപ്പം മരിക്കാമെന്നു പറഞ്ഞുകൊണ്ട്, ഗുരുവിനു വേണ്ടി പീഡനങ്ങളെ വാരിപുണർന്ന തോമസ് അപ്പോസ്തലൻ ശിഷ്യത്വത്തിന് വലിയ മാതൃകയാണ്. നിത്യജീവൻ ദൈവത്തോടുള്ള നിത്യമായ ഐക്യത്തിൽ നിന്ന് ഉടലെടുക്കുന്ന ദൈവീക സമ്മാനമാണ്. ജീവിത വിശുദ്ധിയാണ് ദൈവവുമായി ഒരുവനെ ഐക്യപ്പെടുത്തുന്ന സുകൃതം. വിശുദ്ധിയെന്നത് കുറച്ചു വ്യക്തികൾക്ക് മാത്രമുള്ള സുഖഭോഗവസ്തുവല്ല. എനിക്കും നിങ്ങൾക്കുമുള്ള ലളിതമായ കടമയാണ് (വി.മദർ തെരസാ). മർത്യനായ മനുഷ്യനെ അമർത്യനാക്കുന്നതാണ് നിത്യജീവൻ. മനുഷ്യൻ അമർത്യനാകണമെങ്കിൽ മുന്തിരിവള്ളിയും ശാഖയും പോലെ ദൈവവുമായി നിരന്തരബന്ധത്തിലായിരിക്കണം! ■

# ഓർമ്മകളുണ്ടായിരിക്കണം


**ആണ്ടുവട്ടം 29-ാം ഞായർ (ഒക്ടോ. 17)** ഏശ. 53: 10-11, ഹെബ്ര. 4: 14-16, മാർക്കോ. 10: 35-45



**ഫാ. വിക്ടർ എവരിസ്റ്റസ്** IVDei

സഭാതനയരെല്ലാം ഓർമ്മകളിലേക്ക് മടക്കയാത്ര ചെയ്യുന്ന ദിവസമാണ് മിഷൻ ഞായർ. അന്ത്യവചസുകൾ പോലെ ഗുരുനൽകിയ ഉപദേശങ്ങളിലേക്ക് മടങ്ങി പോകാനും അവയെ ധ്യാനിക്കാനും ഒരു ദിനം. നമ്മെയൊക്കെ ദൗത്യബോധത്തിലേക്ക് വിളിച്ചുണർത്തുകയാണ് മിഷൻ ഞായർ. നാമെല്ലാം യാത്ര തിരിച്ചവരാണെന്നുള്ള ബോധ്യണ് ഈ ദിനം നൽകുന്നത്. അവനുവേണ്ടി വലവീശാൻ ഇറങ്ങിപ്പുറപ്പെട്ടവർ. വലയിടലാണ് നമ്മുടെ മിഷൻ. ആരുടെയൊക്കെയോ ഹൃദയങ്ങളുടെ നേർക്കുള്ള അർത്ഥഗർഭമായ വലവീശൽ...

“നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ'' ഈശോയുടെ അന്ത്യവചസ്സുകൾ നാമെല്ലാം 'സീരിയസ്സായി' എടുത്തിട്ടുണ്ടെന്ന് തോന്നുന്നു അതിനുവേണ്ടി



യാണീ പെടാപാടെല്ലാം. കൺവെൻഷൻ പന്തലുകളും പ്രസംഗവേദികളുമെല്ലാം വല്ലാതെ വിയർക്കുകയാണ് കേൾക്കുന്നവരും പറയുന്നവരുമെല്ലാം ഒരുപോലെ... എന്നിട്ടും എന്തേ ക്രിസ്തുമതം ഈ ആരവങ്ങൾക്കെല്ലാമപ്പുറത്ത് ഇരുൾമൂടിയ ഇറയത്ത് മാറിനിൽക്കുന്നു.

കാരണം ലളിതമാണ്; പ്രസംഗിക്കപ്പെടുന്ന ക്രിസ്തുവല്ല ജീവിക്കുന്നത്. അവൻ ജീവിച്ചത് കൺവെൻഷൻ പന്തലിലല്ല മലമ്പ്രദേശത്തും പാദയോരങ്ങളിലുമാണ്. അവൻ പഠിച്ചത് കോൺവെന്റ് സ്കൂളുകളിലും സ്വാശ്രയ മാനേജുമന്റുകളുടെ കീഴിലുമല്ല മരുഭൂമിയുടെ കഠിനയാതനകളിലാണ്. എന്നിട്ടും ഇതൊന്നുമറിയാതെ പ്രഘോഷണ ശബ്ദങ്ങൾ ഉയർന്നുകൊണ്ടേ ഇരിക്കുന്നു. ഈ മിഷൻ ഞായറിൽ ഒരുമാറ്റമൊക്കെ വേണ്ടേ?

സത്യത്തിൽ എന്താണ് മിഷൻ? അത് ക്രിസ്തുവിലുള്ള ജീവിതമാണ് ക്രിസ്തുവിൽ ജീവിക്കലാണ്. അതിന് നിരന്തര യാത്രകളൊ വാക്കുകൾ പോലുമൊ ആവശ്യമില്ല അതുകൊണ്ടാണ് ചെറുപുഷ്പം എന്ന കൊച്ചു വിശുദ്ധ മിഷനറിമാരുടെ മധ്യസ്ഥയായത്. സുവിശേഷപ്രഘോഷണത്തെയും മിഷനെയും ഒരു സുഹൃത്ത് അവതരിപ്പിച്ചതിങ്ങനെയാണ്.

ഒരു ഭിക്ഷക്കാരൻ കൂട്ടുഭിക്ഷക്കാരനോട് പറഞ്ഞു: ദാ അവിടെ ചെന്നാൽ അപ്പവും ദാഹജലവും കിട്ടും. ഇതാണ് സുവിശേഷവും പ്രസംഗവും. നാമെല്ലാം ഭിക്ഷദേഹികളാണ് യഥാർത്ഥ അപ്പത്തെ കണ്ടെത്തി വിശപ്പടിക്കയവർ (?) മറ്റുള്ളവരെ ജിവിതത്തിന്റെ അപ്പത്തിലേക്ക് നീർച്ചാലിലേക്കും വഴി തെളിയിക്കുകയാണ് വേണ്ടത്. പക്ഷെ, നമ്മുടെ വചനപ്രഘോഷണങ്ങൾ കേട്ടാൽ ചിലപ്പോഴെങ്കിലും തോന്നും നമ്മളാണ് അപ്പം നൽകുന്നതെന്ന്. നമ്മുടെ വിയർപ്പാണ് ജനത്തിന്റെ വിശപ്പടക്കുന്നതെന്ന് (എന്നിട്ടും ആരുടെയും വിശപ്പടക്കുന്നില്ല.)

ആദ്യത്തെ മിഷനറി സമരിയക്കാരിയായ സ്ത്രീയാണല്ലോ. കുടം കിണറ്റിൽ കരയിലവശേഷിപ്പിച്ച് അവൾ പോയത് തന്റെ വിശപ്പും ദാഹവുമടക്കിയ ക്രിസ്തുവിലേക്ക് ഒരു നാടിനെ മുഴുവൻ വിരൽചൂണ്ടി നയിക്കാനാണ്.

എ.ജെ.ക്രോണിങ്ങിന്റെ മനോഹരമായൊരു നോവലുണ്ട്, 'The keys of the kingdom' സന്ദേഹിയായ ഒരു സെമിനാരിക്കാരനിൽ നിന്ന് ക്രിസ്തീയതയുടെ തീ സ്പർശമുള്ളൊരു യഥാർത്ഥ മിഷനറിയിലേക്കുള്ള ഫ്രാൻസിസ് എന്ന വൈദികന്റെ വളർച്ചയുടെ കഥയാണിത്. 35 വർഷങ്ങളോളം ക്രിസ്തുവിന്റെ മിഷനറിയായി ചൈനയിലെ ഉൾഗ്രാമങ്ങളിലൂടെ ഒരു സുവിശേഷമായി കണ്ണീരിന്റെയും അവഗണനയുടെയും നാൾവഴികളിലൂടെ ഫ്രീൻസിസ് ജീവിച്ചു. ബന്ധങ്ങളുടെ വേരുകൾ പിഴുതെറിയപ്പെടുമ്പോഴും പുഞ്ചിരിമായാതെ അവസാനം കരിമ്പിൻചാറു മുഴുവൻ പിഴിഞ്ഞെടുക്കപ്പെട്ട ചണ്ടിപോലെയായി ഫാ. ഫ്രാൻസിസ്. നഷ്ടങ്ങളൊരുപാട് അദ്ദേഹത്തിന് ഈ യാത്രയിൽ നേരിടേണ്ടിവന്നുവെങ്കിലും വിറയ്ക്കുന്ന കരങ്ങൾ കുരിശാകൃതിയിൽ പിണച്ചു പിടിച്ച് ആൻഡ്രൂസെന്ന ബാലനോട് അദ്ദേഹം പറഞ്ഞു. "വലിയ ഭാഗ്യമാണെടാ ചെറുക്കാ", ലോകത്തിലെ ഏറ്റവും നല്ല മുക്കുവന്റെ പിന്നാലെ വലയും പിടിച്ച്...

അതെ മിഷൻ ഞായർ നമ്മെ ക്ഷണിക്കുന്നത് സെബദീ പുത്രന്മാർ സ്വപ്നം കണ്ടതുപോലെ ക്രിസ്തുവിന്റെ സിംഹാസനത്തിന്റെ ഇടതും വലതും ഇരിക്കാനല്ല; അവന്റെ കുരിശുയാത്രയുടെ ഓരം ചേരാനാണ്... പാത ഒരുപാട് അവശേഷിക്കുന്നുണ്ട് ഇനിയും നടന്നു തീർക്കാൻ. തിക്താനുഭവങ്ങളുടെ അൾത്താരയ്ക്കുമീതെ, കർത്താവിന്റെ നുകം വഹിക്കാനെളുപ്പമുള്ളതാണെന്നും മധുരമാണെന്നും പറയുന്ന എല്ലാ മിഷനറിമാരെയും ഓർമ്മിക്കുക.

അലസതയുടെ രാത്രികളിൽ, സിംഹാസന മോഹങ്ങളുടെ പകലറുതികളിൽ മറക്കാതിരിക്കുക, നീ അയക്കപ്പെട്ടവനാണ്; ഓർക്കുക നാം അയക്കപ്പെട്ടവരാണ്. ■



# കാഴ്ചയല്ല, കാഴ്ചപ്പാടാണ് വേണ്ടത്

**ആണ്ടുവട്ടം 30-ാം ഞായർ (ഒക്ടോ. 24)** ജറെ. 31: 7-9, ഹെബ്രെ. 5: 1-6, മാർക്കോ. 10: 46-52

**ബെ**ർതിമേയൂസ് എന്ന അന്ധയാചകനാണ് ഇന്നത്തെ സുവിശേഷത്തിലെ കേന്ദ്രബിന്ദു. തന്റെ കുറവുകളെ തന്റെ തന്നെ കരുത്തുകൾ കൊണ്ട് അവൻ മറികടക്കുന്നു. ജീവിതത്തിന്റെ 'വഴിയരുകിൽ' നിന്നും, വഴിയായ യേശുവിനെ കണ്ടുമുട്ടിയശേഷം, അവൻ 'വഴിമദ്ധ്യേ' ആയി. അവൻ യേശുവിനെ അനുഗമിച്ചു. യേശുവിന്റെ ശിഷ്യഗണത്തിന്റെ ഭാഗമായി. ഇന്ന്, പലതരം പ്രതികൂല സാഹചര്യങ്ങളും കുറവുകളും നമ്മെ തളർത്തുമ്പോൾ, നിരാശനായി പിൻമാറാതെ പ്രത്യാശയോടെ കുതിച്ചുമുന്നേറാൻ ബെർതിമേയൂസിന്റെ ജീവിതകഥ നമുക്ക് ആവേശം പകരുന്നു.

അന്ധനായ ബെർതിമേയൂസ് കാഴ്ചയില്ലായ്മ എന്ന തന്റെ കുറവിനെ ഓർത്ത് പരിതപിച്ച് ഒതുങ്ങിക്കൂടാൻ ഇഷ്ടപ്പെടുന്നില്ല. ദാനമായി ലഭിച്ച ജീവിതം ജീവിക്കാനുള്ളതാണെന്ന് അവൻ ചിന്തിക്കുന്നു. ജീവസന്ധാരണത്തിന് ഭിക്ഷാടനം അവനൊരു വരുമാനമാർഗമാക്കി. അതിനാൽ വഴിപോക്കരോട് ഭിക്ഷയാചിക്കാൻ അവൻ വഴിയരികിലിരുന്നു. ജെറീക്കോ വിട്ട് ജെറുസലേമിനെ ലക്ഷ്യമാക്കി യാത്ര ചെയ്യുകയായിരുന്നു യേശുവും ശിഷ്യന്മാരും. വലിയൊരു ജനക്കൂട്ടവും കൂടെയുണ്ടായിരുന്നു. നസ്രായനായ യേശു ആ വഴി കടന്നുപോകുന്നുവെന്ന് അന്ധയാചകൻ അറിഞ്ഞു. കാഴ്ചയില്ലാത്ത അവന് കേൾവിശക്തിയുണ്ടായിരുന്നു. കാഴ്ചയില്ലായ്മ എന്ന കുറവിനെ അവൻ തന്റെ കേഴ്വി ശക്തികൊണ്ട് മറികടന്നു. പോരെങ്കിൽ അവൻ തന്റെ



ഫാ. തോമസ് ജെ. നെറ്റോ

സംസാരശേഷിയും പ്രയോജനപ്പെടുത്തി.

യേശു തന്റെ അടുക്കലെത്തിയ ആദ്യ അവസരം തന്നെ അവൻ പ്രയോജനപ്പെടുത്തുന്നു. അവൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "ദാവീദിന്റെ പുത്രനായ യേശുവേ എന്നിൽ കനിയണമേ!".

കാഴ്ചയുള്ളവരേക്കാൾ വ്യക്തമായ കാഴ്ചപ്പാട് യേശുവിനെക്കുറിച്ച് അന്ധയാചകന് ഉണ്ടായിരുന്നു. അവൻ നസ്രായനായ യേശുവിനെ ദാവീദിന്റെ പുത്രനായി അതായത്, രക്ഷകനും മിശിഹായുമായി കാണുന്നു. അവിടുത്തെ കനിവിനായി പ്രാർഥിക്കുന്നു. ആൾക്കൂട്ടത്തിൽ പലരും അവനെ സമീപിച്ചു മിണ്ടരുതെന്ന് വിലക്കി. പക്ഷേ, അതൊന്നും അവനെ തളർത്തിയില്ല, തടഞ്ഞുനിർത്തിയതുമില്ല. നിശ്ചയദാർഢ്യവും ആരോഗ്യത്തോടെ ജീവിക്കാനുള്ള അഭിനിവേശവും മറ്റുള്ളവർ സൃഷ്ടിക്കാൻ ശ്രമിച്ച പ്രതിബന്ധങ്ങളെ തട്ടിമാറ്റി മുന്നോട്ടുപോകാൻ അവനെ പ്രേരിപ്പിച്ചു. അവൻ കൂടുതൽ ഉച്ചത്തിൽ തന്റെ യാചന ആവർത്തിച്ചു: "ദാവീദിന്റെ പുത്രനായ യേശുവേ എന്നിൽ കനിയണമേ!"

പഴയ നിയമത്തിൽ അടിമത്വത്തിന്റെ കയ്പുനീർ കുടിച്ച ഇസ്രായേൽ മക്കളുടെ മോചനത്തിനായുള്ള നിലവിളി കേട്ട ദൈവത്തെപ്പോലെ, ജനക്കൂട്ടത്തിന്റെ ആരവങ്ങൾക്കിടയിലും ഒറ്റപ്പെട്ടവന്റെ നിലവിളി നസ്രായനായ യേശു കേട്ടു. പൊടുന്നനെ യേശു തന്റെ യാത്ര ഒന്നുനിർത്തി. എന്നിട്ട് ആ അന്ധയാചകനെ വിളിക്കാൻ അവരോട് ആവശ്യപ്പെട്ടു. ആ സമയം ആളുകൾക്കും മാറ്റമുണ്ടായി. അവർ യേശുവിന്റെ ക്ഷണം പ്രതീക്ഷയോടെ അന്ധയാചകനെ അറിയിച്ചു: "ധൈര്യമായിരിക്കൂ; എഴുന്നേൽക്കുക; യേശു നിന്നെ വിളിക്കുന്നു."

യേശുവിന്റെ സ്നേഹപൂർവമായ ആ ക്ഷണം അവനെ കൂടുതൽ ആവേശഭരിതനാക്കി. "അവൻ പുറംകുപ്പായം ഊരിയെറിഞ്ഞ്, കുതിച്ചുചാടി യേശുവിന്റെ അടുത്തെത്തി". അത്രയ്ക്കും ആഴമായൊരു വിശ്വാസവും ആശ്രയബോധവും അവന് കൈമുതലായിരുന്നു. സ്വന്തമായുണ്ടായിരുന്ന സമ്പാദ്യമായ പുറംകുപ്പായം ഉപേക്ഷിച്ച് വെറും കയ്യോടെ അവൻ യേശുവിനടുക്കലെത്തി.

"ഞാൻ നിനക്കുവേണ്ടി എന്തുചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?" - യേശു അവനോട് ചോദിച്ചു. ഒരുവന്റെ ആവശ്യം അവനോട് തന്നെ ചോദിച്ച് അറിയുന്നവനും അവനെ ശ്രവിക്കുന്നവനുമാണ് യേശു. അൽപ്പം മുൻപ് സെബതി പുത്രന്മാരോട് ചോദിച്ച അതേ ചോദ്യമാണ് ഇത്. അന്ധയാചകൻ വ്യത്യസ്തനാണ്. അവൻ ആവശ്യപ്പെടുന്നത് ഭിക്ഷയല്ല, കാഴ്ചയാണ്. "ഗുരോ, എനിക്ക് കാഴ്ച വീണ്ടുകിട്ടണം." അവന്റെ ആവശ്യം ആരോഗ്യമാണ്, ജീവിതമാണ്. യേശു അവനോട് പറഞ്ഞു.. "നീ പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു". തൽക്ഷണം അവന് കാഴ്ച ലഭിച്ചു. സൗഖ്യം പ്രാപിച്ച, കാഴ്ച വീണ്ടുകിട്ടിയ ബെർതിമേയൂസ് ഉടനെ എടുത്ത സുപ്രധാന തീരുമാനമായിരുന്നു, യേശുവിന് അവിടുത്തെ ജീവിത ഭാഗധേയം പൂർത്തീകരിക്കാനുള്ള ജനറുസലേം യാത്രയിൽ അവനെ അടുത്ത് അനുഗമിക്കുക.

ശിഷ്യത്വത്തിലേക്കുള്ള യാത്രയിൽ സൗഖ്യം പ്രാപിച്ച ബെർതിമേയൂസ് നമുക്ക് മാതൃകയാണ്. അനുഗമിച്ചാൽ എന്തും ലഭിക്കും എന്ന്. അന്വേഷിക്കുന്ന ശിഷ്യന്മാരുടെ കണ്ണ് തുറപ്പിക്കുന്ന, ആത്മീയ അന്ധത അകറ്റുന്ന കഥയാണിത്. കുറവുകളിൽ പതറി നിൽക്കുന്നവർക്ക് അതിജീവനത്തിന്റെ ആത്മീയഇന്ധനം കണ്ടെത്താൻ ബെർതിമേയൂസിന്റെ ജീവിതകഥ ആവേശമുണർത്തട്ടെ. ■



# പ്രഥമവും പ്രധാനവുമായ കല്പന

**ആണ്ടുവട്ടം 31-ാം ഞായർ (ഒക്ടോ. 31)** നിയമ. 6: 2-6, ഹെബ്രാ. 7: 23-28, മാർക്കോ. 12: 28-34



**ഫാ. ലോറൻസ് കുലാസ്**

**ദൈ**വം മോശ വഴി ഇസ്രായേൽ ജനതയ്ക്ക് പത്ത് കല്പനകൾ നല്കി (പുറ 20:2–17); നിയ 5:6–21). പിൽക്കാലത്ത് ഈ കല്പനകളിൽമേലുള്ള യഹൂദ പണ്ഡിതരുടെ വ്യാഖ്യാനങ്ങളും നിയമങ്ങളായി തന്നെ ചേർക്കപ്പെട്ടു. അപ്രകാരം പാലിക്കപ്പെടേണ്ട കല്പനകളുടെ എണ്ണം പത്തിൽനിന്നും 613 ആയി വർദ്ധിച്ചു. അവ കല്പനകൾ എന്ന് അർത്ഥം വരുന്ന ഹെബ്രായ പദമായ 'മിദസ്വോത്ത്' (mitzovt) എന്ന് അറിയപ്പെടുന്നു. ഈ കല്പനകളെ യഹൂദ റബ്ബിമാർ രണ്ടായിതിരിച്ച് വ്യഖ്യാനിച്ചിരുന്നു. ഒരാണ്ടിലെ പൂർണദിവസങ്ങളെ പ്രതിനിധാനം ചെയ്യുന്ന 365 നെഗറ്റീവ് കല്പനകളും (Negative Commandments); മനുഷ്യശരീരത്തിലെ മുഖ്യ അവയവങ്ങളുടെ എണ്ണമായി നിചപ്പെടുത്തിയ 248 'പോസിറ്റീവ്' കല്പനകളും (Positive commandments). കൂടാതെ, യഹൂദ റബ്ബിമാർ ഈ കല്പനകളെ പ്രധാനപ്പെട്ടവയെന്നും പ്രാധാന്യം കുറഞ്ഞവയെന്നും വിഭജിച്ചിരുന്നു. പ്രധാനപ്പെട്ട കല്പനകളിൽ സുപ്രധാന കല്പന ഏതാണെന്നുള്ളത് അവരുടെ ഇടയിൽ ഒരു തർക്കവിഷയമായിനിലനിന്നിരുന്നു. ഇപ്രകാരമൊരു പശ്ചാത്തലത്തിലാണ് യേശുവിനെ റബ്ബിയായി കണ്ടുകൊണ്ട് നിയമജ്ഞരിൽ ഒരാൾ തർക്കവിഷയമായി നിലനിന്നിരുന്ന സുപ്രധാന കല്പന ഏതെന്ന ചോദ്യവുമായി സമീപിക്കുന്നത് (12:28b). സീസറിനു നികുതി കൊടുക്കുന്നത് സംബന്ധിച്ചും (12:13–17) പുനരുത്ഥാനത്തെക്കുറിച്ചുമുള്ള (12:18–27) പ്രതിയോഗികളുടെ ചോദ്യങ്ങൾക്ക് യേശു നല്കിയ ശരിയായ ഉത്തരങ്ങളിൽ ആകൃഷ്ടനായി തികച്ചും സദുദ്ദേശ്യത്തോടെയാണ് പ്രസ്തുത ചോദ്യ കർത്താവ് യേശുവിനെ സമീപിച്ച് ചോദിക്കുന്നത്: "എല്ലാറ്റിലും പ്രധാനമായ കല്പന ഏതാണ്? (12:യ).

നിയമജ്ഞന്റെ ചോദ്യത്തിനു മറുപടിയായി യേശു പഴയനിയമത്തിലെ രണ്ട് പുസ്തകങ്ങളിൽ നിന്നുള്ള വാക്യങ്ങൾ ഉദ്ധരിക്കുന്നു: 1) നിയമ 6:4–6; 2) ലേവ്യർ 19:18. ഇസ്രായേല്യർ യാമപ്രാർഥനയുടെ ഭാഗമായി ഉരുവിട്ടിരുന്നു "ഇസ്രായേലേ കേട്ടാലും" (Shema Israel) എന്ന ഭാഗത്തുനിന്നുള്ള ഉദ്ധരണിയാണ് ആദ്യത്തേത്. ദൈവത്തെ സ്നേഹിക്കണമെന്ന കല്പനാ സ്വഭാവം ഈ പ്രാർഥനയ്ക്ക് ഉണ്ടായിരുന്നു. ദൈവം ഇസ്രായേലുമായി ഉണ്ടാക്കിയ ഉടമ്പടിയിൽ നിന്നും രൂപം കൊണ്ടതാണ് ദൈവത്തെ പൂർണ്ണഹൃദയത്തോടെ . . . സ്നേഹിക്കണമെന്ന ഈ കല്പന. "നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവ്" (നിയമ 6:4) എന്നതാണ് അതിന്റെ പ്രാരംഭ വാക്യം. ലേവ്യരുടെ പുസ്തകത്തിൽ നിന്നുള്ള യേശുവിന്റെ രണ്ടാമത്തെ ഉദ്ധരണി അയക്കാരനെ സ്നേഹിക്കുന്നതിനെ സംബന്ധിച്ചാണ്. ദൈവസ്നേഹമെന്ന പ്രഥമ കല്പനയോടു അയൽക്കാരനെ സ്നേഹിക്കണമെന്ന നിബന്ധന കൂട്ടിച്ചേർത്ത് പ്രഥമ കല്പനയെ തന്നെ യേശു പരിഷ്കരിക്കുന്നു. അങ്ങനെ ദൈവസ്നേഹവും മനുഷ്യസ്നേഹവും കല്പനയുടെ ഇരുവശങ്ങളായി വിളക്കിച്ചേർത്ത് യേശു ഒന്നായിത്തീർക്കുന്നു (മത്താ 22:39; ലൂക്കാ 10:27). ഒന്ന് മറ്റൊന്നിൽ നിന്ന് അടർത്തിമാറ്റാനാവാത്തവിധം ഈ കല്പന അവിഭാജ്യമായിതീരുന്നു. അയൽക്കാരനേയും യേശു ദൈവത്തോടൊപ്പം ചേർത്തുനിർത്തി ദൈവത്തേയും മനുഷ്യനേയും തുല്യമായി സ്നേഹിക്കണമെന്ന് അവിടുന്ന് പഠിപ്പിക്കുന്നു. സുപ്രധാന കല്പന യേശുവിനെ സംബന്ധിച്ചി

ടത്തോളം ദ്വിമുഖമാണ്. അന്നുവരെ തർക്ക വിഷയമായിരുന്ന സുപ്രധാന കല്പനക്ക് തന്റെ ശരിയായ മറുപടിയിലൂടെ യേശു വിപ്ലാവാത്മകമായ വ്യാഖ്യാനം നല്കുന്നു.

സദുദ്ദേശ്യത്തോടെ യേശുവിനെ സമീപിച്ച നിയമജ്ഞൻ യേശു നല്കിയ മറുപടിയിൽ സംതൃപ്തനാകുന്നു (10:32–33). തുടർന്ന് നിയമജ്ഞൻ ദൈവത്തേയും അയൽക്കാരനേയും സ്നേഹിക്കുക എന്ന സുപ്രധാന കല്പന "എല്ലാ ദഹനബലികളേയും യാഗങ്ങളേയും കാൾ മഹനീയമാണ്" (12:33) എന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. നിയമജ്ഞന്റെ പ്രസ്താവനയിൽ പഴയനിയമ പ്രവാചകരുടെ ആഹ്വാനങ്ങൾ മുഴങ്ങുന്നു (ഉദാ: ജറെ 7:21–23). യേശുവും നിയമജ്ഞനും തമ്മിലുണ്ടായ സംഭാഷണങ്ങളുടെ പരിമിതഫലമായി യേശു ഇപ്രകാരം മറുപടി നല്കുന്നു: "നീ ദൈവരാജ്യത്തിൽ നിന്ന് അകലെയല്ല" (12:34). ആ നിയമജ്ഞന് ദൈവരാജ്യ പ്രവേശനത്തിന് മതിയായ അടിസ്ഥാന യോഗ്യതയുണ്ടെന്ന് ഈ സംഭാഷണം വ്യക്തമാക്കുന്നു. ദൈവരാജ്യത്തിലേയ്ക്ക് പ്രവേശിക്കുവാനുള്ള ഏറെ സുപ്രധാനമായ ഒരു തീരുമാനമെടുക്കാനുള്ള വെല്ലുവിളി കൂടിയാണ് യേശുവിന്റെ ഈ മറുപടി. കാരണം സാധാരണരീതിയിൽ അക്കാലത്തെ നിയമജ്ഞൻ യേശുവിന്റെ പ്രബോധനങ്ങളോട് പുറംതിരിഞ്ഞ് നില്ക്കുന്നവരായിരുന്നു (ഉദാ: 12:38–40). എന്നാൽ, ഈ നിയമജ്ഞനാകട്ടെ യേശുവിന്റെ പ്രബോധനങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നു. തന്റെ മുന്നിൽ നിലകൊള്ളുന്ന യേശു തന്നെയാണ് ദൈവരാജ്യം. ആ യേശുവിൽ വിശ്വസിക്കുവാനുള്ള വെല്ലുവിളിയാണ് നിയമജ്ഞന്റെ മുമ്പിലുണ്ടായിരുന്നത്. അപ്രകാരം യേശുവും നിയമജ്ഞനും തമ്മിലുള്ള കൂടികാഴ്ച ഒരു പ്രബോധനത്തിനുവേണ്ടി മാത്രം ഒരുക്കപ്പെടുന്ന ഒന്നല്ല. മറിച്ച്, ദൈവഹിതവും ദൈവരാജ്യപ്രവേശനത്തിനുള്ള യോഗ്യതകളും വെളിപ്പെടുത്തുന്ന വേദി കൂടിയാകുന്നു ആ സംഭാഷണം. വാക്കുകൾകൊണ്ടും പ്രവർത്തികൾ കൊണ്ടും യേശു പ്രഖ്യാപിച്ച ദൈവരാജ്യത്തിന്റെ മൂർത്തിമദ്ഭാവം യേശു തന്നെയാണ്. ദൈവരാജ്യദാനങ്ങൾ സ്വീകരിക്കുകയും അതിനു ക്രിയാത്മകമായ പ്രത്യുത്തരം നല്കുകയും ചെയ്യുക എന്നതും ഓരോ വ്യക്തിയും എടുക്കേണ്ട തീരുമാനമാണ്.

ഇസ്രായേല്യരുടെ ദൈവസ്നേഹമെന്ന ആദ്യകല്പനയെ യേശു അയൽക്കാരേയും സ്നേഹിക്കണമെന്ന കല്പന കൂടി കൂട്ടി ചേർത്ത് പരിഷ്കരിക്കുന്നു. അയൽക്കാരേയും യേശു ദൈവത്തോടൊത്തുകൊണ്ടുവരുന്നു. ദൈവത്തേയും മനുഷ്യരേയും ഒരു പോലെ സ്നേഹിക്കണമെന്ന് അവിടുന്ന് ആവശ്യപ്പെടുന്നു. അയൽക്കാരേ സ്നേഹിച്ചുകൊണ്ടെ നമുക്ക് ദൈവത്തെ സ്നേഹിക്കുവാൻ കഴിയൂ. ദൈവസ്നേഹം നമ്മെ കീഴടക്കാൻ അനുവദിക്കുമ്പോൾ നമുക്കു മറ്റുള്ളവരെ സ്നേഹിക്കാൻ കഴിയും; ഒപ്പം, ദൈവരാജ്യത്തിന്റെ മൂർത്തിമദ്ഭാവമായ യേശുവിനെ സ്വീകരിക്കുവാനും കഴിയും. ■



## വചനജ്വാല

2021 ഒക്ടോബർ മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# സംസാരിക്കുന്ന ദൈവം സംവാദത്തിൽ ഏർപ്പെടുന്ന ദൈവം




**ഫാ.സുരേഷ് പയസ്**
ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി


**1. പരിശുദ്ധാത്മാവിന്റെ ഗാനം**

**2. സ്വാഗതം: കുടുംബ നാഥൻ/നാഥ**

**3. യേശുവിനെ ക്ഷണിക്കൽ**

കുടുംബങ്ങൾ രക്ഷ പ്രാപിക്കാൻ കർത്താവായ യേശുവിൽ വിശ്വസിക്കുക എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം സ്മരിക്കാം. യേശുവിലുള്ള വിശ്വാസം ഓരോ കുടുംബങ്ങളും ആഴപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുകവഴി, കുടുംബങ്ങൾ നന്മയിൽ വളരുകയും അനുദിനം നവീകൃതരായി വിശുദ്ധിയിൽ വളരാനുള്ള അനുഗ്രഹത്തിനായി ഈ കൂട്ടായ്മയിലേക്ക് യേശുവിനെ ക്ഷണിക്കാം...

**4. വചന ഗീതി**

**5. ദൈവ വചന പാരായണം:**
**യോഹ. 1:1-14**

**6. വചന വിചിന്തനം**

പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധഘട്ടങ്ങളിലും വിവിധരീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു. ദൈവം തന്റെ വചനം കൈമാറുന്നതിന്റെ ചരിത്രമായി പഴയനിയമം മുഴുവനും അനാവരണം ചെയ്യപ്പെടുന്നുവെന്നത് അതിമനോഹരമായ ഒരു കാഴ്ചയാണ്. ദൈവത്തിന്റെ കരുണാർദ്രമായ ഈ ഇറങ്ങിവരവ് വചനത്തിന്റെ മനുഷ്യാവതാരത്തിൽ വിസ്മയനീയമാം വിധം പൂർത്തിയാക്കിയിരിക്കുന്നു. വചനം പ്രധാനമായി സംഭാഷണത്തിലോ ആശയങ്ങളിലോ നിയമങ്ങളിലോ അല്ലാ സ്വയം പ്രകാശിക്കുന്നത്. ഇവിടെ നാം യേശു എന്ന വ്യക്തിയുടെ തന്നെ മുമ്പിലാണ് നിറുത്തപ്പെട്ടിരിക്കുന്നത്. ഒരാൾ ക്രൈസ്തവനായിരിക്കുന്നത് ധാർമ്മികമായ ഒരു തെരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരു ആശയത്തിന്റെയോ ഫലമായിട്ടല്ല. പിന്നെയോ ഒരു സംഭവത്തെ, ഒരു വ്യക്തിയെ കണ്ടുമുട്ടുന്നതിന്റെ ഫലമായാണ്. ആ കണ്ടുമുട്ടൽ പുതിയൊരു ചക്രവാളവും ആത്യന്തികമായ ഒരു ദിശയും ജീവിതത്തിനു നൽകുന്നു. "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. ഈ വാക്കുകൾ ആലങ്കാരികവാക്കുകളല്ല. അവ ജീവിക്കപ്പെട്ട ഒരനുഭവത്തിലേക്കു വിരൽ ചൂണ്ടുന്നു. പുത്രൻ തന്നെയാണ് വചനം - ലോഗോസ്. നിത്യനായ വചനം ചെറുതായി - ഒരു പുല്ക്കൂടിലിനു യോജിച്ചവിധത്തിൽ ചെറുതായി. അവിടന്ന് ഒരു ശിശു ആയി. വചനം നമ്മൾ ഗ്രഹിക്കുന്നതിനാണ്. ഇപ്പോൾ വചനം കേൾക്കപ്പെടാവുന്നതു മാത്രമല്ല. അതിനു ശബ്ദം മാത്രമല്ല ഉള്ളത്. ഇപ്പോൾ വചനത്തിന് ഒരു മുഖമുണ്ട് - നമുക്ക് കാണാവുന്ന മുഖം: നസ്രത്തിലെ യേശുവിന്റെ മുഖം. യേശു നിർവ്വഹിച്ചത് ദൗത്യമാണ്. അവിടന്ന് തന്റെ പൂർണ്ണമായ മനുഷ്യത്വം പിതാവിന്റെ ഇഷ്ടം എപ്പോഴും നിറവേറ്റുന്നു. യേശു പിതാവിന്റെ സ്വരം കേൾക്കുകയും തന്റെ മു

ഴുവൻ അസ്തിത്വത്തോടുകൂടെ അത് അനുസരിക്കുകയും ചെയ്യുന്നു. പിതാവ് തന്നോടു പറഞ്ഞത് അവിടന്നു നമ്മോടു പറയുന്നു.

“അങ്ങ് എനിക്ക് നൽകിയ വചനം ഞാൻ അവർക്കു നൽകി” (യോഹ. 17:8). നമുക്ക് നൽകപ്പെട്ടിരിക്കുന്ന ദൈവിക ലോഗോസാണ് താൻ എന്ന് അങ്ങനെ യേശു നമുക്ക് കാണിച്ചുതരുന്നു. അതേ സമയം, സ്വന്തം ഇഷ്ടം പ്രവർത്തിക്കാതെ എപ്പോഴും പിതാവിന്റെ ഇഷ്ടം നിറവേറ്റുന്ന യഥാർത്ഥ മനുഷ്യനായ പുതിയ ആദമാണു താനെന്നും. “യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു” (ലൂക്കാ. 2:52). അവിടന്ന് ദൈവവചനം പൂർണമായ വിധത്തിൽ ശ്രവിക്കുകയും സമൃദ്ധമാക്കുകയും നമുക്കു കൈമാറുകയും ചെയ്യുന്നു. യേശുവിന്റെ ദൗത്യം പെസഹാ രഹസ്യത്തിൽ ആത്യന്തികമായി നിറവേറി. ഈ മഹാരഹസ്യത്തിൽ യേശു നവീനവും ശാശ്വതവുമായ ഉടമ്പടിയുടെ വചനമെന്ന നിലയിൽ വെളിവാക്കപ്പെട്ടിരിക്കുന്നു. മനുഷ്യാവതാരം ചെയ്യുകയും ക്രൂശിക്കപ്പെടുകയും ഉയിർക്കുകയും ചെയ്ത ദൈവത്തിന്റെ വചനമായ ക്രിസ്തു എല്ലാറ്റിന്റെയും കർത്താവാണ്. ഉത്ഥിതനായ വചനം നമ്മുടെ പാതയിലെ സുനിശ്ചിതമായ പ്രകാശമാണ്. മനുഷ്യർക്ക് ആവശ്യമായിരിക്കുന്ന യഥാർത്ഥ വെളിച്ചമാണ് ദൈവവചനം.

ദൈവമായ വചനം മനുഷ്യരുടെ ഇടയിൽ വസിച്ചുകൊണ്ട് മനുഷ്യകുലത്തെ നയിക്കുകയും നവീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ആയതിനാൽതന്നെ വചനം ദൈവമാണ്, വചനം ബന്ധമാണ്.

**7. റിപ്പോർട്ട്**

**8. ഹാജർ**

**9. ചർച്ച**

1) കത്തോലിക്കാ വിശ്വാസികളായ നാം എത്രകണ്ട് വചനത്തെ സ്നേഹിക്കുകയും, വചനത്തിന്റെ നിഴലിൽ ജീവിതം ആസ്വാദിക്കാൻ താല്പര്യം കാണിക്കുകയും ചെയ്യുന്നു.

2) നമ്മുടെ കുടുംബ കൂട്ടായ്മകളിൽ പുതിയ തലമുറയെ വാർത്തെടുക്കുവാൻ വചനത്തിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് അംഗങ്ങളുടെ സ്വഭാവ രൂപീകരണത്തിന് – വികസനത്തിന് വചനത്തെ പ്രയോജനപ്പെടുത്തുവാൻ സാധിച്ചുവോ?


**10. പൊതു അറിയിപ്പ്**

**11. വിശ്വാസികളുടെ പ്രാർത്ഥന**

**12. സമാപന ഗാനം**

**13. നന്ദി**

## തിരിച്ചറിവ്




# റിമെൻഡർ




**ബ്രദ. സിബിൻ ചെറിയാൻ**
കുടപ്പനക്കുന്ന് മേരിഗിരി
സെമിനാരി വൈദികാർത്ഥി


**പ**ലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട് ആ പള്ളിമണി. ഒരു ദേശത്തെ മുഴുവൻ നിശ്ചലമാക്കുന്ന ഒന്നാണ് അത്. കടലിൽ ചുവപ്പ് പരവതാനി വിരിച്ച് ത്രിസന്ധ്യയ്ക്ക് ഊഷ്മളമായ വരവേൽപ്പ് നൽകുകയായിരിക്കും സൂര്യനപ്പോൾ. പന്തുമായി ഗോൾമുഖത്തിനുമുന്നിലെത്തിയ കളിക്കാരെ നിശ്ചലമാക്കി, കടലിനെ ജയിച്ചുവന്ന അപ്പച്ചന്മാരുടെ ലാഭനഷ്ടക്കണക്കുകളുടെ കൃത്യതയുള്ള കഥയ്ക്ക് ഇടവേള വരുത്തി, കടുപ്പമുള്ള ചായയോടൊപ്പം കൊഴുക്കുന്ന കഴമ്പുള്ള രാഷ്ട്രീയ ചർച്ചയ്ക്ക് അർധവിരാമം നൽകി ഒരു ജനതയുടെ പ്രജ്ഞയെ ദൈവവിചാരത്തിൽ മുക്കി ആ പള്ളിമണി മുഴങ്ങിയിരുന്നു. പള്ളിമണി ഉന്നുമുണ്ട് പക്ഷേ...

ഉത്തരാധുനികതയുടെ ലോകത്ത് ആവശ്യമില്ലാത്ത തൊങ്ങലുകളെ മുറിച്ചുമാറ്റിയ കൂട്ടത്തിൽ ആത്മീയതയുടെ ദൃശ്യപ്രപഞ്ചത്തിലും കത്തിവച്ചിട്ടുണ്ട്. അതുകാരണം ചില റിമൈന്റു

കളൊക്കെ നമുക്ക് നഷ്ടമായിട്ടുണ്ട്. ഒന്ന് വിപരീത ദിശയിൽ ചിന്തിക്കാൻ ആഗ്രഹിക്കുന്നു. എന്തിനാണീ റിമൈഡറുകൾ? അത് ഓർമ്മകൾ കൈമോശം വരുന്ന ചിലർക്കുവേണ്ടിയുള്ളതാണ്. 1982 ൽ നോബൽ പുരസ്കാരം നേടിയ കൃതിയാണ്, മാർകിസിന്റെ one hundred years of solitude. ഓർമകൾ നഷ്ടപ്പെട്ടുപോയി നിറയെ റിമൈഡറുകളിൽ ജീവിക്കേണ്ടിവരുന്ന സമൂഹത്തെ സൂചിപ്പിക്കുന്നുണ്ട് ഈ പുസ്തകത്തിൽ. ആ താളുകൾ ഒന്ന് മനസ്സിരുത്തി വായിക്കുമ്പോൾ ബോധ്യമാകും നിറയെ റിമൈഡറുകളുടെ നടുവിൽ സ്വയം നഷ്ടമായി ജീവിക്കുന്നതിന്റെ വ്യഥ. ക്രിസ്തുഭാഷയിൽ പറയുകയാണെങ്കിൽ കൈവശമുള്ള താലന്തിന്റെ ശരിയായ മൂല്യം മറന്നു പോകുന്ന ഭൃത്യൻ. കൊടും കാറ്റിൽ ഉലയുന്ന വഞ്ചിയിലാണെങ്കിലും അവിചാരിതമായാണ് ഫാ. ലൂക്ക് എഴുതിയ 'വിചാരതൃഷ്ണ' എന്ന പുസ്തകം കൈയിലെത്തിയത്. അതിൽ മറ്റൊരുചിന്ത ഇങ്ങനെയാണ്, മതാത്മകതയിൽ ജീവിക്കുന്നവർക്കാണ് റിമൈഡറുകളുടെ കൂട്ട് വേണ്ടതെന്നും ആദ്ധ്യാത്മികതയിലുള്ളവർ സ്വത്വം മനസ്സിലാക്കിയവരാണെന്നുമുള്ള ഒരു ധ്വനി. മതാത്മകത അടിച്ചമർത്തലിനും ആദ്ധ്യാത്മികത രൂപാന്തരീകരണത്തിനും സഹായിക്കുന്നു എന്നൊരു കൂട്ടിച്ചേർക്കലും പുസ്തകത്തിലുണ്ട്. സ്വയം ആരാണെന്ന് കണ്ടെത്തുന്നവരൊക്കെയാണ് ഈ ആദ്ധ്യാത്മികതയുടെ തലത്തിലുള്ളവർ. വേദപുസ്തകം തന്നെ ഉദാഹരണം നൽകുന്നുണ്ട്. സമരിയാക്കാരന്റെ ഉപമയിലെ പുരോഹിതനും, ലേവായനും മതാത്മകതയുടെ ശീർഷകം പേറുന്നവരും താൻ ഒരു മനുഷ്യനാണെന്നും അവിടെ മുറിവേറ്റുകിടക്കുന്നവൻ എന്റെ സഹോദരനാണെന്നും തിരിച്ചറിയുന്ന സമരിയാക്കാരൻ ആത്മീയതയുടെ മേലങ്കിയണിഞ്ഞവനുമാണ്.


പള്ളിയും, പള്ളിനിയും കുരിശും, കുരിശുപള്ളിയും അങ്ങനെ നീളുകയാണ് മുന്നിലുള്ള റിമൈഡറുകളുടെ നിര. ഈ ക്വാറന്റൈൻ കാലത്ത് ഒന്നു ചിന്തിച്ചുനോക്കാം ഈ റിമൈഡറുകളുടെ അഭാവത്തിൽ എന്റെ ആത്മീയതയ്ക്ക് എന്ത് സംഭവിക്കുന്നു? മെറ്റാഫിസിക്കലായ ദർശനങ്ങളിലേക്ക് ഒന്നും സഞ്ചരിക്കേണ്ട, ചില ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിച്ചാൽ മാത്രം മതി.

ഞാൻ എന്നെ കണ്ടെത്തിയോ? കൂടെയുള്ളവന്റെ കണ്ണിലേക്ക് ഞാൻ നോക്കിയോ? ആ നസ്രയേനും ഞാനും തമ്മിൽ എന്തെന്ന് മനസ്സിലാക്കിയോ?

ബോബി ജോസ് കട്ടിക്കാടിന്റെ 'പുലർവെട്ടം' പരമ്പരയിലെ ഒന്നാമത്തെ പുസ്തകത്തിൽ ഫെബ്രുവരി 26 എന്ന തീയതിയിലെ ഒരു ചെറിയ കുറിപ്പുണ്ട്. ആത്മീയതയുടെ വെളിച്ചത്തിൽ ജീവിക്കാനാഗ്രഹിക്കുന്ന പ്രിയ വായനക്കാരാ തുടർ വായനയായി ആ കുറിപ്പും കൂടി പരിഗണിക്കുക. ■

## സ്മരണാഞ്ജലി

25–ാം ചരമവാർഷികം



**ലോർദ്ദോൻ**
പുതിയതുറ

40–ാം ചരമവാർഷികം



**ആർ. ജെ. ലില്ലിക്കുട്ടി**
പുതിയതുറ

8–ാം ചരമവാർഷികം



**ജെസയ്യൻ**
പുതിയതുറ

8–ാം ചരമവാർഷികം




**കൊച്ചുത്രേസ്യ**
മാർത്താണ്ഡംതുറ

3–ാം ചരമവാർഷികം



**വി. ജെ. വർഗീസ്**
കണ്ണാന്തുറ

32–ാം ചരമവാർഷികം



**ജെറമിയാസ്**
പുതിയതുറ

25–ാം ചരമവാർഷികം




**ക്രിസ്റ്റീന സെലസ്റ്റീന**
പുതിയതുറ

17–ാം ചരമവാർഷികം




**ലീയർ ഡിക്രൂസ്**
(സെൻട്രൽ എക്സൈസ്, കണ്ണാന്തുറ)

37–ാം ചരമവാർഷികം



**റൈമത്തൂസ്**
വൈസ് പ്രസിഡന്റ്, കൊല്ലങ്കോട്

3–ാം ചരമവാർഷികം



**ജെറമിയാസ് ജോസഫ്**
പുതിയതുറ

1–ാം ചരമവാർഷികം



**പുതോൻസ്വാൾ**
പുതിയതുറ

## നേർക്കാഴ്ച

ജെ.സി.



# നാർക്കോട്ടിക് ജിഹാദ്

നാർക്കോട്ടിക്സ് ഒരു സാമൂഹ്യവിപത്താണ്. അതിനെതിരെ നാം ജാഗ്രത പുലർത്തണം. അത് എല്ലാപേരെയും ബാധിക്കുന്ന പ്രശ്നമാണ്. ഹിന്ദുക്കളെയും മുസ്ലീംങ്ങളെയും ക്രിസ്ത്യാനികളെയും ഇതൊന്നുമല്ലാത്തവരെയും ബാധിക്കുന്ന പ്രശ്നമാണെന്നതിൽ എതിരഭിപ്രായമുണ്ടാകാനിടയില്ല. പക്ഷേ ഇത്രയും വലിയൊരു സാമൂഹിക വിപത്ത്, അതിലും ഭീകരമായ തീവ്രവാദ സംഘടനകൾ ഉപകരണമാക്കുന്നു എന്ന ആരോപണം ഒരു രൂപതാധ്യക്ഷൻ നടത്തുമ്പോൾ അതിനെ അതീവഗൗരവമായി തന്നെ കാണണം. അന്വേഷണം തന്നെ നടക്കണം. 'ജിഹാദ്' എന്ന അറബി വാക്കിന് സ്വയശുദ്ധീകരണം എന്നാണ് അർത്ഥം എന്ന് പറയപ്പെടുന്നു. പക്ഷേ, ഇതേ വാക്കിന്റെ അർത്ഥങ്ങളേയും വ്യാപ്തിയേയും കുറിച്ച് മതപണ്ഡിതർക്കിടയിൽപോലും ഏകരൂപ്യമില്ല. അതുകൊണ്ടുതന്നെ പലരും പല വ്യാഖ്യാനങ്ങൾ നൽകുന്ന ഈ പദത്തെയും അതുൾപ്പെടുന്ന വിശ്വാസ സംഹിതയെയും ചേർത്ത് പാലാ രൂപതാ മെത്രാൻ കുറവിലങ്ങാട് പള്ളിയിൽ നടത്തിയ ഒരു പ്രസംഗം വിവാദമായത് സ്വാഭാവികമാണ്. അതിന്റെ ശരിതെറ്റുകളിലേക്ക് ഞാൻ കടക്കുന്നില്ല. ഇക്കാര്യത്തിൽ ക്രൈസ്തവസഭയിലെ ഇതര സഭാവിഭാഗങ്ങളും വിവിധ രാഷ്ട്രീയ പാർട്ടികളും വിവിധ മുന്നണികൾക്കുള്ളിലെ വിവിധ പാർട്ടികളും വ്യത്യസ്ത നിലപാടുകളാണ് എടുത്തിരിക്കുന്നത്. ബിജെപിയെന്ന ദേശീയ പാർട്ടി മാത്രമാണ് നിരുപാധികം പാലാ രൂപതാ മെത്രാന്റെ പ്രസംഗത്തെ ശരിവച്ചത്. എന്നാൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രസംഗം പഠനവിഷയമാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു.

കെസിബിസി മറ്റൊരു വിമർശനം കൂടി ഇപ്പോൾ ബിജെപിയുടെ നിലപാടിനെ ചോദ്യംചെയ്തുകൊണ്ട് നടത്തുകയുണ്ടായി. ക്രൈസ്തവരോട് ഒരിക്കലുമില്ലാത്ത സ്നേഹമാണ് ബിജെപി നേതാക്കൾ ഇപ്പോൾ കാട്ടുന്നത്. ഫാ. സ്റ്റാൻ സ്വാമിയെ ജയിലിലടച്ച് മാനസികമായി പീഡിപ്പിച്ചപ്പോൾ, മാവോയിസ്റ്റായി ചിത്രീകരിച്ചപ്പോൾ, ഭാരതത്തിന്റെ മെത്രാൻ സമിതിയെ പ്രതിനിധീകരിച്ച് മൂന്നുറീത്തുകളിലുമുള്ള മൂന്ന് കർദ്ദിനാൾമാർ ഇന്ത്യൻ പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് അദ്ദേഹത്തിന്റെ നിരപരാധിത്വം വിശദീകരിച്ചപ്പോൾ അക്കാര്യത്തിൽ ഒരു ചെറുവിരൽപോലും അനക്കാത്ത ബിജെപിയാണ് ഇപ്പോൾ ക്രൈസ്തവരെ സഹായിക്കാനെന്ന വ്യാജേന രംഗത്തുവന്നിരിക്കുന്നത്.

കേരളത്തിന്റെ പശ്ചാത്തലത്തിൽ ന്യൂനപക്ഷ സമൂഹങ്ങളെ അവഗണിച്ചുകൊണ്ട് സവർണ്ണ ഹിന്ദുത്വ അജണ്ട നടപ്പിലാക്കുക അത്ര എളുപ്പമല്ല. അതിനുള്ള ഒരു വഴി ന്യൂനപക്ഷങ്ങളെ തമ്മിലടിപ്പിക്കുകയാണ്. ആരെയാണോ ഉപദ്രവിക്കേണ്ടത് അവരെ ഉപയോഗപ്പെടുത്തിയാണ് ഹിന്ദുത്വ അജണ്ട ഇവിടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഇത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ദളിത് പെൺകുട്ടികൾ ക്രൂരമായി ആക്രമിക്കപ്പെടുന്ന സമകാലിക സംഭവങ്ങൾ സവർണ്ണ ഹിന്ദുത്വത്തിന്റെ ശൈലിയാണ് പ്രകടമാക്കുന്നത്. 2006 ലും 2008 ലും ഒറിസയിലെ കാരുമാലിൽ ക്രൈസ്തവർ ആക്രമിക്കപ്പെട്ട സംഭവം നാം മറക്കരുത്. ഇതു പറയുമ്പോഴും മുസ്ലീം സമുദായത്തിലുള്ള തീവ്രവാദ സംഘങ്ങളുടെ 'ജിഹാദ്' സമീപനം എന്തുവിലകൊടുത്തും നാം നേരിടേണ്ടതാണ് എന്ന കാര്യം മറക്കുന്നില്ല. അതിന് ഒരു മതവിഭാഗത്തെ പൊതുവായി വിമർശിക്കരുത് എന്ന കാര്യം മാത്രം സൂചിപ്പിക്കുന്നു. എന്തുവിലകൊടുത്തും മതമൈത്രി വളർത്തിയെടുക്കാനുള്ളബോധപൂർവമായ ഉത്തരവാദിത്വം ക്രൈസ്തവ സമൂഹത്തിനുണ്ട് എന്ന കാര്യം വിസ്മരിക്കരുത്. ■


25% FEE OFF
BPL & SC/ST
ST.XAVIER'S
COMPUTER CENTRE
WE BELIEVE IN DIVERSITY
ADMISSION
OCTOBER 2021 ARE OPEN
FUTURE
DEPENDS ON
WHAT YOU DO
TODAY..
ENROL
NOW
WE OFFER
OFFLINE COURSES
PGDCA, ADCTT
DCA, DCFM
DIM, DOA
DIFA, DDTP
WEB DESIGN
CDTP, CIFA, DOT NET
CCAD, CCA, LINUX
CDECO, TALLY
PYTHON, JAVA
ORACLE, PHP
An Initiative of TSSS
An Educational Partner of C-DIT (Govt. of Kerala)
2333607, 9847119635
www.stxavierscomputercentre.in

Total Page 44 Pub. Date : 01.10.2021
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00

# വിശുദ്ധ മിഖായേൽ ദൈവാലയം

## പെരിങ്ങമ്മല

തിരുവനന്തപുരം ലത്തീൻ അതിരൂപത



# വി. മിഖായേൽ മാലാഖയുടെ തിരുന്നാളും ശതാബ്ദി ആഘോഷവും

**2021 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 3 വരെ**

## തിരുനാൾ തിരുകർമ്മങ്ങൾ 2021 OCT. 3 SUNDAY

രാവിലെ 6.45 ന് **ദിവ്യബലി**. വൈകിട്ട് 5 ന് ജപമാല, ലിറ്റിനി, നൊവേന

വൈകിട്ട് 6 ന് **ആഘോഷമായ തിരുനാൾ സമൂഹബലി**

മുഖ്യകാർമികൻ: **റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**
നെയ്യാറ്റിൻകര രൂപതാ മെത്രാൻ

**തുടർന്ന് ശതാബ്ദി ആഘോഷ കർമ്മപരിപാടികളുടെ ഉദ്ഘാടനവും വൈദികരെയും സന്യസ്തരെയും കോവിഡ് സന്നദ്ധ സേനാംഗങ്ങളെയും ആദരിക്കൽ. സ്നേഹവിരുന്ന്, കൊടിയിറക്ക്**

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto